[SB & KPB] King Lear കഥകളി രൂപത്തിൽ ചെയ്യാൻ പോകുന്നു. Carita Singapura എന്നു സിംഗപ്പൂർ ചരിത്രവും കഥകളി രൂപത്തിൽ ചെയ്തു. ഇതിലെ കഥ മലയ ഭാഷയിലാണ് ചെയ്തിട്ടുള്ളത്. മലയ ആണല്ലോ സിംഗപ്പൂറിന്റെ രാജ്യ ഭാഷ (national language). ആട്ടക്കഥ എഴുതാൻ ഒരു മലയ കവിയെ ഏർപ്പെടുത്തി. അദ്ദേഹത്തിന്റെ വരികൾക്കു, സോപാന സംഗീത ശൈലിയിൽ (കഥകളി സംഗീത ശൈലിയിൽ) തന്നെ രൂപപ്പെടുത്തി അവതരിപ്പിക്കുകയായിരുന്നു. അതുപോലെ Mandarin Chinese ഭാഷയിലും ആട്ടക്കഥയുണ്ടാക്കി അവതരിപ്പിച്ചിട്ടുണ്ട്. യൂനിവേർസിറ്റിയിലെ (NUS - National University of Singapore) ചൈനീസ് ആയ Dr Graant ആയിരുന്നു, ഇതിനുവേണ്ടി വരികളെഴുതിയത്. ചിട്ടയ്ക്കോ, കഥകളിയുടെ സ്വഭാവത്തിനോ ഒരു മാറ്റവും വരുത്തിയിട്ടില്ല. നേരത്തെ പറഞ്ഞ "ചരിത സിംഗപ്പൂര" എന്ന മലയ ഭാഷയിലുള്ള കഥകളി മെക്സിക്കോയിൽ 29 ദിവസം കളിച്ചു. നളനോ, ദമയന്തിക്കോ, രാമായണത്തിനോ നൽകാൻ കഴിയാത്ത ഒരു സിംഗപ്പൂർ flavour ഇതുവഴി നൽകാൻ കഴിഞ്ഞു. 2 workshop ഉം അവിടെ നടത്തി. അവർക്കെല്ലാം നല്ല അഭിപ്രായമായിരുന്നു.

അതുപോലെ Dr Chua രാമായണത്തെ Chinese Opera Style -ൽ ചൈനയിൽ അവതരിപ്പിച്ചപ്പോൾ ഞങ്ങളുടെ സഹായമുണ്ടായിരുന്നു. ഞങ്ങൾ ആദ്യം നൽകിയ മാരീചനെ പിൽകാലത്തിൽ അദ്ദേഹം തന്നെ സ്വയം അവതരിപ്പിക്കാറുണ്ട്.



[Q] വേറേമലയാളി കലാരൂപങ്ങളുടെ അവതരണം...?

[SB & KPB] മോഹിനിയാട്ടം ഇവിടെ പഠിപ്പിക്കുന്നുണ്ട്. ഞങ്ങൾ തായ്‌ലാന്റിൽ രാജാവിന്റെ 7th cycle birthday anniversary celebrations നു അതായതു 84 ാമത്തെ പിറന്നാൾ ആഘോഷത്തിനു സിംഗപ്പൂറിനെ പ്രതിനിധീകരിച്ച് പോയിരുന്നു. ഒരു International Ramayana Festival ന്റെ ഭാഗമാകാൻ. അതിൽ ഞങ്ങളുടെ പാർട് ശൂർപ്പണഖയുടേതായിരുന്നു. ഓരോ രാജ്യം രാമായണത്തിന്റെ ഓരോ ഭാഗം എടുത്ത് അവതരിപ്പിക്കുകയായിരുന്നു. ഇന്ത്യയിൽ നിന്നു കഥകളി ആയിരുന്നു. ഞങ്ങൾ മോഹിനി യാട്ടം, ഭരത നാട്യം, കഥകളി എന്നീ കലാ രൂപങ്ങൾ അവതരിപ്പിച്ചു. ഞങ്ങൾക്ക് കേരള കലാരൂപങ്ങൾ മാത്രമായി അവതരിപ്പിക്കാനും പരിപാടിയുണ്ട്.

ഒരു ഓണക്കാലത്ത്. കേരളത്തിന്റേതായി 400 ഓളം കലാരൂപങ്ങൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. സ്വാമി വിവേകാനന്ദ ചരിതം ഓട്ടൻ തുള്ളൽ രൂപത്തിലും ഉണ്ടെന്നു രാമകൃഷ്ണ മിഷനിലെ സ്വാമിമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. നമുക്കു കിട്ടിയാൽ അതും ഉപയോഗപ്പെടുത്താം.

[Q] ഫ്യൂഷനെ പറ്റി. ദീക്ഷിതർ പോലും Western Music fusion കൃതികൾ ചെയ്തിട്ടുണ്ടല്ലോ...

[SB & KPB] അതേ. ഫ്യൂഷൻ ചരിത്ര കാലത്ത് തന്നെ ഉണ്ടായതാണ്. പഴയ കാലത്തേയും, ഇന്നത്തേയും വേഷ വിധാന ശൈലി തന്നെ പരിശോധിച്ചാൽ ഇതു വ്യക്തമാകും. എന്തൊക്കെയായാലും, നമ്മുടെ values ഉം traditions ഉം വിടാതെ വേണം മാറ്റങ്ങളുണ്ടാക്കാൻ.

ഇപ്പോൾ മലയാള ഭാഷയുടെ ഉപയോഗം തന്നെ ശ്രദ്ധിക്കുക. എത്ര പേർ ശുദ്ധ മലയാളം ഉപയോഗിക്കുന്നു. ഉപയോഗിക്കാൻ അറിയാം. ഇങ്ങനെയുള്ള പ്രയോഗങ്ങൾ അത്ര നല്ല ഒരു രീതി ആണെന്ന് തോന്നുന്നില്ല.

[Q] ഇന്ത്യൻ ക്ളാസ്സിക്കൽ കലാരൂപങ്ങൾക്ക് സിംഗപൂരിൽ ഭാവിയുണ്ടോ?

[SB & KPB] തീർച്ചയായും. ഇന്ത്യാക്കാർ എവിടെയുണ്ടോ, നമ്മുടെ കലാരൂപങ്ങളുമുണ്ടായിരിക്കും. ക്ളാസ്സിക്കൽ കലാരൂപങ്ങൾ ഒരിക്കലും മരിക്കില്ല. എപ്പോഴെങ്കിലും കുറച്ച് വീഴ്ച്ച സംഭവിക്കുമ്പോൾ ആരെങ്കിലും അതിനെ ഉദ്ധരിക്കാൻ ഉണ്ടായിരിക്കും. യാതൊരു സംശയവുമില്ല. ഇവിടെയല്ലെങ്കിൽ മറ്റെവിടെയെങ്കിലും. നമ്മുടെ കല പല രാജ്യങ്ങളിലായി പരന്നു കിടക്കുന്നു. തയ്‌ലാന്റ്, കംബോഡിയ എന്നിങ്ങനെ പലയിടങ്ങളിലായി.

[Q] സിംഗപ്പൂരിൽ ഗവണ്മെന്റ് support..

[SB & KPB] ഇവിടുത്തെ ഗവണ്മെന്റ് നമ്മുടെ കലാ രൂപങ്ങളെ പൂർണമായും സപ്പോർട് ചെയ്യുന്നു. മറ്റൊരിടത്തും ഇതുപോലെ ഉണ്ടെന്നു തോന്നുന്നില്ല. ഒരു പക്ഷേ ഇന്ത്യയിൽ പോലും. ഞങ്ങൾക്ക് ഗവണ്മെന്റ് ഒരു വാർഷിക സഹായം (annual grant) നൽകുന്നുണ്ട്. സിംഗപ്പൂരിൽ ഇങ്ങനെ നല്കപ്പെടുന്ന ഒരേ ഒരു സംഘടന ഞങ്ങളുടേതായിരിക്കും. പക്ഷെ അതിനു വേണ്ടി ഒരുപാടു paper work ചെയ്യേണ്ടതുണ്ട്. സുതാര്യത അതായത് transparency യാണ് വേണ്ടത്.

[Q] ഇന്ത്യയിലെ ഗവണ്മെന്റും, മറ്റു കലാ സംസ്കാരിക സംഘടനകളുമായുള്ള ബന്ധം... ICCR മുതലായവ..

[SB & KPB]ഞങ്ങൾ ICCRന്റെ ക്ഷണപ്രകാരം ഇന്ത്യയിൽ ടൂർ നടത്തിയിട്ടുണ്ട്. അയോധ്യയിൽ പോലും രാമായണം അവതരി പ്പിച്ചിട്ടുമുണ്ട്. കഥകളിയും അവതരിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ നെഹ്രുവിന്റെ കാലത്ത്, 1962ൽ, റിപബ്ലിക് ദിന പരിപാടികൾക്ക് (Republic Day Functions) ഡൽഹിയിലേക്ക് ക്ഷണിച്ച് അവിടെ പോയിട്ടുണ്ട്. ഞങ്ങളുടെ ചില അദ്ധ്യാപകർ മദ്രാസ്സിലെ കലാക്ഷേത്രയിൽ നിന്നാണ്. മോഹിനിയാട്ടം ട്യൂട്ടർ കലാമണ്ഡലത്തിൽ നിന്നും.കൂടുതൽ ഒഫീഷ്യൽ ലെവെൽ ബന്ധങ്ങൾക്ക് ശ്രമിച്ചിട്ടുണ്ടെങ്കിലും പൂർണമായി വിജയപ്രദങ്ങളായി ആ ശ്രമങ്ങൾ എന്നു പറയാനാവില്ല. അതിനു പല കാരണങ്ങളും ഉണ്ടായിരുന്നു. ഇവിടുത്തെ പല സംഘടനകളും ഞങ്ങൾ ചെയ്ത കാര്യങ്ങൾ copy ചെയ്യാറുണ്ട്. അതൊരു തരത്തിലെ പ്രശംസയായെടുക്കുന്നു.

[ed.] Imitation is the best form of praise!!

[Q] Challenges that you face...

[SB & KPB] People can't make art a full time profession in Singapore, especially in classical arts. ഇതാണൊരു പ്രധാന challenge. മറ്റെല്ലാ പ്രൊഫഷനും ഇതിനെക്കാൾ വരുമാനം ഉണ്ടാക്കാം. പക്ഷെ അതിന്റെ ഗുണമെന്തെന്നാൽ, ഇതിൽ, കലാ പ്രവർത്തനത്തിൽ, commitment ഉം, passion ഉം ഉള്ളവർ മാത്രമേ നില്ക്കുയുള്ളൂ. അങ്ങനെ passion ഉം, interest ഉം ഉള്ളവർ എല്ലാ കാലത്തും ഉണ്ടാകയും ചെയ്യും. ഞങ്ങളുടെ ഒരു





grand daughter ഉണ്ട്. SOTA യിൽ പഠിക്കുന്നു. അവൾക്ക് ഡാൻസ് ഒരു passion ആണ്. she just wants to dance. Not study... അവൾ graduation കഴിഞ്ഞ് ഇവിടെ വന്നു ജോലി ചെയ്യാമെന്ന് പറയുന്നു. എന്തായാലും Indian art will survive. No doubt about it.

[Q] കലയുടെ ഉദ്ദേശം? art for art's sake or art for social welfare. പഴയ ഒരു പ്രശ്നം?

[SB & KPB] രണ്ടും പ്രധാനമാണ്. എന്തായാലും social commitment വേണം. society ഇല്ലാതെ കല ഇല്ല. art should be for man and society. Indian art is essentially spiritual. ആ ഒരു ആത്മീയത ഇല്ലെങ്കിൽ ഇതു വെറുമൊരു money making profession ആയി മാറും. ജീവിക്കാൻ പണം വേണം. പക്ഷേ അതു മാത്രം ലക്ഷ്യം ആയാൽ വളരെ പ്രശ്നമാവും. ഒരു balanced life ആണ് ആവശ്യം. അതു പോലെ തന്നെ കലാകാരന്മാർക്ക് ന്യായമായ വേതനം നൽകാതെ പറ്റിക്കാനും പാടില്ല. അവർക്കു വേണ്ട ന്യായമായ compensation നൽകുക തന്നെ വേണം. എന്നാലെ കല നില നിൽക്കുകയുള്ളു.

[Q] സിംഗപ്പൂരിലെ മലയാളി കമ്മ്യൂണിറ്റിയെ പറ്റി...

[SB & KPB] മലയാളികളെയോ, മലയാളി സംഘടന തലവന്മാരെയോ ഞങ്ങളുടെ classical programmes ൽ അധികമൊന്നും കണ്ടിട്ടില്ല. ഒരു സഹകരണ മനോഭാവം എല്ലാവർക്കും നല്ലതാണെന്നു തോന്നുന്നു.

[Q] താങ്കളുടെ Malayali Identity യെ പറ്റി

[SB] എന്റെ അമ്മയും അമ്മൂമ്മയും പഠിപ്പിച്ചു തന്നതാണ് ഞാൻ ചെയ്യുന്നത്. ഞാൻ ഒരു vegetarian ആണ്. ഭക്ഷണം മലയാളി ഭക്ഷണമാണ് പ്രിയം. North Indian food പോലും അത്ര ഇഷ്ടമില്ല. സാരിയും മുണ്ടുമല്ലാതെ ഡ്രസ് ഉപയോഗിക്കാറില്ല. Western ഉം, പഞ്ചാബി സ്യൂട്ടും ഇടാറില്ല. ചില മലയാളി customs നെ പറ്റി അധികം അറിയില്ല. ഉദാഹരണത്തിനു കല്യാണം നടത്തുന്നത്. കുട്ടികളെ കഴിയുന്നത്ര മലയാളവും പഠിപ്പിച്ചു. പക്ഷേ അത്രത്തോളം വിജയപ്രദമായില്ല. ഇവിടുത്തെ വിദ്യാഭ്യാസം വളരെ പ്രയാസപ്പെട്ടതാണ്. മലയാളം സ്കൂളിൽ പഠിക്കാനും പറ്റില്ല.

[ed] ഇപ്പോൾ MLES, Malayalam Language education Society എന്ന ഒരു സംഘടന മലയാളത്തെ



സിംഗപ്പൂരിലെ സ്കൂൾ curriculum തിൽ ഉൾപ്പെടുത്തിക്കിട്ടാൻ അക്ഷീണ യത്നം ചെയ്യുന്നു.

[SB] ഞങ്ങളുടെ കുട്ടികളുടെ കാലത്ത് അതൊന്നും ഉണ്ടായിരുന്നില്ല. ഓണം വിഷു എന്നീ ഉൽസവങ്ങളെല്ലാം പൂർണമായും celebrate ചെയ്യുന്നുണ്ട്

[Q] Message to the Malayalees, മലയാളികൾക്കായി ഒരു സന്ദേശം...

[SB] We all should ask who we are and appreciate being a Malayali

[KPB] ഇന്ത്യയിലെ സംസ്കാരങ്ങളിൽ തന്നെ ഉയർന്ന ഒന്നാണ് നമ്മുടേത്. അതു കഴിയുന്നതും നില നിർത്തുന്നതും പാലിക്കുന്നതും മലയാളിയുടെ കടമയാണ്.

[SB & KPB] ഒരു 100 - 150 വർഷം കഴിഞ്ഞു നോക്കുമ്പോൾ ഈ ഒരു communityയെ പറ്റി അറിയാനായി നമ്മൾ ഒരുമിച്ച് എന്തെങ്കിലും ചെയ്യണം. അല്ലെങ്കിൽ നമ്മുടെ സംസ്കാരം ഇല്ലാതെയാകും, കാണാതെയാകും. വരുന്ന Indian Heritage Project ലും നമ്മുടെ ഒരു active presence വേണം. ഞങ്ങളുടെ പൂർണ സഹായ സഹകരണങ്ങൾ എല്ലാ മലയാളി സംരംഭങ്ങൾക്കും പ്രതീക്ഷിക്കാം. എല്ലാ മലയാളികൾക്കും ഒരു സന്തോഷപ്രദമായ ഓണം ആശംസിക്കുന്നു. എല്ലാവർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു. ▲







# BLOOD PRESSURE

Dr V P Nair, *MBBS, MRCP(UK), MRCP(Ireland), FAMS (Cardiology-Singapore), MRCGP(UK), FRCP(Edinburgh), FRCP(Ire), FRCGP(UK), FRCP(London), FACC (USA), FESC (Europe), PBM*

**Introduction: Blood pressure** (BP): refers to the arterial pressure. It is due to the pumping action of the heart and the pressure exerted by circulating blood upon the walls of blood vessels. During each heartbeat, blood pressure varies between a maximum (systolic) and a minimum (diastolic) pressure expressed as for example 130/80 millimetres of mercury (mmHg).

**Hypertension** means high blood pressure. **Hypotension** means low blood pressure.

**Types of Hypertension:**

1. **Primary hypertension**: In around 95%, no definite cause of high blood pressure is found. This is called essential or primary hypertension.
2. **Secondary hypertension**: Secondary hypertension means secondary to an identifiable cause. This is rare and only 5% of hypertension belong to this category

   Causes of Secondary Hypertension are (a) Chronic kidney disease, (b) Disorders of the adrenal gland (pheochromocytoma, hyperaldosteronism, Cushing syndrome), (c) Pregnancy when there is preeclampsia, (d) Birth control pills, diet pills, some cold medications, and migraine medications, (e) Narrowed artery that supplies blood to the kidney (renal artery stenosis), (f) Hyperparathyroidism, (g) Coarctation of aorta, (h) Sleep apnoea

**Symptoms**

In most cases, there are no symptoms. Because there are no symptoms, people can develop heart disease and kidney problems without knowing that they have high blood pressure.

**Malignant hypertension:** Severe headache, nausea, vomiting, confusion, changes in vision, or nosebleeds may indicate severe and dangerous form of high blood pressure called malignant hypertension.

Check blood pressure several times before diagnosing hypertension. Blood pressure readings taken at home may be better. Take blood pressure correctly with a good BP set. Your doctor will perform a physical examination to look for signs of heart disease, damage to the eyes, and other organs.

**Investigations include the following tests:**

- Electrocardiogram, Echocardiogram, and exercise stress test.
- Blood tests, urinalysis or ultrasound of the kidneys

**Treatment** (The goal of treatment is to reduce blood pressure and lower risk of complications)

- Eat a healthy diet, including low fat, low salt and high fibre food. Drink enough water.
- Exercise regularly - at least 30 minutes of aerobic exercise a day.
- Quit smoking
- Limit alcohol - one drink a day for women, two a day for men.
- Limit salt - less than 1.5 gram per day.
- Reduce or avoid stress. Try meditation or yoga.
- Aim a healthy diet and body weight.
- Keep the BMI <=23cm2/kg if possible

**Medical Treatment:** There are many different medicines to treat high blood pressure. Often, a

single blood pressure drug may not be enough. You may need to take two or more drugs. If you have side effects, your doctor can substitute a different medication.

**Renal denervation (RDN)**: RDN is the new treatment for resistant hypertension. A special catheter is introduced through the femoral artery in the groin and is threaded through the renal artery near each kidney. Once in place, the tip of the catheter delivers low-power radio frequency (RF) energy to modulate the surrounding sympathetic nerves.

**Prognosis** (Expectations) : Most of the time, high blood pressure can be controlled with medicine and lifestyle changes. Occasionally surgical correction is needed for secondary hypertension.

**Complications**

When BP is not well controlled, you are at risk for:

- Bleeding from the aorta, the large blood vessel that supplies blood to the abdomen, pelvis, and legs
- Chronic kidney disease
- Heart attack and heart failure
- Poor blood supply to the legs
- Stroke
- Problems with your vision
- Check Blood pressure regularly, especially if someone in your family has or had high blood pressure.

**Prevention**

Adults over 18 should check blood pressure regularly. Modify, treat, or control possible causes of high blood pressure.

**Target BP levels:**

1. NON-DIABETIC- 140/90 mmHg or less
2. DIABETIC- 140/80mmHg or less
3. Diabetic at greater risk 130/80 mmHg or less

Dr VP Nair is a Consultant Cardiologist at:
Mount Elizabeth Medical Centre, 3, Mount Elizabeth #16-08, (16th floor) Singapore 228510
Mount Elizabeth Medical Specialist Centre, Mount Elizabeth Novena Specialist Centre, 38 Irrawaddy Road #07-35 Singapore 329563 Tel: 6570 2901, 65702903



# ദൈവം ഏൽപ്പിച്ചു തന്ന കുട്ടികൾ?

## അഷ്ടമൂർത്തി

ജൂലായ് 24ന്റെ മാധ്യമം പത്രത്തിൽ പുതിയ ഒരു പുസ്തകത്തേക്കുറിച്ച് സ്വന്തം ലേഖകന്റെ ഉജ്ജ്വലമായ റിപ്പോർട്ടുണ്ടായിരുന്നു. പുസ്തകത്തിന്റെ പേര്: Does He Know a Mother's Heart? ഉപശീർഷകമായി ഇങ്ങനെയും: How Suffering Refutes Religions?.

പുസ്തകം അരുൺ ഷൂരിയുടേത്. അവൻ എന്നാൽ ഷൂരിയുടെ മകൻ ആദിത്.

അരുൺ ഷൂരി എഴുതുന്നു: "നിങ്ങളുടെ അയൽക്കാരന് ഒരു മകനുണ്ട്. അവനിപ്പോൾ മുപ്പത്തഞ്ചു വയസ്സുണ്ട്. പ്രായം വെച്ചുനോക്കുമ്പോൾ നല്ലൊരു ചെറുപ്പക്കാരൻ. മകൻ എന്തു ചെയ്യുന്നുവെന്ന് പലരും ചോദിയ്ക്കും. നേരെ ചൊവ്വെ ഇരിയ്ക്കാൻ പോലും വയ്യാത്ത ഈ യുവാവ് എന്തു ചെയ്യാനാണ്?"

ദാമ്പത്യത്തിന്റെ എട്ടാം വർഷത്തിലാണ് ആദിത് പിറന്നത്. അവൻ ജന്മനാ അംഗസ്വാധീനം ഇല്ലാത്തവനാണ്. കുനിന്മേൽ കുരു എന്ന പോലെ നാൽപത്തിരണ്ടാം വയസ്സിൽ ഷൂരിയുടെ ഭാര്യ അനിതയ്ക്ക് പാർക്കിൻസൺസ് രോഗം പിടിപെട്ടു. ഇന്ന് അദ്ദേഹത്തിന്റെ ദിവസങ്ങൾ രോഗിയായ ഭാര്യയ്ക്കും ബുദ്ധിമാന്ദ്യമുള്ള മകനുമിടയിൽ ഉരുകിത്തീരുകയാണ് എന്ന് ലേഖകൻ എഴുതുന്നു.

എൺപതുകളിൽ ഇന്ത്യൻ പത്രലോകത്തെ പുലിയായിരുന്നു അരുൺ ഷൂരി. രാംനാഥ് ഗോയങ്കയുടെ ഓമന. ഇന്ത്യൻ എക്സ്പ്രസ്സിന്റെ നിർവഹണപത്രാധിപരായിരുന്ന കാലത്ത് ഇന്ദിരാഗാന്ധിയേയും മഹാരാഷ്ട്ര മുഖ്യമന്ത്രി എ. ആർ. ആന്തുലെയേയും തന്റെ പേന കൊണ്ട് വിറപ്പിച്ച ആൾ. ബോംബെയിലെ പത്രപ്രവർത്തന പഠനക്കാലത്ത് ഞങ്ങളുടെയൊക്കെ ആരാധ്യ പുരുഷനായിരുന്ന അരുൺ ഷൂരി. അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ ഉപജ്ഞാതാവ്. എല്ലാ ആൺകുട്ടികളും അരുൺ ഷൂരിയാവാനും പെൺകുട്ടികൾ ശോഭാ ഖിലാചന്ദ് (ഇന്നത്തെ ശോഭാ ദേ) ആവാനുമായിരുന്നു ആഗ്രഹിച്ചിരുന്നത്. ഷൂരിയുടെ പ്രഭാവകാലത്ത് അദ്ദേഹത്തിന് നിരവധി ശിഷ്യന്മാരുണ്ടായിരുന്നു. പെൺവാണിഭം ഇന്ത്യയിൽ നിലവിലുണ്ടെന്നു തെളിയിയ്ക്കാൻ കമല എന്ന പെൺകുട്ടിയെ 2300 ഉറുപ്പികയ്ക്ക് മദ്ധ്യപ്രദേശിലെ ധോൾപൂരിൽനിന്നു വാങ്ങിക്കൊണ്ടുവന്ന് ബോംബെയിൽ പ്രദർശിപ്പിച്ച് ലോകത്തെ ഞെട്ടിച്ച അശ്വനി സരിൻ എന്ന പത്രലേഖകൻ അവരിലൊരാളായിരുന്നു. ഒരശ്വനി സരിൻ എങ്കിലുമായാൽ മതിയായിരുന്നു അന്നു ഞങ്ങൾക്ക്.

അരുൺ ഷൂരി അന്നേ ഹിന്ദുത്വവാദിയായിരുന്നു. ബി. ജെ. പി. അനുഭാവിയായിരുന്നു. പിന്നെ അദ്ദേഹം പാർട്ടിയിലെ പ്രമുഖന്മാരിൽ ഒരാളായി. ബി. ജെ. പി. അധികാരത്തിൽ വന്നപ്പോൾ മന്ത്രിസഭയിൽ അംഗമായി. ടെലികോം ഉൾപ്പെടെ പ്രധാനപ്പെട്ട വകുപ്പുകൾ പലതും അദ്ദേഹത്തിന്റെ കൈകളിൽ അമർന്നു. ഓഹരി വിറ്റഴിയ്ക്കൽ മന്ത്രിയെന്ന് ഖ്യാതിയോ അപഖ്യാതിയോ നേടി.

പിന്നീട് ബി. ജെ. പി.യ്ക്ക് അധികാരം നഷ്ടപ്പെട്ടു. അതിനിടയ്ക്ക് എപ്പോഴോ ഷൂരി പാർട്ടിയ്ക്ക് അനഭിമതനായിത്തീർന്നു. രാഷ്ട്രീയത്തിൽ ചേക്കേറിയതോടെ പത്രപ്രവർത്തനത്തിൽനിന്ന് അരുൺ ഷൂരി പിൻവലിഞ്ഞിരുന്നു. ഇതിനിടയിലും അദ്ദേഹം പുസ്തകങ്ങൾ എഴുതിക്കൊണ്ടിരുന്നു. രാഷ്ട്രീയവും മതവും ചരിത്രവുമൊക്കെയായിരുന്നു വിഷയങ്ങൾ. ഇരുപത്തിയാറാമത്തേതാണ് `ഒരമ്മയുടെ മനസ്സ് അവനറിയുമോ` എന്ന ഈ പുസ്തകം. പതിവുവിട്ട് ഇതിൽ അദ്ദേഹത്തിന്റെ ജീവിതകഥയും ഉണ്ട്.

അറിയപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു അരുൺ ഷൂരി. ലോക ബാങ്കിലായിരുന്നു ജോലി. അരുണിന്റേയും അനിതയുടേയും ജീവിതത്തിലേയ്ക്ക് ആദിത് കടന്നുവന്നപ്പോൾ അവർ അമേരിക്കയിലായിരുന്നു. വൈകിയെത്തിയ മകന് സെറിബ്രൽ പാൽസി എന്ന രോഗമാണ് എന്ന് വൈകാതെ അവരറിഞ്ഞു. നടക്കാനോ മറ്റു കുട്ടികളേപ്പോലെ കാര്യങ്ങൾ ചെയ്യാനോ ഒരിയ്ക്കലും വശം കൊടുക്കാത്ത രോഗം. ഷൂരിയുടെ കുടുംബജീവിതം അതോടെ തകിടം മറിഞ്ഞു.

കാത്തുകാത്തുണ്ടായ മകനേക്കുറിച്ച് അരുൺ

ഷൂരിയ്ക്കും അനിതാ ഷൂരിയ്ക്കും എന്തെല്ലാം സ്വപ്നങ്ങൾ ഉണ്ടായിരുന്നിരിയ്ക്കണം! അല്ലെങ്കിൽ സ്വന്തം കുട്ടിയേക്കുറിച്ച് ഏത് അച്ഛനമ്മമാർക്കാണ് പ്രതീക്ഷകൾ ഇല്ലാതിരിയ്ക്കുക?

എന്റെ കൂട്ടുകാരൻ പ്രവീൺകുമാർ സർവകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെയാണ് എം. എസ്. സി. ജയിച്ചത്. ഉയർന്ന ഉദ്യോഗവും കിട്ടി. പക്ഷേ അച്ഛന്റെ പ്രതീക്ഷകൾ അതിലും ഉയരത്തിലായിരുന്നു. മകൻ ഉപരിപഠനത്തിനോ ഗവേഷണത്തിനോ മുതിരുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. തന്റെ ഉദാസീനതയെ ന്യായീകരിയ്ക്കാൻ പുറപ്പെട്ട മകന് അച്ഛൻ എഴുതിയ മറുപടി ഇപ്പോഴും ഓർമ്മയുണ്ട്: "തന്റെ വാദങ്ങൾ ഞാൻ വായിച്ചു. പക്ഷേ താൻ ഒന്നു മനസ്സിലാക്കണം. മക്കളുടെ ഉൽക്കർഷത്തിൽ ഒരച്ഛന് ഒരിയ്ക്കലും മതിവരില്ല."

അത് മുപ്പതുകൊല്ലം മുമ്പാണ്. ഇന്നാവട്ടെ മത്സരത്തിന്റെ കാലമാണ്. പ്രോഗ്രസ്സ് കാർഡിൽ അര മാർക്കു കുറയുമ്പോൾ, കലാമത്സരങ്ങളിൽ ഗ്രേഡ് കിട്ടാതെ വരുമ്പോൾ, കായികമത്സരങ്ങളിൽ പിന്തള്ളപ്പെടുമ്പോൾ ഒക്കെ നമ്മുടെ ഉൽക്കണ്ഠ ഇരട്ടിയ്ക്കുന്നു. നമുക്ക് എങ്ങനെയും ഒന്നാമതെത്തിയേ മതിയാവൂ.

മക്കളുടെ ഭാവിയേപ്പറ്റി ഇത്രയധികം വേവലാതിപ്പെടുന്ന നമ്മൾ നിലവിലുള്ള ഭാഗ്യത്തേപ്പറ്റി ഒരിയ്ക്കലും അറിയാറില്ല. അംഗഭംഗമില്ലാത്ത, വൈരൂപ്യമില്ലാത്ത, ബുദ്ധിമാന്ദ്യമില്ലാത്ത ഒരു സാധാരണ സന്താനത്തെ കിട്ടുന്നതുതന്നെ എത്ര ഭാഗ്യമാണ് എന്ന് നമ്മളൊരിയ്ക്കലും ആലോചിയ്ക്കാറില്ല. സ്വന്തം കുട്ടികളെ അയൽവീട്ടിലെ അതിസമർത്ഥനമായല്ലാതെ അതിനടുത്തുള്ള വീട്ടിലെ ശരാശരിക്കാരനുമായി നമ്മളൊരിയ്ക്കലും ഒത്തുനോക്കാറില്ലല്ലോ.

അതും വളരെ സ്വാഭാവികം. പക്ഷേ സ്വാഭാവികമല്ലാത്ത ജന്മങ്ങൾ ഏറ്റുവാങ്ങിയവർക്ക് ആശിയ്ക്കാൻ ഒന്നുമില്ലല്ലോ. അരുൺ ഷൂരി വേദന മറച്ചു വെയ്ക്കാതെ തന്റെ മകനേക്കുറിച്ച് എഴുതുന്നു: "നമ്മുടെ വീട്ടിലേയ്ക്ക് ദുരിതങ്ങൾ കൊണ്ടുവന്നത് നീയാണ്. നീ വരുന്നതു വരെ വിഷമങ്ങളൊന്നും ഞങ്ങൾ അറിഞ്ഞിരുന്നില്ല. നിന്നെ നോക്ക് - ദുർബ്ബലൻ. പരാശ്രയൻ. എഴുന്നേൽക്കാൻ വയ്യാതെ, വലതുകൈ പൊക്കാൻ കഴിയാതെ, വായിൽനിന്ന് ഓരോ അക്ഷരം പെറുക്കിയെടുത്ത്, തുപ്പൽ ഒലിപ്പിച്ച്...."

ഏകദേശം ഇങ്ങനെത്തന്നെയായിരുന്നു കുഞ്ഞുണ്ണി യേട്ടനും.

മദ്ധ്യവേനൽ ഒഴിവുകാലത്ത് ചില യാത്രകൾ ഞങ്ങളുടെ പതിവായിരുന്നു. അക്കൂട്ടത്തിൽ ഒറ്റപ്പാലത്തെ ബന്ധുവീട്ടിൽ പോവാൻ പക്ഷേ എനിയ്ക്കു മടിയായിരുന്നു. അവിടെയുള്ള സാവിത്രിയോപ്പോളുടെ മടിയിൽ എപ്പോഴും ഓപ്പോളേക്കാൾ വലിപ്പമുള്ള കുഞ്ഞുണ്ണിയേട്ടൻ ഉണ്ടാവുമല്ലോ എന്ന അറിവായിരുന്നു കാരണം. കുഞ്ഞുണ്ണിയേട്ടൻ അവരുടെ മടിയിലിരുന്ന് ഉച്ചത്തിൽ വികൃതശബ്ദങ്ങൾ പുറപ്പെടുവിച്ചു. അപ്പോഴൊക്കെ വായിൽനിന്ന് തുപ്പൽ പുറത്തേയ്ക്ക് ഒഴുകി. വിചാരിച്ചത് എന്തെങ്കിലും സാധിച്ചില്ലെങ്കിൽ കുഞ്ഞുണ്ണിയേട്ടൻ ഓപ്പോളെ അടിയ്ക്കുകയും മാന്തുകയും ചെയ്യുമായിരുന്നു. ഓപ്പോൾക്ക് അതിലൊന്നും ഒരു വിഷമവും തോന്നിയിരുന്നില്ല. എപ്പോഴും സന്തോഷത്തിലായിരുന്നു അവർ. ഒരിയ്ക്കൽ എന്റെ ഒരോപ്പോൾ ചോദിച്ചു സാവിത്രിയേടത്തിയ്ക്ക് എങ്ങനെയാണ് ഇങ്ങനെ ചിരിയ്ക്കാൻ കഴിയുന്നതെന്ന്. അപ്പോൾ അവർ ഒരു കവിത ചൊല്ലി: "ഒരുവേള പഴക്കമേറിയാൽ ഇരുളും മെല്ലെ വെളിച്ചമായ്‌വരാം." അന്ന് ആ വരികൾ ഞാൻ ആദ്യമായി കേൾക്കുകയായിരുന്നു.

സാവിത്രിയോപ്പോൾ മാത്രമല്ല, അവരുടെ അച്ഛനമ്മമാരും എപ്പോഴും സന്തോഷത്തിലായിരുന്നു. "അച്ഛൻ പറയാറുണ്ട് ഈശ്വരൻ അറിഞ്ഞുതന്നതാണ് നമുക്ക് ഈ കുഞ്ഞുണ്ണിയെ എന്ന്," സാവിത്രിയോപ്പോൾ പറഞ്ഞു.

പിന്നീട് വളരെക്കാലത്തിനു ശേഷം മൈസൂരിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിൽ പോയപ്പോൾ കണ്ട ചുമരെഴുത്ത് സാവിത്രിയോപ്പോൾ നിർത്തിയേടത്തുനിന്നാണ് തുടങ്ങിയത്. ദൈവം ഇത്തരം കുട്ടികളെ ഏൽപ്പിയ്ക്കാൻ ഏറ്റവും അനുയോജ്യരായ അച്ഛനമ്മമാരെ തിരഞ്ഞെടുക്കുകയാണ്. സൃഷ്ടി കർമ്മങ്ങൾക്കിടയ്ക്ക് ദൈവം ഏറ്റവും ക്ഷമാശീലരായ മാതാപിതാക്കളെ വിളിച്ച് പറയുന്നു: "ഇനിയുള്ള കുട്ടി മറ്റുള്ളവരേപ്പോലെയല്ല. ഒരുപാട് പ്രത്യേകതകൾ ഉള്ളവനാണ്. ഇവൻ ചിരിയ്ക്കുകയോ കരയുകയോ മറ്റു ചേഷ്ടകൾ പ്രകടിപ്പിയ്ക്കുകയോ ചെയ്യില്ല. ഇവൻ മറ്റുള്ളവരേപ്പോലെ സംസാരിയ്ക്കില്ല. കാര്യങ്ങൾ പെട്ടെന്നു ഗ്രഹിയ്ക്കാൻ കഴിയില്ല. നിതാന്തമായ പരിചരണങ്ങൾ വേണ്ടതിനാൽ ഇവന് ഭൂമിയിൽ നിങ്ങളേപ്പോലെ ക്ഷമയും സ്നേഹവുമുള്ള അച്ഛനമ്മമാരെ വേണം. അതുകൊണ്ട് ഞാൻ ഇവനെ നിങ്ങളുടെ കൈകളിൽ ഏൽപ്പിയ്ക്കുന്നു."

തിരഞ്ഞെടുക്കപ്പെട്ട അച്ഛനമ്മമാരാണ് എന്നൊക്കെ ആശ്വസിയ്ക്കാമെന്നതു ശരി. പക്ഷേ അവരുടെ

ജീവിതം എളുപ്പമല്ല. പൂർണമായും കുട്ടിയ്ക്കു വേണ്ടി ഉഴിഞ്ഞുവെച്ചതാണ് അത്. ഇഷ്ടങ്ങളും സന്തോഷങ്ങളും ത്യജിച്ചുള്ള ജീവിതമാണ് അവരുടേത്. സമൂഹത്തിന്റെ ഉന്നതശ്രേണികളിൽ വിരാജിച്ച അരുൺ ഷൂരിയുടെ ജീവിതം തന്നെ നോക്കുക.

"രാവിലത്തെ മണിക്കൂറുകൾ കുടുംബത്തിനു വേണ്ടി പൂർണമായും മാറ്റിവെച്ചു," പുസ്തകത്തിൽനിന്ന് ലേഖകൻ ഉദ്ധരിയ്ക്കുന്നു: "ഫോൺ വന്നാൽപ്പോലും എടുക്കാറില്ല. വീട്ടിലൊരു വേലക്കാരനേപ്പോലെ രണ്ടു പേർക്കും ഓരോ സഹായങ്ങൾ ചെയ്തുകൊണ്ടിരിയ്ക്കുന്നതിനിടയിൽ എവിടെ നേരം?" വളരെ വിലപ്പെട്ടതെന്ന് ഒരു കാലത്ത് ഞങ്ങൾ കരുതിയിരുന്ന അദ്ദേഹത്തിന്റെ സമയം വീടിന്റെ നാലു ചുമരുകൾക്കിടയ്ക്ക് ഒതുങ്ങുന്നു.

മകൻ രോഗിയാണെന്നറിഞ്ഞ ഷൂരി സ്വാഭാവികമായി ചോദിച്ചത് `എന്തുകൊണ്ടു ഞാൻ` എന്നാണ്.

ലോകപ്രശസ്ത ടെന്നീസ് കളിക്കാരൻ ആർതർ ആഷേയേപ്പറ്റി ഒരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന് അർബ്ബുദം ബാധിച്ചപ്പോൾ പത്രലേഖകർ ചോദിച്ചു: "എന്തുകൊണ്ട് എനിയ്ക്ക് ഈ രോഗം തന്നു എന്ന് നിങ്ങൾ ദൈവത്തോടു ചോദിച്ചിട്ടുണ്ടോ എപ്പോഴെങ്കിലും?" ആർതർ ആഷേ പറഞ്ഞു. "നിരവധി ഗ്രാൻഡ് സ്ലാം കിരീടങ്ങൾ കയ്യിലുയർത്തി നിൽക്കുമ്പോൾ, ആരാധകരുടെ കയ്യടിയിൽ പൂത്തുലയുമ്പോൾ 'എന്തുകൊണ്ട് ഞാൻ' എന്ന് ദൈവത്തോടു ചോദിച്ചിട്ടില്ല. ഇപ്പോൾ, ഈ രോഗത്തിന്റെ പിടിയിലായപ്പോൾ, അത് ദൈവത്തോടു ചോദിയ്ക്കാൻ എനിയ്ക്ക് അവകാശമുണ്ടോ?"

നിരപരാധിയായ മകന്റെ യാതനയ്ക്കുള്ള അർത്ഥം കണ്ടെത്താൻ ഗീതയിലൂടെയും ബൈബിളിലൂടെയും ഖുറാനിലൂടെയും ഉപനിഷത്തുകളിലൂടെയുമുള്ള യാത്രയായിരുന്നു പിന്നീട്. അതാണ് 'ഒരമ്മയുടെ മനസ്സ് അവനറിയുമോ' എന്ന ഈ പുസ്തകമായത്.

മേൽപ്പറഞ്ഞവയൊന്നിൽനിന്നും അദ്ദേഹത്തിനു ഉത്തരങ്ങൾ കിട്ടിയില്ലപോൽ. മാത്രമല്ല പലതും പരസ്പരവിരുദ്ധമായി ഷൂരിയ്ക്ക് അനുഭവപ്പെടുകയും ചെയ്തു. യാതനകൾ സഹിയ്ക്കാൻ ബുദ്ധന്റെ വചനങ്ങളാണത്രേ ഒടുവിൽ അദ്ദേഹത്തിനു സഹായകമായത്. പക്ഷേ അപ്പോഴേയ്ക്കും അദ്ദേഹം വാർദ്ധക്യത്തിന്റെ പിടിയിലായിക്കഴിഞ്ഞു. വരുന്ന നവംബറിൽ എഴുപതു വയസ്സു തികയുകയാണ് ഷൂരിയ്ക്ക്. പോരാത്തതിന് സഹയാത്രികയായ അനിതയും രോഗഗ്രസ്തയാണ്. അതുകൊണ്ട് അദ്ദേഹം സങ്കടത്തോടെയെങ്കിലും ധീരതയോടെ വിധിയെ നേരിടുന്നു. ഇഹജീവിതത്തിലെ കെട്ടുപാടുകൾ മരണത്തിലേ അവസാനിയ്ക്കൂ എന്ന് അദ്ദേഹത്തിനു ബോധ്യമായിട്ടുണ്ടാവണം.

കുഞ്ഞുണ്ണിയേട്ടൻ മരിച്ച വിവരം കിട്ടിയപ്പോൾ ഞങ്ങൾ പറഞ്ഞത് "നന്നായി" എന്നായിരുന്നു. ഒരു ജന്മത്തിന്റെ യാതന അവസാനിച്ചുവല്ലോ. കുഞ്ഞുണ്ണിയേട്ടന്റെ അച്ഛനും അമ്മയ്ക്കും എത്ര ആശ്വാസമായിട്ടുണ്ടാവണം. അതിൽ പങ്കു ചേരാൻ കൂടിയായിരുന്നു കുറച്ചു വൈകിയാണെങ്കിലും ഞങ്ങൾ ഒറ്റപ്പാലത്തെത്തിയത്. അപ്പോഴേയ്ക്കും സംസ്കാരം കഴിഞ്ഞിരുന്നു. അയൽക്കാരും ബന്ധുക്കളും മടങ്ങിപ്പോയിരുന്നു. സാവിത്രിയോപ്പോൾ വിദേശത്തായിരുന്നതുകൊണ്ട് എത്തിച്ചേർന്നിരുന്നില്ല. വീട്ടിൽ കുഞ്ഞുണ്ണിയേട്ടന്റെ അച്ഛനും അമ്മയും മാത്രം. ആകെ ഒരു ശൂന്യത വലയം ചെയ്തതുപോലെയായിരുന്നു കുഞ്ഞുണ്ണിയേട്ടന്റെ അച്ഛന്റെ ഇരിപ്പ്. കുഞ്ഞുണ്ണിയേട്ടന്റെ അമ്മയാവട്ടെ എന്റെ അമ്മയെ കെട്ടിപ്പിടിച്ച് ഒരുപാടു നേരം കരഞ്ഞു. ▲



അഷ്ടമൂർത്തി
കേരള വർമ കോളേജിലെ വിദ്യാഭ്യാസാനന്തരം ബോംബേയിൽ ജോലി ചെയ്തു. ഇപ്പോൾ തൃശ്ശൂരിലെ എസ് എൻ എ ഔഷധശാലയിൽ ജോലി ചെയ്യുന്നു. കുങ്കുമം അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ .

# Tale of temples, treasures and kings

*Ashwini Sridhar*

A temple, built eons ago,
The king but a servant of his God,
A fantastic forbidden treasure,
A tale told to be awed.
The king arrives each morning,
Never late before his lord to stand.
Yet from the temple he takes nothing:
Not even from his shoes the temple's sand.

The temple glows at night,
The moon herself outshined,
In the waters, reflections, blurred,
As if foretelling the fortunes to find.
The cool, polished stone,
Rolls with wet dew
In moonlight the temple bathes,
A sight granted to far too few
Inside the temple, for devotees
A massive idol of midnight black.
Only by three doors see him whole,
In size the idol does not hold back.
Nor in splendour, for against the black,
Is unveiled an arm of brightest gold
The smooth dark masks
The golden idol used as it's mould.
Under the floors of the temple,
More treasure lies hidden,
Away from greedy eyes, hungry hands,
From all but the pious, forbidden.
One vault already opened,
Contents baffling those who saw,
Filled with gold, silver, ivory
Works of art, without flaws
The second is yet to be opened,
Protected by a carved serpent
It's glittering eyes seem to promise:
'All who shall enter, shall repent'
The mystery of the time-worn temple,
Shall remain but a little longer
For it is only such tales of awe
That make our dreams stronger



Ashwini Sridhar is 16 years old and studies in Global Indian International School. She has interests in literature, arts and science. She has been writing poems since the age of nine.

# Green Economy - You too are a part of It

*Niranjana Krishna*
*Krishna Kumar M*

**Introduction**

Conventional wisdom is that happiness increases when a person consumes more. World politics and economics have been primarily driven by this dictum and have resorted to all powers in their command to make their subjects happier by enabling increased consumption. While economics has endeavoured to optimize this effort through systematic academic and analytical means, politics accomplished the same through appropriate and effective management of their own resources through good economics and power games and management of world trade. Over the last several centuries in history of mankind, some nations have been highly successful in increasing the consumption of their own people and became the developed world and the rest fell into the less developed category.

With the advent of agricultural and industrial revolution in the 16th – 17th centuries, human population growth as well as consumption patterns changed significantly. Agricultural revolution made food relatively easy and industrial revolution and associated developments in public health and medicine and made life expectancy much higher. Industrial revolution also drastically changed the manner in which humans were exploiting nature. The earlier manual and highly limited exploitation gave way to machine controlled mass productions. The exponential growth in population coupled with an equally exponentially high demand of energy and goods, made it necessary to seek out and natural resources around the world and ultimately contributed to the success of colonialism by the Europeans, where England became a Kingdom where the sun never set, spanning the entire globe. To a lesser extent the French, Dutch and Portugese also colonized significant parts of the planet. This colonisation made it easy to find and plunder natural resources of the colonies by the rulers. This also led to the much rapid growth of the ruling countries and to their highly advanced standards of living. With the liberation of India from the British, the colonialism story started to end. Peoples across the colonized societies became aware of the value of freedom and ultimately the past colonies became free countries. Freedom made dreaming possible by the vast majority of the world. The end of 20th century saw the rise of the far eastern economies and the rapid rise of two of the world's most populous nations to the centre stage of world's power equations and their demand to be treated as equals with the conventional power centres and the dreams of their vast populations to the same standards of living enjoyed by the developed nations. Thus the demands on the very limited natural resources spiralled putting enormous strains on the world ecology and also brought into focus an altogether new and unknown problem than any human kind has faced so far. That of human induced climate change and serious ecological damage like that of the ozone hole.



## Awakening to the Ecological Side Effects of "Growth"

The seminal publication by Rachel Carson, ***Silent Spring***, in 1962 sent shock waves across the world and alarmed the conscience of the thinking public on the perils of chemical pesticides. This book led to the first ***United Nations Conference on the Human Environment*** at Stockholm in 1972. This period also saw the establishment of leading environmental organisations such as *Greenpeace* and *Friends of the Earth*. The environment movement to combat the very first human induced tragedy of planetary proportions was born. This was followed by very many global summits and conferences of very high profile, such as the first ***Earth Summit*** (Rio, 1992) by UNCED where over a hundred heads of states participated and resulted in *Convention of Biological Diversity* and the *Framework Convention of Climate Change* (UNFCCC). The UNFCCC resulted in the *Kyoto protocol*, adopted at Kyoto in 1997, entered into force in 2005. The detailed rules for the implementation of the Protocol were adopted at *COP 7* in Marrakesh in 2001, and are called the "*Marrakesh Accords*." The *Kyoto/ Marrakesh protocols* had binding commitments on measurable goals to meet their targets primarily through national measures. However, the Kyoto Protocol offered them an additional means of meeting their targets by way of three market-based mechanisms. Several major international prizes like the Nobel prizes have also been awarded to organizations or activists working on ecological problems such Rigoberta Menchu, IPCC, Al Gore etc *for their efforts to build up and disseminate greater knowledge about man-made climate change, and to lay the foundations for the measures that are needed to counteract such change* and similar factors.

## Inadequacy of Response

In spite of such concerted efforts and international recognitions, much of these international accords have not met with their desired results, mainly because of economic reasons. Major contributors to environmental damage such as USA, China and India and others did not ratify or join the treaty. In fact GHG (Green House Gases) emissions from China increased a whopping 153% (from 1990 baseline figure to 2007) and is currently the world's biggest emitter of GHG and the second biggest consumer of energy. The main fear is the additional investments required for the industries to control their emissions and its impact on global competitiveness. In a world economy that is in bad shape due to other reasons, the Governments are unwilling to bear the costs. India and China have refused to sign up deals that would commit the developing world to a strong legal treaty consistently. However although the protests by the world's second and third biggest carbon emitters claimed their concerns are based on "climate justice". They argue that they need to carry on emitting carbon to bring millions of people out of poverty over the next few decades. At Durban (COP17, 17th Conference of the Parties, Dec 2011), the world has agreed to a help poor countries cope with climate change through a new Green Climate Fund that will hand out around £60bn per annum from 2020. The details of such a proposal have been quite vague though. The report card by Nature magazine (07 June 2012 issue) prior to the second Earth Summit at Rio (United Nations Conference on Sustainable Development, also popularly known as Rio+20, 20-22 Jun 2012), indicated that the pace turned out to be far slower than anticipated. Although nations have made some marginal advances, the three conventions (*Convention on Biological Diversity-UNCBD*, the *Framework Convention on Climate Change* and list of goals spelled out in a document known as ***Agenda 21***, which eventually spawned the *Convention to Combat Desertification-UNCCD*) have failed to achieve even a fraction of the promises that world leaders trumpeted two decades ago. Dismal grades dominate *Nature*'s report cards on the Rio treaties, although the assessment also highlights some progress and offers pointers for the future. Most notably, on UNFCCC (Stabilize Greenhouse-Gas Emissions - "F"; Promote And Disperse Climate-Friendly Technologies - "D"), on UNCBD (Reduce The Rate Of Biodiversity Loss – "F", Provide Funding – "F", Share Gene Windfall – "E", Develop Biodiversity Targets – "D", Protect Ecosystems – "C"), and on UNCCD (**Reverse Desertification And Land**

### Global Population Growth

Global population is growing by

1.5 million people

*every week!*

Every week an extra 1.5 million people need food, water, sanitation, energy, space, transport, etc.




**Degradation – "F",** Build Science Corps – "F", Provide Funding For Developing Nations – "E", Develop Indicators – "D").

**Need of an Alternate View of Economy**

All these point to the need of a radically new way to look at our paradigm of growth, wealth and economic well-being. One that is more holistic and that which includes the planet that we call our home and need to ensure that it is our responsibility to hand over to the future generations what we have inherited from our predecessors without damage and in a good and healthy state. We will also need a new view of industry and corporations that take into account all of the costs, including costs of sustaining bright sunlight, fresh air, clean water and all things bright and beautiful provided by nature, that they took for granted till now. According to *Nature (slightly edited), "Consumerism is often blamed, and consumers can indeed make crucial choices on the basis of how much material and energy is used for making, packaging and transporting goods. But on this road of economic choices, it is corporations, not consumers, in the driver's seat, and they are driving us in the wrong direction. Corporate advertising converts our insecurities into a chain of wants, needs and excessive demands, which have made our ecological footprint exceed the planet's ability to produce resources and absorb emissions — by more than 50%. Around $1 trillion of harmful subsidies now support the brown economy, including more than $650 billion in price and production subsidies for fossil fuels, and more than $300 billion for mostly unsustainable agriculture and fisheries3. We are now consuming nature's capital, not its interest. The rules of the game need to be changed. This new type of Green Corporation, can still be profitable while contributing to a 'green economy': one that increases human well-being and social equity, and decreases environmental risks and ecological scarcities. There are many actual examples from the corporate world show how this can work". Towards a Green Economy,* a major report for policymakers published by the UN Environment Programme (UNEP) in 2011, concludes: "over the last quarter of a century, the world economy has quadrupled....in contrast 60% of the world's major ecosystem goods and services that underpin livelihoods have been degraded or used unsustainably." The economic mechanisms which project parameters such as GDP as the main parameters to measure economic growth, do have much to answer for but the root dysfunction is the externalization of social and environmental costs. We need new measures of "growth". Wide spread poverty also needs to considered for understanding Green Economics. A coherent response to excessive global carbon dioxide emissions is impossible without addressing the needs of those who live beneath the socially unacceptable boundaries of hunger and poverty.

**The New "Green" Economy vs the old "Brown" Economy**

What is the "Green Economy"? A Green Economy can be thought of as an alternative vision for growth and development; one that can generate growth and improvements in people's lives in ways consistent with sustainable development. A Green Economy promotes a triple bottom line: sustaining and advancing economic, environmental and social well-being. The UN's focus on the concept of a green economy represents a determined effort to tackle the damaging obsession with GDP as a measure of progress. There is no consensual definition but the perfect green economy would deliver "equitable improvement in living standards without eroding environmental assets". To support the vision of integrating environmental costs into pricing regimes, UNEP

Exponential Growth is Totally Dominating and Unsustainable




has sponsored *The Economics of Ecosystems and Biodiversity* (TEEB), a series of reports which estimate a monetary value for each of about 30 ecosystem services, including air quality, pollination and carbon sequestration. Such valuations could inform tax and subsidy policies to strengthen rather than destroy nature, improve decision-making on the impact of infrastructure projects, and calibrate "payment for ecosystem services," an increasingly popular method for compensating owners or custodians who preserve environmental assets. There is consensus that the transition to this form of green economy requires significant up-front investment in renewable energy production, efficient use of natural resources and innovative technologies. The UNEP report, *Towards a Green Economy*, suggests 2% of global GDP. It may well be that the investment would be rewarded with net gains in employment and a lower the risk of the economic shocks caused by short termism. Fortunately, Green economics enjoys widespread support amongst influential world bodies, including the OECD, World Bank and UN agencies.

The political and economic will to transition to the Green way of living and thinking is also necessitated by the findings of science, which indicate the planet may be approaching a "critical transition," otherwise known as a "tipping point" or a "mass extinction", the 6th one in the last 500+ million years, as a result of human induced climate change. Palaeontologists characterize mass extinctions as times when the Earth loses more than three-quarters of its species in a geologically short interval, as has happened only five times in the past 540 million years or so. Biologists now suggest that a sixth mass extinction may be under way, given the known species losses over the past few centuries and millennia. Current trends suggest that half the Earth's land surface will be disturbed by human activity by 2025 — and that could represent the point of no return for a livable planet. The scary thing about a tipping point is that you only know for sure that it exists once you've reached it — and after that, it's too late to go back.

**Can the Green Economy succeed?**

There is an acute need for widespread public understanding of the perils of the "brown" economic model and its parameters and the potentially non reversible ecological dangers it engenders and acceptance of Green Economy as the logical alternative, at a Global as well as national scale. It is very important that the mindscape of the voting public is convinced of its necessity and willing to vote for persons and parties who stand for the earth and sustain it for future generations. Green Economy also presents new growth opportunities in a world economy suffering from acute difficulties and need to investigate new markets and industries that can create good, long-term jobs. Innovation is required to position a country to compete in tomorrow's markets focussed and depending on Green Economy. The principal challenge

What To Do Next?

- Don't be misled by growth-ignoring strategies and conjuring tricks.
- Don't be fooled into polishing the furniture while the house burns down.
- Learn all about exponential growth.
- Learn about the concept of a *Steady State Economy*

is how we move towards an economic system that will benefit more people over the long run. Transitioning to a Green Economy will require a fundamental shift in thinking about growth and development, production of goods and services, and consumer habits. This transition will not happen solely because of better information on impacts, risks or good economic analysis; ultimately, it is about politics and changing the political economy of how big decisions are made. As Goethe warned, things that matter most must never be at the mercy of things that matter least. The time has more than passed to decide which is which.

*"Earth in which lie the sea, the river and other waters, in which food and cornfields have come to be, in which lives all that breathes and that moves, May she confer on us the finest of her yield. Earth, in which the waters, common to all, moving on all sides, flow unfailingly, day and night, may she pour on us milk in many streams, and endow us with lustre. May those born of thee, O Earth, be for our welfare, free from sickness and waste. Wakeful through a long life, we shall become bearers of tribute to thee. Earth, my mother, set me securely with bliss in full accord with heaven, O wise one, uphold me in grace and splendour.."*

--- Prithvi Sukta (india)

*May there be Peace and Harmony in Heaven; Peace and Harmony in the Sky and on the Earth; Peace and Harmony in the Waters; Peace and Harmony in the Herbs, the Vegetation and the Forests; Peace and Harmony among the Peoples and the Rulers of the World; Peace and Harmony in Spiritual Quest and Realization; Peace and Harmony for one and all; Peace and Harmony Everywhere and in Every Thing; Peace, True and Real Peace, Let that Peace repose in my inner space, Peace of Peace, Everlasting Peace.*

*-- A Vedic Peace Chant* ▲



Niranjana Krishna is student of Secondary 4 at the Raffles Girls' School. She is passionately interested in environment matters and dance.

# The Making of '*Inganeyum Oru Katha*'

## Singapore's First Malayalam Short Film!

*Shilpa Krishnan Shukla*

In 2011, after 1.5 years of struggle, my first feature film '*Mausams*' (in English - Hindi) was screened in Singapore for two weeks at the Arts House. '*Mausams*' was made by my friends and I, on pretty much no budget, whenever we could take time off our day jobs. It started off simply as a hobby - a passionate but back breaking one at that. But going beyond our expectations, '*Mausams*' not only got positive reviews in Singapore but also went on to a few film festivals in US, India and Bangladesh and even winning awards.

Encouraged by the reception to '*Mausams*' but not finding myself with the energy or resources to pull off another 2-hour long film, I decided to make a short film next. That too in Malayalam. The objective really was to have fun with fellow Malayalis in Singapore - talking in Malayalam, acting in Malayalam, cracking jokes in Malayalam, discussing Malayalam films and of course in the process, experiment on a different language from before and make a simple film, within zero budget. Thus began the making of '*Inganeyum Oru Katha*'!

Once I wrote the script, word on casting audition went out via social media like Facebook and Twitter. I got quite a fair response to the audition calls and it was wonderful to see the passion and talent of the potential Malayali actors and actresses of Singapore. After some thorough auditioning, the cast was fixed and we immediately went ahead with photoshoots and rehearsals.

We used a Canon 550D to shoot and recorded live sound enabled by a boom mic. Locations were my house, a friend's house, a street in Bishan and Labrador Park. Shoot lasted about 3-4 weekends, since we had to work around the travel and work schedules of the 6-member strong cast. Editing was done on Edius when my editor (from Mumbai) and I met in Dhaka to represent '*Mausams*' at the film festival there. Inspite of using the boom mic, a couple of scenes still suffered from a lot of background noise and dubbing for these were done in my house on iMac Garageband. Background score was done by a friend in Delhi while sound design was done by another friend in Mumbai. The entire process, right from scripting to the final DVD rendering, took 8 months in total!

'*Inganeyum Oru Katha*' was screened by the Singapore Malayalee Association on 3 March, 2012. The team behind this film including me had wonderful time working on it, and were very encouraged by the support given by SMA and we look forward to making more in the future!

The complete '*Inganeyum Oru Katha*' film is available for viewing at http://vimeo.com/kathaah/iokthemovie. ▲



# Eat, Pray & Love

## ആത്മ (പ്രിയ)

എലിസബത്ത് ഗിൽബർട്ടിന്റെ 'ഈറ്റ്, പ്രേ ആന്റ് ലവ്' (Eat, Pray and Love by Elizabeth Gilbert) എന്ന പുസ്തകത്തിനെ പറ്റിയാണ് പറയാൻ ശ്രമിക്കുന്നത്..

ഇതിലെ നായിക ലിസ്, (എഴുത്തുകാരി തന്നെയാണ് നായികയും.. ഒരു അനുഭവ കഥയാണ്) സ്നേഹം കിട്ടാതെ വലയുന്ന സ്ത്രീയൊന്നുമായിരുന്നില്ല, കിട്ടിയ സ്നേഹം ശരിയാകുന്നില്ല എന്നൊരു തോന്നൽ.. അത്രന്നെ! ഈ ഇംഗ്ലീഷുകാരിക്ക് ഭർത്താവിനോടൊപ്പം സ്വസ്ഥമായി ഒരു കുടുംബജീവിതം, ലവ് മാര്യേജ്, നല്ല ബംഗ്ലാവ്, നല്ല ജോലി ഒക്കെയുണ്ടായിരുന്നിട്ടും ആത്മാവിൽ എന്തോ ഒരതൃപ്തി.. അങ്ങിനെ എല്ലാം വലിച്ചെറിഞ്ഞ്, കരഞ്ഞ്, തപിച്ച്, ലോകലോകാന്തരം ഈ വലിച്ചെറിഞ്ഞുകളഞ്ഞ സ്നേഹത്തിനായി തന്നെ നടക്കുകയാണ്! സ്നേഹത്തിനുവേണ്ടി മാത്രമായിരുന്നോ അവർ (ലിസ്) അലഞ്ഞത് എന്നത് ചിന്തനീയമാണ്!

ആദ്യം ലിസ് ഇറ്റലിയിൽ പോയി കുറെ നാൾ തിന്നും കുടിച്ചും ഒക്കെ ശരീരത്തിനെ റിലാക്സ് ചെയ്യിക്കുന്നു.. അപ്പോഴും ഭർത്താവുമായുള്ള വേർപിരിയലിന്റെ വേദനയും കോപതാപങ്ങളും ഒക്കെ അവരെ ഇടയ്ക്കിടെ വേട്ടയാടപ്പെടുന്നുണ്ട്.. അതു കഴിഞ്ഞ് അവർ ഇന്ത്യയിൽ പോയി കഠിനമായ മെഡിറ്റേഷനിലൂടെയും ആത്മീയചര്യകളിലൂടെയും ഒക്കെ മനസ്സിനെയും നിയന്ത്രണത്തിലാക്കുന്നു.. (ഒരു ഇംഗ്ലീഷുകാരി പറഞ്ഞുതന്നിട്ടുതന്നെ വേണോ നാം ഭാരതീയർ അതിന്റെ ഗുണങ്ങൾ അറിയേണ്ടത്!.)

തല ക് ളിയർ ആയ ലിസ്സിനു പ്രകൃതിയെപ്പറ്റിയും മനുഷ്യനെപ്പറ്റിയും ഒക്കെ പല സത്യങ്ങളും അറിയാം ഇപ്പോൾ.., ലൗകീകവും ആത്മീയവും തുല്യ അളവിൽ ഉൾക്കൊണ്ട് ജീവിക്കാനും ആകും..!!
[ഇത്, വായിച്ചെന്നോ, പറഞ്ഞെന്നോ, എഴുതിയെന്നോ കരുതി ലഭ്യമാകുന്ന ഒരു അനുഭവമല്ല, നാം മെഡിറ്റേഷൻ ചെയ്താലേ ലഭ്യമാകൂ.. ഒന്നു രണ്ട് ഉദാഹരണം പറയാം.. ആദ്യം ലിസ്സ് മെഡിറ്റേഷൻ ചെയ്യാൻ വളരെ വിഷമിച്ച് പരാജയപ്പെടുന്നു. അനങ്ങാതെ ഒരിടത്ത് ഒരു മണിക്കൂറിലധികം നേരം ഇരിക്കാൻ എത്ര ശ്രമിച്ചിട്ടും അവർക്ക് സാധ്യമാകുന്നില്ല. ഒടുവിൽ ഒരു നിമിഷം അവർ മനസ്സിനെ പിടിച്ചിരുത്തുന്നതിൽ വിജയിക്കുന്നു.. അപ്പോൾ അവർക്ക് ശ്രദ്ധകേന്ദ്രീകരിക്കാനായി ഒരു രൂപം കിട്ടുന്നില്ല.. ഒടുവിൽ ലിസ്സിനു താൻ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന തന്റെ ചേച്ചിയുടെ കുട്ടിയുടെ രൂപത്തിൽ മനസ്സിനെ കോൺസന്ട്രേറ്റ് ചെയ്യാനാകുന്നു.. കോൺസന്ട്രേഷൻ കിട്ടിക്കഴിഞ്ഞപ്പോൾ ഒരു മണിക്കൂർ ഒരു നിമിഷം പോലെ കടന്നുപോയി അവർക്ക്.. നമുക്കും അതുപോലെ മനസ്സിനെ കേന്ദ്രീകരിക്കാൻ ഒരു രൂപം വേണം.. ചുരുക്കത്തിൽ ഈ ലോകത്തിലെ എന്തിനെയെങ്കിലും ഒന്നിനെ നിസ്വാർത്ഥമായി സ്നേഹിക്കാൻ കഴിയണം.. അങ്ങിനെയാകുമ്പോൾ കഠിനമായി തോന്നുന്നതൊക്കെ എളുപ്പമായി തീരും..!

രണ്ടാമത്, 'തുരീയ മെഡിറ്റേഷൻ' ചെയ്യാനും അവർ ഇതുപോലെ വിഷമിക്കുന്നു. (ഉണർന്നിരിക്കുന്നതോ ഉറങ്ങുന്നതോ സ്വപ്നം കാണുന്നതോ അല്ലാത്ത മനസ്സിന്റെ നാലാമത്തെ ഒരു അവസ്ഥ! ഈ അവസ്ഥ അപൂർവ്വം ചിലപ്പോഴൊക്കെ നാം അനുഭവിച്ചിട്ടുണ്ട്.. ഒരു കാരണവും ഇല്ലാതെ തന്നെ ഒരു പ്രത്യേക ശാന്തി, സന്തോഷം ഒക്കെ നമ്മിൽ നിറയുന്നു.. പുറം ലോകത്തിലെ പ്രശ്നങ്ങളൊന്നുംനമ്മെ ബാധിക്കാത്ത ഒരു അവസ്ഥ.. അത് വളരെ കുറച്ചുനേരമെ നമുക്ക് തോന്നൂ.. ഈ അവസ്ഥ വളരെ നേരം



അനുഭവിക്കണമെങ്കിൽ കഷ്ടപ്പെട്ട് ദിവസവും മനസ്സിനെ കുറെ നേരം ധ്യാനത്തിലൂടെ പാകപ്പെടുത്തിയെടുക്കണം). ലിസ്സ് വെളിയിൽ, ഒരു ബഞ്ചിലിരുന്ന് തുരിയ മെഡിറ്റേഷൻ ചെയ്യാൻ ശ്രമിക്കുമ്പോൾ, കുറച്ച കൊതുകുകൾ അവരെ നിരന്തരം ശല്യപ്പെടുത്തുന്നു. ആദ്യം അവർ പിന്മാറിയെങ്കിലും ഒടുവിൽ ഉറച്ച മനസ്സോടെ, കൊതുകുകടികളൊക്കെ സഹിച്ച്, മനസ്സിനെ മെഡിറ്റേഷനിൽ കേന്ദ്രീകരിക്കാനായപ്പോൾ കൊതുകുകടിയെപ്പറ്റിയേ അറിയുന്നില്ല.

അവർ പറയുന്നത്, 'കൊതുകിനെ ആട്ടിപ്പായിച്ചുകളയണം, അല്ലങ്കിൽ അടങ്ങിയിരിക്കാൻ ആവില്ല', എന്ന ഒരു ചിന്തയാണ് ആദ്യം അവരെ റെസ്റ്റ്ലസ്സ് ആക്കിയത്.. എന്നാൽ, 'കൊതുകു കടിച്ചാലും താൻ തന്റെ ആത്മസംയമനം കൈവിടില്ല' എന്ന രീതിയിൽ ഇരുന്നപ്പോൾ ആത്മസംയമനം കൂടിയത്രെ! ഇതുപോലെ, മറ്റുള്ളവർ ചെയ്യുന്നതിനൊക്കെ പ്രതികരിക്കാൻ ചെല്ലുമ്പോഴാണ് പല പ്രശ്നങ്ങളും ഉണ്ടാകുന്നത്.. പ്രതികരിക്കാതിരിക്കുമ്പോൾ പലതും താനേ അടങ്ങും. നമ്മുടെ മനസ്സിനെ അതിനു സ്വാധീനിക്കാനാവില്ല എന്നറിയുമ്പോൾ പ്രശ്നങ്ങൾ താനേ വിട്ടൊഴിഞ്ഞ് പോകും.. മനസ്സ് മാത്രം പഴയതുപോലെ ശാന്തമായി ശേഷിക്കും.. പ്രശ്നങ്ങളൊന്നും നമ്മെ ബാധിക്കാത്ത ഈ അവസ്ഥയാണ് തുരിയാവസ്ഥ..]
അങ്ങിനെ, ഒടുവിൽ ലിസ് എന്ന നമ്മുടെ എഴുത്തുകാരി ഇന്റോനേഷ്യയിൽ, ബാലിദ്വീപിൽ, എത്തുന്നു.. ലൗകീകവും ആത്മീയവും തുല്യമായി മിക്സ് ചെയ്ത് ജീവിക്കാനാകുമെന്ന് തെളിയിക്കാനായി.. അവർക്ക് അത് സ്വർഗ്ഗതുല്യമായ ഒരു രാജ്യമായി തോന്നുകയും, സ്വതന്ത്രമായ മനസ്സും ശരീരവുമായി അവർ പുതിയ ഒരു ജീവിത പങ്കാളിയെ കണ്ടെത്തുകയും ചെയ്യുന്നു..

തനിക്ക് ചേർന്ന ഒരു ജീവിത പങ്കാളിയെ കണ്ടെത്തുകയായിരുന്നോ ഈ പുസ്തകത്തിലെ പ്രതിപാദന വിഷയം?! അല്ല. കാരണം, ഇംഗ്ലീഷുകാർക്കൊക്കെ അത് ഇഷ്ടം പോലെ ഉണ്ടായിരുന്നല്ലൊ? പിന്നെ?! ആത്മാവിന്റെ സ്വാതന്ത്രയത്തിനു വേണ്ടിയായിരുന്നു അവർ നടന്നിരുന്നത് എന്ന് വേണം നിനയ്ക്കാൻ.. കുറച്ചുകൂടി പെർഫക്റ്റ് ആയുള്ള ഒരു മേറ്റിനെ കണ്ടെത്തി ജീവിക്കുന്നു.. ഒപ്പം തന്റെ വ്യക്തിത്വം നിലനിർത്താനും ആകുന്നു. അല്ലെങ്കിൽ, കണ്ടെത്തിയ പങ്കാളിയിൽ തന്റെ വ്യക്തിത്വം അടിയറവയ്ക്കാതെ, താൻ ഇപ്പോഴും ഒരു separate individual ആണ് എന്ന രീതിയിൽ ജീവിക്കാനാകുന്നു.. (ആദ്യ ഡൈവോഴ്സ് അവർക്ക് വളരെ കഠിനവും മറികടക്കാനാവാതെയായതും കൊണ്ടല്ലേ അവർ ഇറങ്ങി തിരിച്ചത്, ഇനി അതുണ്ടാകില്ല.. ആ കഠിനത! എന്ന സമാധാനിക്കാം..)

ജയശ്രീ മിശ്രയുടെ 'ഏൻഷ്യന്റ് പ്രോമിസി'ൽ ഒരു ഏഷ്യൻ സ്ത്രീ വലിയ കഠിനമായ ത്യാഗത്തിലൂടെയും ഒടുവിൽ നേടുന്നതും ഈ സ്വാതന്ത്ര്യം, ഈ സുഖം ഒക്കെ തന്നെയാണ്! എനിക്ക് വിചിത്രമായി തോന്നിയതെന്തെന്നാൽ.. ഏഷ്യയിലെ ഒരു സ്ത്രീ കഠിനത്യാഗങ്ങൾ ചെയ്ത് ഏഷ്യൻ ചങ്ങല പൊട്ടിച്ച്, വിദേശത്തുചെന്ന് സുഖം കണ്ടെത്തുമ്പോൾ, വിദേശത്തുള്ള സ്ത്രീ അവിടുത്തെ സ്വാതന്ത്ര്യത്തിന്റെ വിശാലത ത്യജിച്ച്, ഏഷ്യയിൽ വന്ന് അവിടത്തെ ചങ്ങലയ്ക്കുള്ളിൽ തന്നെ ഇട്ട്, പാകപ്പെടുത്തി, ഒടുവിൽ അവരും തഥൈവ! ഒടുവിൽ രണ്ട് സ്ത്രീകളും ഒരു പുരുഷനിൽ നിന്ന് അനുഭവിക്കാനാകുന്ന സുഖം അതിന്റെ പരമോന്നതിയിൽ അനുഭവിച്ച് ലക്ഷ്യം സാഷാത്കരിക്കുന്നു

സ്ത്രീകളൊക്കെ സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്ന് ഉല്ക്കോഷിക്കുന്നത് ഇതിനു മാത്രമോ?! അതോ എല്ലാ നല്ല സ്വാതന്ത്ര്യങ്ങളും ഒടുവിൽ ചെന്നെത്തുന്നത് മനുഷ്യന്റെ ബേസിക്ക് ആഗ്രഹങ്ങൾ ഭംഗിയായി നിറവേറ്റാൻ പറ്റുന്നിടത്തോ?!



# പുരുഷാർത്ഥക്കൂത്തും രാജസേവയും

അനിയൻ കൂറ്റർ



ശരിയായ പേര് ഡോ. കെ.പി. സുബ്രഹ്മണ്യൻ. 1958ൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് കൂറ്റർ മനയിൽ ജനനം. അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ഭൗതിതശാസ്ത്രത്തിൽ ശാസ്ത്രജ്ഞനായി ജോലി ചെയ്തുവരുന്നു. കർണ്ണാടക സംഗീതത്തിലും സാഹിത്യത്തിലും തൽപ്പരൻ. 'പലായനം' എന്ന കഥ 2007-ൽ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. സ്വപിതാവായ ശ്രീ കൂറ്റർ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ മുഖത്തുനിന്നും സ്വീകരിച്ച വിവരങ്ങളും (വിശേഷിച്ച്, ഇതിൽ ഉദ്ധരിച്ച ശ്ലോകങ്ങളും അവയുടെ സാരവും), അനുബന്ധമായി പല പുസ്തകങ്ങളിൽ നിന്നും ഉൾക്കൊണ്ട വിശദാംശങ്ങളുമാണ് ഈ ലേഖനത്തിന്റെ ആധാരം.

പണ്ട്, രാജാക്കന്മാരും നാടുവാഴികളും രാജ്യം ഭരിച്ചിരുന്ന കാലത്ത് അവരുടെ ദർബാറുകളിലെ വിദൂഷകർക്ക് ഒരു പ്രത്യേകദൗത്യം ഉണ്ടായിരുന്നു. രാജഭരണത്തിലെ അപാര്യപ്തതകളും, പാളിച്ചകളുമെല്ലാം രാജാക്കന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ഒരു ഉപാധിയായിരുന്നു ഈ വിദൂഷകർ. സാധാരണക്കാർക്ക് തീക്ഷ്ണരും കർക്കശ സ്വഭാവമുള്ളവരുമായ പ്രജാപാലകരെ നേരിട്ടു സമീപിച്ചുകൂടാ. രസക്കേടുളവാക്കിയേക്കാവുന്ന വിമർശനമതങ്ങൾ ഹാസ്യത്തിന്റേയും നർമ്മത്തിന്റേയും തേൻ ചാലിച്ച്, സമയവും സന്ദർഭവും നോക്കിവേണം തിരുവുള്ളം ബോധിപ്പിക്കാൻ. അതിനുള്ള പ്രത്യേകസേവകാരാണ് ദർബാറിലെ സ്തുതിപാഠകരായ സൂതന്മാർ. അക്ബറിന്റെ വിദൂഷകനായ ബീർബലിലും, വിജയനഗരസാമ്രാജ്യത്തിലെ കൃഷ്ണദേവരായരുടെ ഇഷ്ടതോഴനായിരുന്ന തെനാലിരാമനിലുമൊക്കെ ചക്രവർത്തിയുടെ രാജപരിവേഷത്തെ ഭഞ്ജിച്ച് ഉള്ളറിഞ്ഞ ചങ്ങാതിയാകാൻ കെൽപ്പുള്ളവരും, കൂർമ്മബുദ്ധിമാന്മാരും പ്രത്യുൽപ്പന്നമതികളുമായ ഇത്തരം സ്തുതിപാഠകരെ നാം കാണുന്നു. ഈ ഒരു വംശവിഭാഗം, ഭാരതത്തിലെ പല ഭൂഭാഗങ്ങളിലും പല പേരിൽ അറിയപ്പെടുന്നു. ഗുജറാത്തിലെ 'ബാറോട്ട്' എന്ന സമുദായക്കാരെ പരിശോധിക്കുക. ഗ്രാമങ്ങൾ തോറും നിരന്തരം സഞ്ചരിച്ച് വാർത്താവിനിമയം ചെയ്തുപോരുന്ന ക്ഷേമതൽപരരായ ഒരു സമുദായമാണ് ഇവർ. ഓരോ ഗ്രാമത്തിലേയും ജനനമരണങ്ങൾ, വിവാഹങ്ങൾ വഴി പടർന്നുപന്തലിക്കുന്ന ബന്ധപരമ്പരകൾ മുതലായ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കുക എന്ന ജോലി ഇവർ അടുത്ത കാലം വരെ കുലത്തൊഴിലായി ചെയ്തിരുന്നു. പല ദേശങ്ങളിലും ഇവരുടെ തൊഴിൽ സ്വഭാവത്തിൽ വ്യത്യസ്തത കാണപ്പെടുമെങ്കിലും, കഥനങ്ങൾ വഴി ദേശവാർത്തകളും നീതിസാരങ്ങളും ജനങ്ങൾക്കിടയിൽ എത്തിക്കുക എന്ന ദൗത്യം എല്ലാ ദേശങ്ങളിലേയും സൂതന്മാർക്കിടയിൽ പൊതുവായി കാണാം.

കേരളത്തിലെ സൂതന്മാർ

ഒരുകാലത്ത് സമുദ്രം പിൻവാങ്ങിയുണ്ടായ



കരയാണ് കേരളം എന്നാണല്ലോ അഭിജ്ഞമതം. ഭാർഗ്ഗവക്ഷേത്രമായ കേരളത്തിലെ സമുദായപ്രതിഷ്ഠയും ആചാരാനുഷ്ഠാനങ്ങളുടെ ക്രോഡീകരണവും നിർവ്വഹിച്ചത് പരശുരാമനാണ് എന്നാണ് ഐതിഹ്യം. ഇരുപത്തൊന്നു പ്രാവശ്യം ക്ഷത്രിയവംശത്തെ നശിപ്പിക്കുവാൻ തുനിഞ്ഞ ഭാർഗ്ഗവരാമൻ പാപപരിഹാരത്തിനായി ഭൂദാനം ചെയ്യുവാൻ കേരളക്കരയെയാണ് കണ്ടെത്തിയത്. ഇന്ന് 'ദൈവത്തിന്റെ സ്വന്തം നാടായ' മലയാളഭൂമി, അക്കാലങ്ങളിൽ ഇടതൂർന്ന വനങ്ങളും ചതുപ്പുനിലങ്ങളും നിറഞ്ഞ അഭിശപ്തമായ ഒരു ഭൂപ്രദേശമായിരുന്നു. കൊടിയ സർപ്പഭീതിയാൽ ഒരു ജനതയും ഈ ഭൂഭാഗത്തെ വാസപ്രദേശമാക്കാൻ തുനിഞ്ഞിരുന്നില്ല. ഈ നാട്ടിലേക്കാണ് പരശുരാമൻ കൃഷ്ണാനദീതീരത്തും ഗോദാവരീതടത്തും താമസിച്ചിരുന്ന ജനവിഭാഗത്തെ ബലമായി കൊണ്ടുവന്നു പാർപ്പിച്ചത്. സ്വദേശത്തേക്ക് അവർ തിരിച്ചുപോകുന്നതു തടയുവാൻ വേണ്ടിയായിരിക്കാം അദ്ദേഹം തുലോം വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങൾ ഇവരെ ശീലിപ്പിച്ചത്.

പരശുരാമൻ പരദേശത്തുനിന്നും കൊണ്ടുവന്നുപാർപ്പിച്ച സൂതകുലജാതരാണ് ഇന്നത്തെ ചാക്യാന്മാർ. കേരളത്തിലെ സൂതകുലത്തിന് ഒരു സവിശേഷത ഉണ്ട്; ഇതും ഭാർഗ്ഗവൻ തുടങ്ങിവെച്ച ആചാരമായാണ് കണക്കാക്കപ്പെടുന്നത്. കേരളത്തിലെ ഉന്നതകുലദമ്പതികളുടെ വിവാഹബന്ധങ്ങളിൽ അറിഞ്ഞോ അറിയാതെയോ അനുലോമദോഷം വന്നുപെട്ടാൽ, അതിൽ ജനിക്കുന്ന പുരുഷപ്രജകളെ സൂതകുലത്തിൽ ചേർക്കുന്ന സമ്പ്രദായം പരശുരാമൻ തുടങ്ങിവെച്ച സവിശേഷ ആചാരമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ബ്രാഹ്മണസമുദായത്തിൽ കോളിളക്കം സൃഷ്ടിച്ച 'താത്രിക്കുട്ടി സ്മാർത്തവിചാരം' നിമിത്തം ചാക്യാന്മാരായി തീർന്ന ഒട്ടേറെ നമ്പൂതിരിയുവാക്കളുടെ ചരിത്രം നമുക്ക് അറിവുള്ളതാണല്ലോ. ബീജം അഥവാ പാത്രം - ഇവയിലൊന്ന് 'ശ്രേഷ്ഠ'മാണ് എന്ന കൽപ്പനയാൽ, ഇവർ 'ശ്ലാഘ്യകുലജന്യർ' അഥവാ 'ശ്ലാഘ്യർ' എന്ന പേരിൽ അറിയപ്പെട്ടു. ഈ പദം ലോപിച്ചാണ് 'ചാക്യാർ' എന്ന കുലനാമം ഉണ്ടായത്.

സൂതവംശജരായ ചാക്യാന്മാർ പൊതുവെ സാമൂഹ്യവിമർശനം എന്ന ദൗത്യം ചെയ്തുപോന്നിരുന്നെങ്കിലും, അവർ ബീർബലിനെ പോലെയോ, തെനാലിരാമനെ പോലെയോ രാജപരിവാരത്തിലെ ഒരു അംഗം ആയിരുന്നില്ല അനുഷ്ഠാന ശിക്ഷണത്തോടെ പരമ്പരാഗതമായി അറിവുനേടിയ വിദ്വോത്തമന്മാരായിരുന്നു ഇവർ. സംസ്കൃതനാടകം, അലങ്കാരശാസ്ത്രം, വ്യാകരണശാസ്ത്രം, ഭാരതം, അഷ്ടാദശ പുരാണങ്ങൾ, ഭരതനാട്യശാസ്ത്രം എന്നിവ അവഗാഹമായി പഠിച്ച്. പുരാണങ്ങളെ പ്രബന്ധമാക്കി സഭകളിൽ ആടി, ദേവനും ജനങ്ങൾക്കും പ്രീതി നൽകുന്നത് അവർ കുലവൃത്തിയായി കൽപിച്ചിരുന്നു. പണ്ഡിതസഭകളിൽ അവതരിപ്പിച്ചിരുന്ന ഈ കലകൾ, ശൈലി, മനോധർമ്മം, വാച്യാഭിനയം, രസാഭിനയം മുതലായ മേഖലകളിൽ ഉന്നതപദവിയാണ് നേടിയിരുന്നത്. സമീപകാലത്ത് ആവിർഭവിച്ച കഥകളിസമ്പ്രദായത്തിന് ചാക്യാന്മാരുടെ കലാപാടവങ്ങളിൽ നിന്നും ഉൾക്കൊള്ളുവാൻ ഏറെയുണ്ടായിരുന്നു. ഒരു വേള, രസസ്ഫുരണത്തിൽ നേത്രാഭിനയത്തിന്റെ മാറ്റ് കഥകളിയിലേക്കാളേറെ കൂടിയാട്ടത്തിൽ പ്രകടമായി കാണാം. ഇന്നുള്ള പല കഥകളി ആചാര്യന്മാരും കൂടിയാട്ടത്തിലെ



കുലപതിയായിരുന്ന പദ്മശ്രീ മാണിമാധവച്ചാക്യാരുടെ പക്കൽ നിഷ്കർഷയായി നേത്രാഭിനയം പഠിച്ചവരാണ് എന്നത് മുൻചൊന്നതിന് നിദർശനമാണ്.

ആചാരാനുഷ്ഠാനങ്ങളിലും ശാസ്ത്രാവബോധത്തിലും ഇത്രയും കെട്ടുറപ്പുള്ള ഒരു കല, സമൂഹവിമർശനം എന്ന ദൗത്യം എങ്ങനെ സ്വന്തം ചിറകിൻകീഴിൽ ഒതുക്കിനിർത്തി എന്നത് അതിശയമുളവാക്കുന്ന ഒരു വസ്തുതയാണ്. പരശുരാമനാൽ തുടക്കം കുറിക്കപ്പെട്ട് കാലക്രമേണ കീഴ്മേൽ പരിവർത്തനം സംഭവിച്ച ഇവരുടെ അനുഷ്ഠാനത്തിൽ ഈ ദൗത്യം പിന്തുടർന്നു കാണപ്പെടുന്നത് ചാക്യാന്മാരുടെ സൂതപാരമ്പര്യം ഒന്നുകൊണ്ടുമാത്രമാണ്. പ്രസ്തുതവിഷയത്തിൽ, കേരളത്തിലെ ചാക്യാന്മാരും, കേരളത്തിനു പുറമേയുള്ള സൂതവംശജരും തുലോം വ്യത്യസ്തമായ രീതികൾ അവലംബിച്ചതായി കാണാം. ബീർബൽമാരും തെനാലിരാമന്മാരും ദർബാറുകളിൽ അതാതു ചക്രവർത്തിമാരുടെ കാതുകളിൽ സന്ദേശം നേരിട്ടെത്തിക്കുമ്പോൾ ചാക്യാന്മാർ വിമർശനവേദിയൊരുക്കുന്നത് ക്ഷേത്രങ്ങളിലോ ഗ്രാമസഭകളിലോ അവർ അവതരിപ്പിക്കുന്ന 'പ്രബന്ധപാഠകം' എന്ന കൂത്തുകളിലാണ്. നേരിട്ടു സംവദിക്കുന്ന വിമർശനമായല്ല അവരുടെ അവതരണം; പ്രത്യുത, പുരാണകഥകളിലോ ഉപകഥകളിലോ സന്ദർഭത്തിന് ചേർന്ന രീതിയിൽ സ്വൽപം പാഠഭേദം വരുത്തി വിമർശനവിഷയങ്ങൾ പരോക്ഷമായി അവതരിപ്പിക്കുന്ന രീതിയാണ് ഇവർ ചെയ്യുന്നത്.

ഈ രീതിക്ക് അതിന്റേതായ മികവുകളുമുണ്ട്. നേരിട്ടുള്ള ആക്ഷേപഹാസ്യം ഉളവാക്കിയേക്കാവുന്ന വ്യക്തിവിദ്വേഷങ്ങൾ ഈ രീതിയിൽ ഏറെ കുറഞ്ഞിരിക്കും. ആക്ഷേപങ്ങൾ സ്വീകരിക്കുന്ന ചെവികളോ? സമുദായത്തിലെ വരേണ്യവർഗ്ഗകാരായ പണ്ഡിതരുടേയും! രാജഭരണത്തിലും ജനാഭിപ്രായങ്ങൾക്ക് മാന്യത നൽകുവാൻ ഈ രീതിക്ക് കഴിവുണ്ടെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

പുരുഷാർത്ഥത്തിലെ രാജസേവ

സഭകളിൽ സന്നിഹിതരായ ജനങ്ങളുടെ മനോരഞ്ജനത്തിനു വേണ്ടി ചാക്യാന്മാർ ഒരുക്കിയ കലയാണ് പുരുഷാർത്ഥക്കൂത്ത്. മനുസ്മൃതിപ്രകാരം പുരുഷാർത്ഥങ്ങൾ ധർമ്മാർത്ഥകാമമോക്ഷം എന്നിങ്ങനെ നാലായി വിഭജിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനായി ജനിച്ച് മരണംവരേയും ഓരോരുത്തനും ശീലിച്ചുപോരേണ്ട രീതിയെക്കുറിച്ചുള്ള അനുശാസനമാണ് പുരുഷാർത്ഥങ്ങൾ. ഈ അനുശാസനങ്ങളെ ചാക്യാന്മാർ നർമ്മരസത്തോടെ പാഠഭേദം വരുത്തി അവതരിപ്പിക്കുന്ന പ്രബന്ധരീതിയാണ് പുരുഷാർത്ഥക്കൂത്ത്. ഇങ്ങനെ പുനർന്നിർവ്വചിച്ച പുരുഷാർത്ഥങ്ങൾ 'വിനോദം, വഞ്ചന, അശനം, രാജസേവ' എന്നീ നാലു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ, 'രാജസേവ' എന്ന പുരുഷാർത്ഥത്തെ ചാക്യാന്മാർ എങ്ങനെ നിർവ്വചിച്ചിരിക്കുന്നു എന്നു പരിശോധിക്കുന്നത് രസകരമാണ്. എന്തുകൊണ്ടെന്നാൽ, രാജസേവയും വിമർശനവും കുലത്തൊഴിലായി സ്വീകരിച്ചവർ, തങ്ങളുടെ ദൗത്യത്തെ നർമ്മഭാവനയിൽ ഏതു രീതിയിലാണ് സ്വയം വിലയിരുത്തുന്നത് എന്നത് രസകരമാവാതെ തരമില്ലല്ലോ.

രാജസേവകുള്ള കഴിവിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? ചാക്യാന്മാർ നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്:

രാജസേവാ മനുഷ്യാണാം
അസിധാരാവലേഹനം
പഞ്ചാനന പരിഷ്വംഗോ
വ്യാളീ വദനചുംബനം.

രാജസേവക്ക് ആദ്യമായി വേണ്ടത് നല്ലവണ്ണം സ്വാധീനമുള്ള നാവാണ്! എത്രത്തോളം സ്വാധീനം വേണം നാവിന്? നല്ല മൂർച്ചയുള്ള, പുതിയ വാളിൻ തുമ്പത്ത് നാവു മുറിയാതെ നക്കുവാനുള്ള നാവുവഴക്കം! ('പുതുവാളിനെ വേണമെങ്കിൽ നക്കാം!' എന്നു പറഞ്ഞു ചാക്യാർ സദസ്സിനെ ചിരിപ്പിക്കുന്നു.) പിന്നെ വേണ്ടത് നെഞ്ചൂക്കാണ്. കാട്ടിൽ ചെന്ന് ഒരു സിംഹത്തെ കെട്ടിപ്പിടിക്കത്തക്ക നെഞ്ചൂക്ക്! ഇതുകൊണ്ടുമാത്രമായില്ല, ദൈവാനു?ഹം കൂടിവേണം. പെറ്റുകിടക്കുന്ന ഒരു കൃഷ്ണസർപ്പത്തിന്റെ വദനത്തിൽ ചുംബിച്ച് അതിന്റെ ദംശനം ഏൽക്കാതെ തിരിച്ചുപോരാനുള്ള ദൈവാനുഗ്രഹം! ('വ്യാളീ എന്നത് ആളീ (തോഴി) എന്നാക്കിയാൽ ചുംബനം നൽകാം' എന്നു ചാക്യാർ!)

രാജസേവയുടെ ആദ്യത്തെ പടി, തീക്ഷ്ണനായ

രാജാവിന്റെ കാഠിന്യപരിവേഷത്തെ ഭഞ്ജിച്ച് മനോസാമീപ്യത്തിനുള്ള വഴി ഒരുക്കലാണ്.

'രാജത്വ'ത്തിന്റെ പുറംചട്ട അഴിച്ചുവെച്ച രാജാവിനു മുമ്പിൽ വിദൂഷകൻ മനസ്സിണങ്ങിയ ഒരു തോഴനായി മാറുന്നു. അതായത്, 'തുല്യത' കൈവരുന്ന അവസരം വന്നാൽ, പരിവേഷഭഞ്ജനം നടന്നു! ആയതിനാൽ, വിദൂഷകപ്രവേശത്തോടെ രാജാവും തോഴനും പല രീതിയിലും തുല്യരാണ് എന്നതിനുള്ള സ്ഥാപനാശ്രമം തുടങ്ങുകയായി. ഇതിലെ നാന്ദിശ്ലോകം ശ്രദ്ധിക്കുക:

അഹം ച ത്വം ച രാജേന്ദ്ര!
ലോകനാഥാവുഭാവയം
ബഹുവ്രീഹി സമാസോഹം
ഷഷ്ഠീ തത്പുരുഷോ ഭവാൻ!

അല്ലയോ രാജാവേ, നാം രണ്ടുപേരും 'ലോകനാഥന്മാർ' ആകയാൽ സമന്മാർ ആണ്! നാമം ഒന്നുതന്നെ, സമാസത്തിൽ മാത്രമേ വ്യത്യാസം വരുന്നുള്ളൂ. ബഹുവ്രീഹിസമാസപ്രകാരം, 'ലോകം ആർക്കാണോ നാഥനായിട്ടുള്ളത് (ലോകമേ തറവാട്!), അയാൾ ലോകനാഥൻ' എന്ന അർത്ഥം എന്നെ സംബന്ധിച്ചും, 'ലോകത്തിന്റെ നാഥൻ' എന്ന ഷഷ്ഠീ തത്പുരുഷസമാസപ്രകാരമുള്ള അർത്ഥം അങ്ങയെ സംബന്ധിച്ചും കൈക്കൊള്ളേണ്ടിയിരിക്കുന്നു!

പാണ്ഡിത്യവും നർമ്മവും സമ്മിളിതമായ ഒരു പ്രത്യേക അനുഭൂതിയാണ് ഈ സന്ദർഭത്തിൽ സദസ്യർക്ക് ഉളവാകുക.

പേരുകൾ മാത്രമല്ല, നമ്മുടെ വീടുകളും ഒരുപോലെയാണ് എന്നാണ് വിദൂഷകന്റെ അടുത്ത സ്ഥാപന. അതിലേക്ക് ചാക്യാർ ഉപയോഗിക്കുന്ന ശ്ലോകം ഇതാണ്:

പൃഥുകാർത്തസ്വരപാത്രം,
നിശ്ശേഷഭൂഷിതപരിജനം രാജൻ
വിലസൽക്കരേണുഭവനം,
സമ്പ്രതി സമമാവയോഃ സദനം!

രാജാവേ! അങ്ങയുടെ ഭവനത്തിൽ പൃഥുക്കളായ (വലിയ) കാർത്തസ്വരപാത്രങ്ങൾ (ചെമ്പുപാത്രങ്ങൾ) ധാരാളം ഉണ്ട്. എന്റെ ഭവനമോ? പൃഥുകങ്ങളുടെ (ചെറിയ കുട്ടികളുടെ) ആർത്തസ്വരങ്ങൾ (കരച്ചിലും ബഹളങ്ങളും) നിറഞ്ഞതും! അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ കേമമായ ആഡംബരാലങ്കാരങ്ങളോടു (ഭൂഷിതന്മാർ) കൂടിയവരാണ്. എന്റെ ഭവനത്തിലാകട്ടെ, വെറും (നിശ്ശേഷ) നിലത്ത് കിടന്നുറങ്ങുന്നവരും (ഭൂ-ശയിത)! അങ്ങയുടെ കൊട്ടാരപരിസരങ്ങളിൽ ധാരാളം പിടിയാനകൾ (കരേണു) വിലസിക്കുന്നു. എന്റെ ഭവനമോ? പെരുച്ചാഴികൾ (വിലസൽക്കങ്ങൾ) തുരന്നുണ്ടാക്കുന്ന പൊടി (രേണു) നിറഞ്ഞതും. അപ്പോൾ, ഭവനത്തിന്റെ കാര്യത്തിലും, നാം സമന്മാരല്ലേ?!

ഈ രീതിയിൽ, സമത്വസ്ഥാപനത്തിനു ശേഷം ഉള്ളയഞ്ഞ രാജാവ് സൗഹൃദപ്രകടനത്തിനു സന്നദ്ധനാകുന്നു. സ്വാഭാവികമായും ആദ്യം ചോദിക്കാവുന്ന ചോദ്യം ആഗമനോദ്ദേശമാണ്. അതിന് വിദൂഷകൻ നൽകുന്ന മറുപടി ഏറെ വിചിത്രമാണ്. ദാരിദ്ര്യത്തിന്റെ മഹത്വം!... അതുനിമിത്തമാണ് ഞാൻ അങ്ങയെ കാണുവാൻ തുനിഞ്ഞത് എന്നാണ് വിദൂഷകന്റെ മറുപടി!

ദാരിദ്രസ്യ ദയാലുത്വം
കിം ബ്രവീമി മഹീപതേ!
ആത്മനാശമനാദൃത്യ
ഭവന്തം മാം അദർശയൻ!

അല്ലയോ രാജാവേ! ദാരിദ്ര്യത്തെപ്പോലെ ഇത്ര ദയാലുവായൊരു വസ്തു ഈ ഭൂമിയിൽ ഉണ്ടാവില്ല. അങ്ങയെ ഞാൻ വന്നുകണ്ടാൽ സ്വനാശം (ദാരിദ്ര്യത്തിന്റെ നാശം) സംഭവിക്കുമെന്ന് അതിന് (ദാരിദ്ര്യത്തിന്) നല്ലപോലെ അറിയാം. എന്നിട്ടും എന്നെ അങ്ങയുടെ മുമ്പിൽ കൊണ്ടുവന്നുനിർത്തിയതും ദാരിദ്ര്യം തന്നെ! അതിന്റെ മഹത്വം നാം എങ്ങനെ വാഴ്ത്തും?

എത്ര കഠിനഹൃദയനായാലും, രാജാവ് ഈ സ്തുതിയിൽ മയങ്ങാതിരിക്കുമോ?

ഇതിന്നിടയിൽ 'മഹാരാജ ശ്രീമൻ ജഗതി യശസാ തേ ധവളിതേ...' എന്നു തുടങ്ങുന്ന വ്യാജസ്തുതികളുമുണ്ട്. രാജാവിന്റെ പ്രശസ്തി പരന്നൊഴുകുകയാൽ സംഭവിച്ച അങ്കലാപ്പുകളുടെ ചിത്രണമാണ് ഈ വ്യാജസ്തുതിയിൽ. യശസ്സ് വെളുത്തതാണല്ലോ. അതു പരന്നൊഴുകുകയാൽ ഭ?വാൻ വിഷ്ണുവിന് ഏതു സമുദ്രമാണ് പാലാഴി എന്ന് തിരിച്ചറിയാൻ വയ്യാതെയായത്രെ! എല്ലാ സമുദ്രങ്ങളും വെളുത്തതായാൽ, പാലാഴി എങ്ങനെ തിരിച്ചറിയും? ഇതേ അങ്കലാപ്പുകൾ ദേവേന്ദ്രന് ഐരാവതത്തെയും, ശിവന് കൈലാസത്തെയും ബ്രഹ്മാവിന് വാഹനമായ അരയന്നത്തേയും, രാഹുവിന് (ഗ്രഹണസമയത്ത്) ചന്ദ്രനെയും തിരിച്ചറിയുന്നതിൽ സംഭവിച്ചു എന്നുകൂടി



പറയുമ്പോൾ രാജാവിന്റെ മിഥ്യാഭിമാനത്തിന് അതിരില്ലാതെയാവുന്നു.

രാജാവിന് അകാംക്ഷയുളവാക്കുന്ന രീതിയിൽ വിടുവായത്തരം പറഞ്ഞ്, അവസാനം നർമ്മബുദ്ധിയാൽ ജയിക്കുന്ന ഒരു രംഗമാണ് 'ലക്ഷ്മീ, കീർത്തി, കൃപാണി...' എന്ന ശ്ലോകത്തിൽ ചാക്യാർ അവതരിപ്പിക്കുന്നത്. രാജാവിന് മൂന്നു ഭാര്യമാരുണ്ടെന്നും അവർ മൂന്നുപേരും ദുർന്നടപ്പുകാരാണെന്നുമാണ് ആരോപണം! ആരാണ് ഈ മൂന്നു ഭാര്യമാർ? ലക്ഷ്മി (ധനം), കീർത്തി (യശസ്സ്), പിന്നെ കൃപാണി (ഉടവാൾ) എന്നിവർ. ലക്ഷ്മി എപ്പോഴും അങ്ങയുടെ ആശ്രിതന്മാരുടെ മടിയിലിരിക്കുന്നു; കീർത്തി സ്വന്തം രാജ്യം വിട്ട് അയൽരാജ്യങ്ങളിലേക്കും പോകുന്നു, പിന്നെ കൃപാണി. അവളാകട്ടെ എപ്പോഴും ശത്രുക്കളുടെ നെഞ്ചത്താണ് താമസം! ഇവർ ദുർന്നടപ്പുകാരല്ലെങ്കിൽ, പിന്നെ ആരാണ്?!

ദരിദ്രനാണെങ്കിലും എനിക്കുമുണ്ട് മൂന്നു ഭാര്യമാർ (രാജാവായി 'സമത്വം' വേണമല്ലോ!). അങ്ങയുടെ ഭാര്യമാരെപ്പോലെയല്ല ഇവർ; എന്നെ ഒട്ടും പിരിഞ്ഞുപോകാത്തവരാണ് ഇവർ.

ക്ഷുത്-തൃട്-ആശാ കുടുംബിന്യഃ
മയി ജീവത്യനന്യഗാഃ
താസാമന്ത്യാ പ്രിയതമാ
ഏഷാ വിഭ്രമമീദൃശം!

വിശപ്പ്, കൊതി, (എന്തെങ്കിലും കിട്ടും എന്ന) ആശ... ഇവരാണ് എന്റെ മൂന്നു ഭാര്യമാർ. ഇവരാകട്ടെ, എന്നിൽ ജീവനുള്ളിടത്തോളം കാലം എന്നെ വിട്ടു പിരിയുകയുമില്ല. ഇതിൽ അവസാനത്തെ ഭാര്യയുണ്ടല്ലോ... അവളുടെ പ്രേരണയാലാണ് ഞാനിവിടെ വന്നിരിക്കുന്നത്!

ഈ രീതിയിൽ, യാചനയാണ് എന്ന് തീരെ തോന്നാത്ത വിധത്തിൽ സ്വന്തം പ്രാരാബ്ധങ്ങൾ നിരത്തിവെക്കുകയും, രാജാവിന് സരസനിമിഷങ്ങളേകുകയും, ഇടക്ക് ചൊടിപ്പിക്കുകയും അടുത്ത നിമിഷത്തിൽ തന്നെ ബുദ്ധിവ്യാപാരത്താൽ അദ്ദേഹത്തെ വെന്നുകയും ചെയ്യുന്ന ഈ വിദൂഷകൻ രാജാവിന്റെ മാത്രമല്ല, കൂത്ത് ശ്രവിക്കുന്ന ഏവരുടേയും ഇഷ്ടതോഴനായി മാറുന്നു.

രാജസേവയുടെ ആനുകാലിക പ്രസക്തി
തികച്ചും മനോരഞ്ജനത്തിനുവേണ്ടി രൂപകൽപന ചെയ്ത രാജസേവയിലൂടെ ചാക്യാർ അനുവാചകനെ ആസ്വാദനത്തിന്റെ പല തലങ്ങളിലും എത്തിക്കുന്നു. അവർ സഭകളിൽ പാകുന്ന വിത്തുകൾ മുളക്കുന്നത് അനുവാചകരുടെ മനസ്സുകളിലാണ്. പണ്ഡിതരെ ചാക്യാരുടെ കാവ്യവ്യുൽപത്തിയും സംസ്കൃതഭാഷാപാണ്ഡിത്യവും ആകർഷിക്കുമ്പോൾ, സഹൃദയരുടെ കാതുകൾക്ക് അമൃതവർഷമായിത്തീരുന്നു ചാക്യാർകൂത്ത്. ഇതിൽനിന്നും ശ്രദ്ധാപൂർവ്വം ചികഞ്ഞെടുക്കാൻ ഇനിയും പലതുമുണ്ട്. രാജസേവ എന്നതിനെ പൊതുവായ അർത്ഥത്തിൽ എടുത്താൽ, വ്യവഹാര ശാസ്ത്രം എന്ന രീതിയിലും കാണാവുന്നതാണ്. പരേംഗിതം എന്തെന്ന് മുൻകൂട്ടി മനസ്സിലാക്കി അതനുസരിച്ച് പെരുമാറാനുള്ള കഴിവ്... ഇതുതന്നെയല്ലേ ഇന്നു നാം മാനേജ്മെന്റ് സ്കൂളുകളിൽ പഠിപ്പിക്കുന്ന ഒരു വിഷയം? പ്രൊജക്റ്റ് മാനേജ്മെന്റ് എന്ന വിഷയത്തിൽ, സ്വന്തം കഴിവ് ഉപയോഗിക്കുന്നത് ഏറെയും സഹപ്രവർത്തകരുടെ വൈരുദ്ധ്യമാർന്ന കഴിവുകളെ ഏകോപിപ്പിക്കാനാണ്. പലതരത്തിലുള്ള ജനങ്ങളുമായി ദൈനംദിനവ്യവഹാരങ്ങളിൽ ഏർപ്പെടുന്നവർ അറിഞ്ഞിരിക്കേണ്ടുന്ന, പരയത്നങ്ങൾ സ്വന്തം പദ്ധതികളിലേക്ക് ചേർക്കേണ്ട സന്ദർഭങ്ങളിൽ ഉപയോ?ിക്കേണ്ടിവരുന്ന 'ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ്' മുതലായവയുടെ ബാലപാഠങ്ങൾ ചാക്യാർ അവതരിപ്പിക്കുന്ന 'രാജസേവ'യിൽ നിന്നും ചികഞ്ഞെടുക്കാവുന്നതാണ്.

ചില രാജ്യങ്ങളിൽ ഇന്നും രാജഭരണം നിലവിലുണ്ട്. ജനായത്തഭരണമായാലും സോഷ്യലിസ്റ്റ് ഭരണമായാലും ഭരണത്തിന്റെ തലപ്പത്തിരിക്കുന്നത് മനുഷ്യർ തന്നെ. രാജാവിനെപ്പോലെ തന്നെ വികാരജീവികളാണ് ഇന്നത്തെ ഭരണത്തലവന്മാരും. ആയതിനാൽ ചാക്യാന്മാർ നമ്മെ പഠിപ്പിക്കുന്ന രാജസേവയുടെ പ്രസക്തി ഇന്നും ഉണ്ട് എന്നുതന്നെ വേണം കരുതുവാൻ.

അനുബന്ധം
വർഷങ്ങൾക്കു മുമ്പ് ടെലിവിഷനിൽ കണ്ട ഒരു രംഗം ഓർമ്മ വരുന്നു. ഇന്ത്യയും അമേരിക്കയും തമ്മിൽ 'ന്യൂക്ലിയർ' കരാറുകൾ പലതും പുതുക്കിപ്പണിതിരുന്ന കാലം. 2007 ജൂൺ മാസത്തിൽ, അമേരിക്കൻ സെക്രട്ടറി ശ്രീമതി കോണ്ടോലിസ റൈസിനെ സന്ദർശിച്ച ഇന്ത്യൻ പ്രതിനിധി ഒരു കുട മാമ്പഴമാണ് അവർക്ക് കാഴ്ച വെച്ചത്! യുറേനിയവും മാമ്പഴവും തമ്മിൽ 'കടലും കടലാടിയും' തമ്മിലുള്ള വ്യത്യാസമുണ്ടെങ്കിലും, ശ്രീമതി റൈസിന് അനുഭവപ്പെട്ട സന്തോഷം നിസ്സീമമായിരുന്നത്രെ!

ഇത്തരം നയതന്ത്രങ്ങൾ തന്നെയായിരിക്കണം, രാജസേവയിലെ വിദൂഷകൻ നമ്മെ പഠിപ്പിക്കുന്നത്. ▲

# Blame Game : A Shame !

*Dr Chitra Krishnakumar*



**Preemptive strike**

"I am going to fail my exams Ma," my daughter declared. " Be positive as everyone recommends even if you know for sure you are going to fail, you have to convince yourself by saying that you will pass. Don't be a loser." I said with a grin.

"This is being realistic Mom it's not being your silly unrealistically positive."

I went into my mother-nag mode. "You should have thought of this earlier when you were spending so much time on your CCA, talking to friends on the pho...." I was interrupted just as I was getting carried away as she deftly threw her water bottle and thanks to my quick reflexes of long standing endurance it landed exactly where I had been a second ago.

Quick to contribute to the squabble and disappointed that I was not struck by the missile my husband took it from there. "You should know your priorities, you don't know....."

The door slammed shut.

He was unable to complete too, looked sheepish, which made me happy.

A second later the door opened my daughter's head popped out. "You don't know anything what I am going through, so much to do, so little time. CCA is compulsory. You forced me to take the subjects I don't like. YOU! And instead of helping me all you do is blame, BLAME!"

And with a loud wail the head pulled in.

My husband immediately turned to me. I knew what was coming and so I quickly moved out of the room.

The Blame Game had started.

Rather than accept our follies and our weakness we do push the blame around...more like a game of passing the parcel. We never bother to do introspection nor do we quickly accept our mistakes. If the Blame Game doesn't work then we strike with more hurtful words or deeds .....call it Terrorism big or small!

**Advantages**

In politics it ends in wars or is used as a ploy to begin wars. This also happens at high end political meets and Conventions probably engineered as they do not want to reach a consensus or decisions or to enjoy another summit which comes with five star comforts. Generally when we push the blame to somebody else we do feel a sense of relief as we are removed from immediate ownership and ensuing remorse. The excuses 'We didn't want to do it!' 'We were compelled to!' 'It is circumstances' and so on. An easy mode of escape, this shifting of Blame. And we shamefully resort to it as it gives us some mental peace even though it may be short-lived particularly if the person or persons blamed is out of ear shot and unable to defend themselves.

**Hypocrisy and Fate**

The other day I had burnt the food I was preparing. I was cursing silently the stove, the pan, the phone calls that had interrupted the cooking when my daughter burst into the scene happiness writ all over her face. This being not her usual disgruntled expression I was pleasantly surprised. "What makes you so happy today? Your expression is so different from the usual," I said, curious. Prompt came the reply. "Ugh! What? Okay! Never mind! Here I was so happy and going to tell you about it, now you have spoilt everything." And she walked out her sour expression back in place. So I never came to know what had made her so happy because she stuck to her "Never mind" in spite of my cajoling.

And another day all chirpy I went out to party feeling highly pleased with my efforts of trying to look good and feeling good. I felt highly elated

until someone in all goodness said, "You look tired. What happened to your usual charm? Why did u leave it behind? Why didn't you bring it with you?" I had never felt happier in my life but that moment the feeling of elation evaporated and a feeling of depression enveloped making the rest of the day tedious.

A whole lot of hypocrisy out there and we are happy to encourage hypocrisy as it makes us happy to hear the lie. Blame it on our attitude. And if things don't go the way we want we blame it on fate.

**From Infancy**

There is always this underlying sense of fear of ownership and ensuing consequences.

From infancy among siblings and in school it is always "He did it!" Later on in school life the sadistic delight of some students find devious means and manifests as 'Bullying' with false claims and repercussions getting louder, "YOU DID IT!" And now it is worse, the ubiquitous Cyber bullying with even more horrendous consequences.

I still remember in school when I was little, my friend pointing to a friend saying, "He did it." "What?" asked the teacher perplexed. "The urine there," he said. Everyone looked everywhere except the boy who said it looking at the exact spot where it was.

**Historically**

In our epics, in Ramayana, evil plotters like *Kaikeyi, Manthara* are blamed for sending *Sri Rama* to exile. *Sri Rama* is said to have never blamed anyone for his misfortunes. But eventually *Sri Rama*, incarnation of dharma, sends his pregnant wife to the forest to save himself and his kingdom the blame of ill repute befalling his wife as bespoken by his subjects.

The evil doers in Mahabharatha, *Kauravas,* were always blamed for plotting against the good *Pandavas*. Their warped behaviour in turn could be blamed on their 'visionless' upbringing; Father *Dhritarashtra,* who was blind and a mother *Gandhari*, who blinded herself, choosing not to see.

And the good *Pandavas* never accepted responsibility, that they had themselves to blame, for gambling their kingdom and wife.

In the Garden of Eden, the first man, caught in the first sin, turned to blame his wife. Adam said to God, *"The woman whom you gave to be with me, she gave me fruit of the tree, and I ate."* And Eve blamed the serpent. *"The serpent beguiled me, and I did eat."*




**Whom do we Blame**

Some interesting reasons I came across while reading.

In general we blame all and sundry. Our mood swings, on the weather. If we are late, the traffic signals. If we are angry, it's the irrational behaviour of people around us. If one dies due to smoking and lung cancer it's the tobacco company. If one's young daughter gets pregnant, it is lack of sex education by the school. (Personally I would say otherwise, it is teaching of sex education at an age when they are too vulnerable and know nothing about it, the cause). If our children are 'Spoiled Brats' it is due to television. If *rigor mortis* sets in while sitting in front of the computer it is social networking, video games and of course Bill Gates!

**In Conclusion**

We have only ourselves to blame. In reel life 'The Good' always take the blame, even when least required, for all the misdeeds of 'The Bad' and also forgiving generously where least required. But in real life things change. Ownership is important. It is a moral responsibility. We need to develop a sense of accountability. So it is necessary to do a kind of self introspection before we start the game. It is much simpler to swallow ego, pride, take ownership however bitter the results be and move on. Also, I tried the words 'Blame Game Game Blame!" is a tongue twister. It is life twisting!

▲

Dr Chitra Krishnakumar

Passionate about dance and music, presently President of Soorya (Singapore); Dance and Music Society showcasing fine classical arts.



# എന്റെ Facebook ഓണം

## ദീപക് പാറപ്പുറത്ത്

അന്നും പതിവുപോലെ അലാറത്തിന്റെ കൊലച്ചിരി തന്നെയാണ് എന്നെ ഉറക്കമുണർത്തിയത്, പുതപ്പിനുള്ളിൽനിന്നും കൈകള് iPhone ലേക്ക് നീണ്ടു, അതില് തുടങ്ങുന്ന എന്റെ ഒരു ദിനം...........

അരുണിന്റെയും ദിലീപേട്ടന്റെയും റിയാസിന്റെയും ഒക്കെ updates കണ്ടു 'Happy Onam' Wow!!! ഇന്ന് തിരുവോണം ആണ്!, കണ്ടയുടൻ like അടിച്ചു പിന്നെ same to you -comment ഉം കൊടുത്തു....

പതിവു status updates കളിൽനിന്നും വ്യത്യസ്തതക്കും കൂടുതൽ like കിട്ടാനുള്ള സ്വാർത്ഥയിലും ഞാന് നല്ലൊരു ഓണം post ഇടാനായി സർവവരദായിനി Google ഇൽ പരതി നല്ലൊരു post ഉം photo ഉം എന്റെ profile ഇൽ ഇട്ടു......

Video chat ചെയ്യാനായി ഈയടുത്ത് ഞാൻ തന്നെ അമ്മയ്ക്കും അച്ഛനും ഓരോ profile ഉണ്ടാക്കിയതിനാൽ രക്ഷയായി, അവരേയും tag ചെയ്തു.......

ഛെ! ഒരുപാടു നല്ല ഓണത്തിന്റെ ഓർമകൾ സമ്മാനിച്ച സ്വന്തം അമ്മയോടും അച്ഛനോടും ഇത്രയ്ക്കു modern ആകേണ്ടിയിരുന്നില്ല.......

അവർക്ക് മാത്രം ഒരു private message (PM) അയച്ചു" അമ്മയ്ക്കും അച്ഛനും നല്ലൊരു പൊന്നോണം ആശംസിക്കുന്നു - പൊന്നുമോന് ദീപു ........ഉമ്മ'

---

Deepak is a professional working in Singapore. He was an active participant in extracurricular activities such as story writing, Chendamelam etc in school days.

# ഒഴുക്കിൽ ഒതുങ്ങാതെ

## ബാബു എഴുമാവിൽ

പഞ്ചനക്ഷത്ര ഹോട്ടലിന്റെ ഫ്രണ്ട് റൂം മാനേജരായി നിയമിക്കപ്പെട്ടതിന്റെ അഞ്ചാം ദിവസമായിരുന്നു. അന്ന്. വലതുഭാഗത്തുകൂടെ ഒഴുകുന്ന മീനച്ചിലാറ്. ഇടത്തുഭാഗത്തുകൂടെ സമാന്തരമായി നീണ്ടു പോകുന്ന പാത. മീനച്ചിലാറ് കൈവഴികളില്ലാതെ ബഹുദൂരം ഒഴുകുന്നു. പാതയാണെങ്കിൽ തലങ്ങും വിലങ്ങും പല വഴിക്കായി തിരിയുന്നു.

തിരക്കു കുറഞ്ഞ ദിവസങ്ങളാണത്രെ ബുധനാഴ്ചകൾ. സീനിയർ മാനേജർ ജോയ് പറഞ്ഞു തന്നതാണ്. അൽപ്പം താമസിച്ച് എഴുന്നേറ്റാലും മതി. അതു കൊണ്ട് അന്ന് കുളി ആറ്റിലായിരുന്നു. രാവിലെ തന്നെ ആറ്റിൽ കുളിക്കുന്നത് ഒരു സുഖം തന്നെയാണ്. ഒഴുക്കുള്ള വെള്ളത്തിൽ അഴുക്കുണ്ടാവില്ല. സുചിന്തകളും ഒഴുക്കുള്ള വെള്ളവും ആകുമ്പോൾ ദേഹവും ദേഹിയും ശുദ്ധമാകുന്നു. തീരങ്ങളിലെ പള്ളികളും അമ്പലങ്ങളും ഈ പരിശുദ്ധിയുടെ നന്മയും മേന്മയും വേണ്ടുവോളം അനുഭവിക്കുന്നുണ്ടാവും.

കണ്ണാടിയുടെ മുൻപിൽ ചെന്നു നിൽക്കുമ്പോൾ നഷ്ടബോധം. ഈ ജോലിക്ക് ചേരാൻ വേണ്ടി താടി കളയേണ്ടി വന്നു. ഇന്റർവ്യൂവിനു വന്നപ്പോൾ ചെയർമാൻ പറഞ്ഞു, "ഈ നിരാശാ കാമുകന്റെ താടിയൊക്കെ കളയാമെന്നുണ്ടെങ്കിലേ ജോലി തരൂ." അനുസരിക്കാതെ ഗത്യന്തരമില്ലായിരുന്നു. ജീവിക്കാനും ജീവിപ്പിക്കാനും ഒരു ജോലി; അത്യാവശ്യമായിരുന്നു വരുമാനവും. പാന്റിടണമെന്ന നിർബന്ധത്തിന് തത്ക്കാലം വഴങ്ങിയില്ല. മന്മൽ മുണ്ട് മാറ്റി ഡബിൾ മുണ്ടിലേക്കെത്താനുള്ള മടികാരണം നേർത്ത കരയുള്ള ഡബിൾ മതിയെന്നു വെച്ചു.

പാലായുടെ സ്വന്തം യൂണിഫോം ആയ വെള്ള വേഷവുമിട്ട് ഫ്രണ്ട് ഓഫീസിന്റെ ഓരം ചേർന്നു കിടക്കുന്ന കസേരയിൽ അന്നത്തെ ദീപികയുമായി ചാഞ്ഞിരുന്നു. മേശ തുടക്കുന്ന ബേബിച്ചൻ പണിതുടരുകയാണ്. "ബാബുസ്സാറേ ദേണ്ടെ ആരാണ്ട് കേറി വരുന്നു." കാർ നിർത്തി അവർ ചില്ലു വാതിൽ തള്ളിത്തുറന്ന് അകത്തു കയറി. ദീപിക താഴെ വെച്ച് ഞാൻ റിസപ്ഷൻ മേശക്കരികിലെത്തി. ആഗതർ ഒരു സ്ത്രീയും പുരുഷനും. തരക്കേടില്ലാത്ത വേഷവും മുഖവും. ആരു വന്നാലും ഞങ്ങൾ അവരെ ഒന്നു ചൂഴ്ന്നു നോക്കും. അടിമുടി കണ്ണുകളാൽ എക്സ് റേ. എന്നിട്ടവരുടെ മുഖത്തേക്കും നെറ്റി ചുളിച്ചൊന്നു കണ്ണെറിയും. അവർ ചൂളിയിട്ടുണ്ടെങ്കിൽ മനസ്സിലാക്കാം അതൊരു കേസ്സ് കെട്ടാണെന്ന്. ഞാനിതൊക്കെ പഠിച്ചു വരുന്നേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ബേബിച്ചനെല്ലാം ഞൊടിയിടയിൽ നടത്തും. കേസ്സു കെട്ടാണെങ്കിൽ അവൻ കോണിയുടെ വളവിൽച്ചെന്ന് വിളിച്ചു പറയും "സാറേ, എല്ലാം ഫുള്ളാ". അല്ലെങ്കിൽ റൂം നമ്പർ വിളിച്ചു പറയും. അമിതമായി സ്ത്രീകളെ നോക്കിക്കൂടാ എന്ന അലിഖിത നിയമം പാലിക്കാൻ ഞങ്ങൾ ഹോട്ടൽ ജോലിക്കാർ ബാധ്യസ്ഥരാണ്. പുരുഷനുമായേ സംസാരം പാടുള്ളു എന്നതും പാലിക്കണം.

പുരുഷൻ സംസാരിച്ചു, "കോളേജിൽ ഇന്റർവ്യൂന് വന്നതാണ്. ഒരു മുറി വേണം, ചിലപ്പോൾ നാളെ വൈകീട്ട് പോകും അല്ലെങ്കിൽ മറ്റന്നാൾ രാവിലെ". ഞാൻ മറുപടി പറയുന്നതിന് മുൻപേ ബേബിച്ചൻ വിളിച്ചു പറഞ്ഞു, "സാറേ 512, 515, 403 മുറികൾ ഞാൻ ഇപ്പോ വൃത്തിയാക്കിയേക്കാം". അടുത്തുള്ള സോഫ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പാസ്സഞ്ചറോട് പറഞ്ഞു, "അൽപനേരം ഇരിക്കൂ, വൃത്തിയാക്കൽ ഒന്നു കഴിഞ്ഞോട്ടെ". രണ്ടുപേരും ഇരിക്കുന്നതിനിടയിൽ, കാർ പാർക്കു ചെയ്യണമെന്ന് പറഞ്ഞു. ഹോട്ടലിന്റെ പിറകിലുള്ള പാർക്കിംഗ് സ്ഥലം ബേബിച്ചൻ കാണിച്ചു കൊടുത്തു. പുരുഷൻ താക്കോലുമായി പോയി.

വീണ്ടും ഞാൻ ദീപികയിലേക്ക് കണ്ണോടിച്ചു. എന്തോശബ്ദം കേട്ട് വെളിയിലേക്ക് നോക്കുന്നതിനിടയിൽ എന്റെ കണ്ണുകൾ ആ സ്ത്രീയിൽ പതിഞ്ഞു. നിയമലംഘനം നടത്താൻ പാടില്ല. അതുകൊണ്ട് ആദ്യം അവരെ അത്രയൊന്നും ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോഴിതാ കണ്ണുകൾ അവിടെ കുടുങ്ങി. ഞെട്ടിക്കുന്ന സൗന്ദര്യം. ഉറൂബിന്റെ എല്ലാ സ്ത്രീ കഥാപാത്രങ്ങളും ഒന്നിച്ചുകൂടി എന്റെ മനസ്സിൽ പരേഡ് നടത്തി. ശരിക്കും പറഞ്ഞാൽ ജീവിതത്തിൽ രണ്ടാം വട്ടമാണ് "ഞെട്ടിക്കുന്ന സൗന്ദര്യം" ഞാൻ നേരിൽ കാണുന്നത്. എന്നെ ഓർമ്മകൾ പിടിച്ചു വലിക്കുന്നു, അല്ലെങ്കിൽ ഞാൻ വഴുതി വീണു എന്നും പറയാം. മീനച്ചിലാറിന്റെ തീരങ്ങളിൽ നിന്ന് നേരേ ഭാരതപ്പുഴയുടെ തീരത്തേക്ക്.

"കുട്ടീ ഒന്നു നിക്ക്വോ", മണികിലുങ്ങുന്ന സ്വരം. ഓപ്പോൾക്കൊപ്പം തിരുവില്വാമലക്കു നടക്കുകയായിരുന്നു. അന്ന് ലക്കിടി പാലം പണിതിട്ടില്ല. ഓവു പാലത്തിന്റെ താഴേക്കൂടി അക്കരെ കടക്കാൻ



സുഖമാണ്. മണൽ വിരിഞ്ഞു കിടക്കുന്ന തീരങ്ങൾ അന്ന് ഭാരതപ്പുഴയുടെ സ്വന്തമായിരുന്നു. മണലിൽ പതിയുന്ന കാൽപ്പാദങ്ങൾ ചരിത്രത്തിന്റെ താളുകളിൽ പതിയില്ലെങ്കിലും എത്രയോ പേർ ഇതിലെ കടന്നു പോയിരിക്കുന്നു. മഹാകവി പി-യെ ഒരിക്കൽ കണ്ടതും ഈ പുഴയോരത്തു വെച്ചു തന്നെ ആയിരുന്നു. കാവ്യമൊഴുകുന്ന നിളയെന്ന മാസ്മര പ്രതിഭാസത്തെ മനസ്സാൽ വണങ്ങി നടക്കുമ്പോളായിരുന്നു, മണികിലുങ്ങുന്ന ആ നാദം കാതിൽ പതിച്ചത്. ഓപ്പോൾ തിരിഞ്ഞു നോക്കി; ഞാനും. പിന്നിൽ നിന്നൊരു സ്ത്രീ ഓടിക്കിതച്ചു വരുന്നു. പാലക്കാടൻ മുസ്ലീം വേഷം. ഞെട്ടിക്കുന്ന സൗന്ദര്യം, കാറ്റത്ത് വീണു പോയ തട്ടം നേരെയാക്കിക്കൊണ്ട് ആ സ്ത്രീ അടുത്തേക്ക് വന്നു. എന്റെ അക്കാലമത്രയും ഉള്ള ജീവിതത്തിൽ ശരീരവും ശാരീരവും ഒരു പോലെ ഒരാളിൽ തന്നെ ഒതുങ്ങി നിൽക്കുന്നത് കണ്ടിട്ടില്ല.

“ഞാനെന്നും വിചാരിക്കും അമ്മിണ്യെ കാണണമ്ന്ന്. അങ്ക്ട് കഴീണില്ല്യ. എന്തൂണ്ടാവും എന്തേങ്കിലൊക്കെ പണി. ഇദ്യേനെ അമ്മിണി പോണതും കാണാറില്യ. ഇല്ലത്തേക്കൊന്നും വരാൻ പറ്റില്യാന്നറ്യേം ചെയ്യാല്ലോ.? ഓപ്പോൾ നിന്നു. ഞാനും. ആ സ്ത്രീയുടെ ശബ്ദം പെട്ടെന്നു താണു. കഥകളിയിലെ പതിഞ്ഞ പദം പോലെ. “അദേ, നിക്ക് ഒരുട്ടം അസുഖാ. ചികിത്സേം ഒന്നല്ല്യാട്ടൊ. പറ്റ്ണില്ല്യ. തരാവ്ണൂല്ല്യാച്ചോളൂ?. പാലക്കാടൻ തട്ടത്തിന് വള്ളുവനാടൻ ഗീതം. ആ ശബ്ദവും സൗന്ദര്യവും നിളയുടെ മണൽമെത്തയും. ഈ ഭൂമി തികച്ചും ധന്യ തന്നെ. ഭൂമിയുടെ വിരിമാറിൽ നിളയിലെ തെളിമയുള്ള അൽപ പ്രവാഹത്തിൽ പ്രതിബിംബിക്കുന്ന അനേക കോടി നക്ഷത്രങ്ങൾ. അവക്കു മുന്നിലും ഈ സൗന്ദര്യം ഒരു തരിക്ക് ജയിച്ചു നിൽക്കും. പകലിന്റെ അന്ത്യത്തിലെ വിളറിയ മുൻ നിലാവും, പ്രഭാതത്തിൽ മഞ്ഞളിക്കുന്ന പിൻ നിലാവും തെളിമ നഷ്ടപ്പെട്ടു നിൽക്കുമ്പോളും ഈ സ്രതീ തനിയെ തിളങ്ങും.

ഓപ്പോൾ പറഞ്ഞു, ”ഒക്കെ ഈശ്വര നിശ്ചയാച്ചോളൂ.? അത് കേട്ടപ്പോൾ അവർ എന്നെയാണ് നോക്കിയത്. എനിക്കെന്തെങ്കിലും മനസ്സിലാവുന്നുണ്ടൊന്നാണോ അതോ മറ്റെന്തിങ്കിലുമാണോ എന്നറിഞ്ഞില്ല, ഒപ്പം കുശലാന്വേഷണവും. “പ്രീ ഡിഗ്രിക്കു ചേർന്നൂല്ലേ? നന്നായി. ലീലേടത്തീടെ കുട്ട്യോളാരും മോശാവില്ല്യ. ഉണ്ണിക്ക് ന്നെ ഓർമ്മേണ്ടാവ്വോ.? ഞാൻ പിന്നെയും പിന്നാക്കം പോയി. സ്ഥലം ഈ ഓവു പാലം തന്നെ. ലക്കിടി സ്കൂളിൽ പഠിക്കുന്ന കാലം. ഓപ്പോൾമാർക്കൊപ്പം വാസന സോപ്പും തോർത്തുമുണ്ടുമായി കുളിക്കാൻ വന്നതാണ്. അന്നു കണ്ട കസവുതട്ടക്കാരി. നമ്പൂരിക്കുട്ട്യാണ്. നങ്ങേലിക്കുട്ടി സൈനബയായി. അന്നു കേട്ട അതേശബ്ദം. കാലവും അസുഖവും കൂടി മത്സരിച്ച് ഇരച്ചു കയറാൻ തുടങ്ങിയിട്ടുണ്ട, മുഖത്തും കഴുത്തിലും. കയ്യിൽ കടലാസ്സും പേനയും ഉണ്ടായിരുന്നെങ്കിൽ ഒരു ഛായാ ചിത്രം സാധ്യമായേനെ. “എന്താ ഉണ്ണി ഇങ്ങനെ നോക്കണേ. നല്ലോണം ചുളിപ്പോയി. എന്താ അങ്ങനെ നോക്ക്യേ. ആവോ. സൈനബത്താത്ത ഞാൻ അന്നത്തെ ചെറിയ കുട്ടിയാവുകയായിരുന്നു. പക്ഷെ പറയാൻ കഴിഞ്ഞില്ല. ആരാ വല്ല്യോപ്പ്ലെ ഈ സ്രതീ എന്ന് അന്നു ചോദിച്ചു. നങ്ങേല്യേടത്തിയാണ്. നമ്മുടെ അമ്മയെയൊക്കെ നന്നായി അറിയും എന്നൊക്കെ പറഞ്ഞെങ്കിലും ജീവിതത്തിന്റെ വിവിധ മുഖങ്ങളെ പറ്റി അജ്ഞനായിരുന്നതുകൊണ്ട് ആ കാലം വിസ്മയങ്ങളിൽ പടർന്നു കിടക്കുകയായിരുന്നു. അന്നത്തെ ചോദ്യങ്ങൾ; ഉണ്ണി എവിടത്തുണ്ണ്യാ, ഏതാ അമ്മാത്ത് എന്നു തുടങ്ങിയവ ആ മണികിലുങ്ങുന്ന ശബ്ദത്തിൽ തന്നെ റെക്കോർഡ് ചെയ്തിരുന്നു. നാലാംക്ലാസ്സിൽ പഠിക്കുമ്പോൾ കേട്ട ആ ശബ്ദം. നങ്ങേലിക്കുട്ടി എന്ന സൈനബ പെൺകുട്ട്യോളെ അമ്മിണിയെന്നും ആൺകുട്ട്യോളെ ഉണ്ണി എന്നുമാണ് വിളിക്കാറുണ്ടായിരുന്നത്.

സൈനബ സംസാരം തുടർന്നുകൊണ്ടിരുന്നു. ഇടക്കിടക്ക് ഓപ്പോൾ തലയാട്ടും, ചിലപ്പോൾ പുരികങ്ങളുയർത്തി ചോദ്യമെറിയും. അതു മനസ്സിലാക്കി അവർ മറുപടി പറയും. ഒടുവിൽ പറഞ്ഞു “അമ്മിണി, ഇനി നമ്മൾ കാണുമ്പോൾ ഏതവസ്ഥയിലാവും എന്നറിയില്ല.? ആ അവസ്ഥാന്തരങ്ങളെ മനസ്സിൽ കണ്ടിട്ടാവാം ഒരു ശബ്ദക്രമീണകരണം നടത്തിക്കൊണ്ടു തുടർന്നു. ”ന്നാലും ലീലേടത്ത്യോട് എന്റെ അന്വേഷണം പറയൂ. നേരിൽ വന്നു കാണാൻള്ള ധൈര്യം പണ്ടേ ചോർന്നു പോയിരിക്ക്ണൂ. ലോകം മുഴുവൻ നന്നാവട്ടെ. എന്റെ ജന്മം ആർക്കും ഉണ്ടാവരുതെ?.

സൈനബ നടന്നകന്നു. ഞങ്ങളും. ഞങ്ങൾ സംസാരിച്ചില്ല. പാമ്പാടി കയറ്റത്തിലെ ആയുർവേദ ആശുപത്രിയിലെ വൈദ്യരാണ് ഞങ്ങളുടെ മൗനം ഭേദിച്ചത്. “എങ്ക്ടാണാവൊ, ഓപ്പും അന്ന്യേനും”. സത്യത്തിൽ അപ്പോഴാണ് തിരിച്ചറിഞ്ഞത് ഞങ്ങൾ കുറച്ചു നേരമായിട്ട് നിശബ്ദരായിരുന്നെന്ന്. വില്വാദ്രിനാഥന്റെ പടികൾ



ചവിട്ടുമ്പോൾ മനസ്സിലാകുന്നുണ്ടായിരുന്നു, കയറ്റം എത്ര ദുഷ്കരമാണെന്ന്. ഇവിടെയാണ് പ്രസിദ്ധമായ പുനർജ്ജനി നൂഴൽ എന്ന പ്രവർത്തി. ശാന്തിക്കാരൻ കോലുവിളക്കും പിടിച്ച് മുന്നിൽ, പിന്നാലെ ഭക്തന്മാർ. ഈ ഒരു ജന്മം തന്നെ നൂണ്ട് അപ്പുറം കിടക്കാൻ പാടുപെടുമ്പോൾ മറ്റൊരു പുനർജ്ജനിയെക്കുറിച്ചോർക്കാൻ പോലും വയ്യ.

എന്നും ഒരു കാര്യം മനസ്സിലായിരുന്നു. എണ്ണക്കു മുൻപിൽ കത്തിനിൽക്കുന്ന അഗ്നിപോലെയാണ് സൗന്ദര്യം. ആ തിളക്കം കണ്ടുകൊണ്ട് അധികനേരം നിന്നാൽ ആരാധന ആളിപ്പടരും സൗന്ദര്യത്തിലേക്ക്. അണയാൻ കാത്തിരുന്നാൽ അണിയാൻ ഭസ്മം സുലഭം. ഇതൊരു വേദാന്തമല്ല. ചുഴിഞ്ഞാലോചിച്ചാൽ സമൂഹത്തിൽ വഹ്നി വിനാശകാരിയായെന്നു വരാം. പക്ഷെ അഗ്നിയാൽ ശുദ്ധമാവുകയും ചെയ്യും. വിരോധാഭാസങ്ങളുടെ വൈകൃത ഫലങ്ങൾ! ഏത് രാജനും പ്രജയും വീഴുന്നു അതിനു മുന്നിൽ.

ഓപ്പോൾ പറഞ്ഞ് തന്നിരുന്നു, ചില പച്ചയായ കഥകൾ. രാവിന്റെ മങ്ങിയ വെളിച്ചത്തിൽ അവരെ തേടി വരാറുണ്ടായിരുന്ന ഗന്ധർവന്മാരെ കുറിച്ച്. വാതിലുകളുടെ സാക്ഷകളിട്ട് കണ്ണുകളിറുമ്പി അവർ കഴിച്ചു കൂട്ടിയ കാളരാത്രികൾ. വില്ലൻ ചുമയുമായി തലങ്ങും വിലങ്ങു ഒടിഞ്ഞു മടങ്ങുന്ന അഛൻ നമ്പൂരി. ഓത്തു പഠിക്കാൻ അടുത്തുള്ള മഠത്തിൽ പാർക്കുന്ന ഉണ്ണി നമ്പൂതിരിമാർ. ഉച്ചിയിൽ കുടുമയുമായി സൂര്യൻ ഉച്ചിയിൽ എത്തുമ്പോൾ അവർ ജനലഴികളിലൂടെ എത്തിനോക്കിയിരുന്നു. ഗായത്രിയും ഛന്ദസ്സും തമ്മിൽ വിരലുകളിൽ തെറ്റിക്കളിക്കുമ്പോൾ ശകാരവർഷങ്ങൾ പൊഴിക്കുന്ന ഗുരുക്കന്മാരും ഇടക്കൊക്കെ നോട്ടം തെറ്റിക്കുന്നത് അവരും കണ്ടിട്ടുണ്ട്.

ചന്ദ്രിക ഉദിച്ചു തെളിയാൻ വൈകുമ്പോൾ സർപ്പക്കാവിൽ ഉലഞ്ഞിയാടുന്ന വള്ളികൾക്ക് വിഷം തീണ്ടുന്നു. അവയിലൂടെ ഇഴയുന്നത് സർപ്പങ്ങളാവാം, അല്ലെങ്കിൽ വെറും വികാരങ്ങളാവാം.

ജട-രഥ ദിവസങ്ങളിലും ചക്രവാരക്കാലത്തും കുശാലായി ഉണ്ടുറങ്ങുന്ന വൃദ്ധവേദാന്തികൾക്ക് ആ പ്രദേശം ഒരു ഹരമായിരുന്നു. എല്ലാവരും ആ ഇല്ലത്തൊന്നു പോയി വരും. വില്ലൻ ചുമ തന്റെ അന്തകനെന്നറിഞ്ഞിട്ടും കുട്ടൻ നമ്പൂതിരിക്ക് ജീവിക്കാൻ മോഹമായിരുന്നു. തന്റെ മകളെ ആരുടെയെങ്കിലും കയ്യിൽ ഏൽപ്പിക്കുന്ന ദിവസം വരെ മാത്രം മതി ജീവൻ. ഏതെങ്കിലും വൃദ്ധനമ്പൂതിരിമാരെ പിടിച്ചേൽപ്പിക്കാൻ യുവജനങ്ങൾ സമ്മതിക്കുന്നില്ല. ഈ പരാതി കേൾക്കാൻ വേണ്ടി ആണ് പലരും മഠത്തിൽ നിന്നവിടെ എത്താറുണ്ടായിരുന്നത്.

ഓപ്പോൾ പല സമയത്തായി പറഞ്ഞു നിർത്തിയിരുന്ന കഥകളെ, അല്ല സംഭവങ്ങളെ ഞാൻ കോർത്തിണക്കാൻ ശ്രമിക്കട്ടെ. ഒഴുക്കിൽ ഒതുങ്ങാതെ ഒരുങ്ങാതെ നീണ്ടുപോയ ഒരു കാലവർഷം. ഭാരക്കൂടുതലുള്ള തുള്ളികൾ ഭൂമിയിൽ വിരൽക്കുഴികൾ നിർമ്മിക്കുന്നു. ജലം ഭൂമിയിൽ അലിയുകയും പാടുകൾ അൽപനേരത്തിനുള്ളിൽ അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

നങ്ങേലിക്കുട്ടിയിൽ നിന്ന് സൈനബയിലേക്കുള്ള ദൂരത്തിനേക്കാൾ എത്രയൊ കാതം അകലെയായിരുന്നു, അവരുടെ സ്വപ്നങ്ങൾ. അതിനവർക്കവസരം കിട്ടിയൊ എന്നറിയില്ല. മുല്ലപ്പൂചൂടാൻ അവകാശമില്ലാത്ത നമ്പൂതിരിപ്പെൺകിടാങ്ങൾ നാലിറയങ്ങൾക്കു ചുറ്റും പാറകൾക്കൊപ്പം പാറിനടന്നിരുന്നു. തെക്കിണിയും, വടക്കിണിയും, കിഴക്കിണിയും പടിഞ്ഞാറ്റിയും. അവിടത്തെ ചുവടുകൾ അളന്ന് പ്രഭാതങ്ങളെ സന്ധ്യകളിലേക്ക് എത്തിക്കുക. പിന്നെ സന്ധ്യകളിൽ ഭസ്മക്കൂടുകളിൽ നിന്ന് കണ്ടെടുത്ത ഭസ്മക്കുറിയുമായി രാവുകളിൽ നിന്ന് സുപ്രഭാതങ്ങളിലേക്ക്. ഈ യാത്രകളൊഴിച്ചാൽ ജീവിതം നിശ്ചലം. ജീവിതത്തിന്റെ പൂങ്കാവനങ്ങളിൽ ചിത്രശലഭങ്ങളുടെ വേഷം അവർക്ക് നിഷിദ്ധമായിരുന്നു. ശലഭങ്ങളുടെ നിറപ്പകിട്ട് കണ്ടു ആകർഷിക്കപ്പെടുന്ന കരിവണ്ടുകളിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ത്രാണിയില്ലാതിരുന്നവർക്ക് ഗൃഹാന്തരീക്ഷം മാത്രം ശരണം. കറുകമാല ആയിരുന്നു, അവരുടെ വാർമുടിയിഴകളിൽ ഇരിക്കാൻ യോഗ്യത നേടിയ പ്രകൃതി സമ്പത്ത്; ദേവി വിഗ്രഹത്തിൽ നിന്നെടുത്ത ചാന്തു പൊട്ട് നെറ്റിയിലും.

ഇല്ലവളപ്പിലെ മാവുകൾ പൂക്കാൻ തുടങ്ങിയാൽ കച്ചവടക്കാർ വരവും തുടങ്ങും. വാതിലിന്റെ മറവിൽ നിന്ന് എത്രനാൾ വിലപേശാൻ കഴിയും. പതുക്കെ പുറത്തുകടന്നു. എണ്ണവും പണവും ഒരുപോലെ കണക്ക് പറഞ്ഞു. അമ്മിഞ്ഞപ്പാലിന്റെ സ്വാദ് അയവിറക്കാൻ മാത്രം കാലമാവുന്നതിനു മുൻപേ അമ്മ പൊലിഞ്ഞുപോയി. അവകാശവും അധികാരവും ഉണ്ടായിരുന്നിട്ടും നങ്ങേലിക്കുട്ടിയുടെ അച്ഛൻ രണ്ടാം വിവാഹം കഴിച്ചില്ല. പെരുംതൃക്കയിലെ ശാന്തിയുമായി ജീവിതം മുന്നോട്ടു കൊണ്ടുപോയി. നങ്ങേലി വലുതായപ്പോൾ അത്താഴപൂജ പറ്റില്ലെന്ന് പറഞ്ഞു. എന്നാൽ പിന്നെ “മൊത്തം അങ്ക്ട് വേണ്ടാച്ചോളൂ” എന്നായി ഊരാണ്മ. അവിടെ അടച്ചു നടകൾ. കാവലായ വില്ലൻ ചുമ. അച്ഛനോടുള്ള സ്നേഹവും ബഹുമാനവും നങ്ങേലിയെ അടുക്കളയിലും നാലിറയത്തുമായി കെട്ടിയിട്ടു. എന്നാലും നാളികേരം വെട്ടാനും, മാങ്ങ

വിൽക്കാനും ഇല്ലത്തിന്റെ പുറത്തിറങ്ങേണ്ടി വന്നു.

ഒരു രാത്രിയിൽ നങ്ങേലി തേങ്ങി. കാരണം, തനിക്കു ചുറ്റും ക്ഷയം മാത്രമേ ഉള്ളുവെന്ന് തിരിച്ചറിഞ്ഞു. ആരോഗ്യവും ഓർമ്മയും ക്ഷയിച്ചുകൊണ്ടിരിക്കുന്ന അച്ഛൻ. ക്ഷയിച്ചു കൊണ്ടിരിക്കുന്ന സമ്പത്ത്. ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഇല്ലം. ഇതെല്ലാം തന്റെ തോളിൽ. മറ്റൊരു വിവാഹത്തിനു സമ്മതിക്കാത്തതുകൊണ്ട് ഇല്ലത്തുള്ളവർ വഴക്കടിച്ചു പിരിഞ്ഞു. അമ്മാമന്മാർ അമ്മയുടെ മരണം തന്റെ തലയിൽ കേറ്റിവെച്ച് വഴിമാറി. മറ്റുള്ള ബന്ധുക്കൾ വരുമ്പോൾ അവരുടെ മുഖത്ത് തേട്ടി വരുന്ന ആർത്തി കാണുമ്പോൾ തനിക്കും മേപ്പെട്ടെടുക്കും.

ബാക്കി പറയാൻ വന്നത്, ഒപ്പോൾ പറഞ്ഞത് കുറേ നാൾ കഴിഞ്ഞിട്ടാണ്. തല മുണ്ഡനം ചെയ്ത കുറെ സ്രതീകളെ കൊങ്ങന്മാർ കൊണ്ടു പോയി എന്നു പറഞ്ഞപ്പോൾ അതിൽ ഒന്ന് നങ്ങേലിക്കുട്ടി ആണെന്നറിഞ്ഞു. അവിടം വരെ എങ്ങനെയെത്തി എന്നത് അത്ഭുതകഥയൊന്നുമല്ല. ഭാരം ഇറക്കി വെക്കാൻ അത്താണികൾ ഇല്ല. ചുമരുകളോട് സങ്കടം പറഞ്ഞു. വിതുമ്പലുകൾ ആ ചുമരുകളിൽ തന്നെ തെന്നി വീണു. ഒരിക്കൽ സാക്ഷ തള്ളിത്തുറന്നാരോ (അതോ സാക്ഷ ഇടാതെ വെച്ചിരുന്നതാണോ) കയറി. ബലിഷ്ഠങ്ങളായ ആ കൈകളിൽ അമർന്നു പോയി. തകർന്നു തരിപ്പണമായി. അന്നിറങ്ങി, പിന്നീട് ഇല്ലം കണ്ടിട്ടില്ല. വില്ലൻ ചുമ അന്തരീക്ഷത്തിൽ അലിയുന്നതും കാതോർത്തിരുന്നു, അയളുടെ കാളവണ്ടിയിൽ. പൊള്ളാച്ചിയിൽ ജമന്തിപ്പൂക്കൾക്കും മുല്ലപ്പൂക്കൾക്കുമിടയിലായി പിന്നീടുള്ള ജീവിതം. ചതിക്കപ്പെട്ടു എന്നറിഞ്ഞിട്ടും രക്ഷപ്പെടാൻ തോന്നിയില്ല. എങ്ങോട്ട്? ആ ചോദ്യചിഹ്നത്തിനു നേരേ ഭയവിഹ്വലതയോടെ തിരിഞ്ഞു നിന്നു. കാരണം ചൗളാന്തമുള്ള ക്രിയകളെയും കന്യാദാനവും ചെയ്യപ്പെട്ട് ബ്രഹ്മചര്യ സമാപ്തി വരുത്തിയ വിപ്രന്റെ പതിയാവാൻ ഇനി കഴിയില്ല.

ചെട്ടികളും ഗൗണ്ടർമാരും സർപ്പക്കാവിലെ പടർവള്ളികളായി. ചീറ്റുന്ന മുഖത്ത് ഉണ്ടക്കണ്ണുകൾ തീക്കനലുകൾ പോലെ രാത്രിയിൽ ചുഴന്നു കറങ്ങി. താളംതെറ്റിയ സ്പന്ദനങ്ങളിൽ യൗവ്വനം കലങ്ങിമറിയുന്ന ശബ്ദം രാപ്പാടികളെയും ഭയപ്പെടുത്തി.

പകലുകളിൽ തളർന്നുറങ്ങുമ്പോൾ മറ്റൊരു ഭയാനക മുഖം ഓർമ്മയിൽ. അതൊരു ശാപമാണോ. ചുമയിൽ ജീവിതം തൂങ്ങിക്കിടന്നിരുന്ന അച്ഛനോട് യാത്ര പോലും പറയാതെ ഇല്ലമിറങ്ങി. ആ ചുമ പിന്തുടരുന്നു. ജീവിതം എവിടെയോ തളച്ചിട്ട പോലെ തോന്നിപ്പോയി. സ്വപ്നങ്ങളില്ലായിരുന്നത്രെ. സമയശരം എയ്യാൻ പാകത്തിൽ വാർദ്ധക്യത്തിന്റെ ഞാൺ വലിച്ചു കെട്ടാൻ പാകമായ, ചുമച്ചു ചുമച്ചു വില്ലുപോലെ വളഞ്ഞ് ദ്വിജൻ കാലത്തിനോട് തന്റെ മൂന്നാം ജന്മം യാചിച്ചു നിൽക്കുന്ന രൂപം. അനുഗ്രഹിക്കാനും ശപിക്കാനും ആരുമില്ലാതെ ചെവിലോത്തിന് വേണ്ടി തല ചെരിച്ചു കിടക്കുന്ന അപരാഹ്ന മൂർത്തി. ബ്രാഹ്മണസമുദായത്തിന്റെ അടിത്തറ സദാചാരാധിഷ്ഠിതമായ ജീവിത രീതിയാണ്. നങ്ങേലിയുടെ ജീവിതം ഇനി ആ രീതിയിലേക്ക് തിരിച്ചു വരില്ല.

നിഴലുകൾക്ക് പിന്നിൽ ഒളിക്കാൻ കഴിയാത്ത ഒരു പാലക്കാടൻ ചന്ത ദിവസം അതു സംഭവിച്ചു. അബൂബക്കർ. അവൻ തിരിച്ചറിഞ്ഞു. അടുത്തേക്ക് വന്നപ്പോൾ വഴിമാറാൻ തോന്നിയില്ല. ഒട്ടും കൂസാതെ അവൻ തൊട്ടടുത്തെത്തി. ഒരു മിനുട്ടിനുള്ളിൽ എല്ലാം വായിച്ചറിഞ്ഞതുപോലെ, കൂടെ വരാൻ പറഞ്ഞു. എതിരിടാൻ നിന്നില്ല. രക്ഷിക്കാനായാലും ശിക്ഷിക്കാനായാലും ഇനിയൊന്നും ബാക്കിയില്ലല്ലോ! ജന്മനാട്ടിലേക്ക് മടക്ക യാത്ര. പിന്നെ കരളലിയിക്കുന്ന കഥ കേൾക്കാനൊന്നും നിന്നില്ല. ചോദിക്കാനും പോയില്ല. ഉപ്പാനോട് പറഞ്ഞു വീട്ടിൽ കൊണ്ടുവന്നു. മതം മാറ്റി. സൈനബ. പള്ളിയിൽ പോകാനാരും നിർബന്ധിച്ചിരുന്നില്ലെങ്കിലും അമ്പലനടയിൽ അറിയാതെ കൈകൂപ്പി പോകുമായിരുന്നു. ജനിച്ചു വളർന്ന നാട്ടിൽ എന്നും സർപ്പക്കാവിലെ ഏകനാഗമായി.

"ബാബുസ്സാർ റൂം റെഡി." ബേബിച്ചൻ എന്നെ മീനച്ചിലാറിന്റെ തീരത്തേക്ക് ക്ഷണിച്ചു. കാർ പാർക്ക് ചെയ്യാൻ പോയ പുരുഷൻ തിരിച്ചു വന്നു. അവരെ റിസ്പ്ഷനിലേക്ക് വിളിച്ചു. രെജിസ്റ്ററിൽ പേരെഴുതുമ്പോൾ ഞങ്ങളുടെ സ്ഥിരം നോട്ടം അവർ അറിയാതെ. വേണുഗോപാലൻ, ചന്ദ്രിക. ബന്ധം ഭാര്യാഭർത്താക്കന്മാർ. മനപ്പൊരുത്തവും ജാതകപ്പൊരുത്തവും അറിയില്ലെങ്കിലും നല്ല ശരീരപ്പൊരുത്തമുണ്ടായിരുന്നു. ബേബിച്ചൻ ഓടിയെത്തി, ബാഗുകൾ എടുക്കാൻ.

വർഷങ്ങൾക്കു ശേഷം വീണ്ടും ഞെട്ടിക്കുന്ന സൗന്ദര്യം. സൗന്ദര്യം വിഷമാണെന്നും അത് മനുഷ്യനെ സാഡിസ്റ്റാക്കുമെന്നും പറയപ്പെടുന്നു. അന്ന് അത്രയൊന്നും മനസ്സിലാക്കാൻ ശ്രമിച്ചില്ല.

ബേബിച്ചൻ ആഹ്ലാദഭരിതനായി തിരിച്ചെത്തി. എന്തെങ്കിലും തടഞ്ഞു കാണും.

കാലമെ നീ അൽപം വിശ്രമിക്കൂ, ഞാനൊന്നൊരുങ്ങട്ടെ, ഒഴുകുന്ന പുഴകൾക്കൊപ്പം ഒഴുകാൻ. ഈ മീനച്ചിലാറിനും ഭാരതപുഴക്കും ഇനിയും എത്രയോ കഥകൾ പറയാനുണ്ടാവും.

വീണ്ടും കണ്ണ് ദീപികയിൽ. ഉപകാരസ്മരണകളുടെ പടങ്ങൾ. ഒപ്പം രാജ്യത്ത് ക്രമസമാധാനം നിലനിർത്താൻ വിളംബരം ചെയ്ത അടിയന്തരാവസ്ഥയെ കുറിച്ചുള്ള ലേഖനം. പത്താംക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ചോദ്യോത്തരങ്ങൾ. പരീക്ഷക്കു വരും എന്നു പറഞ്ഞ് അടിവരയിടാം. എന്നാൽ ജീവിതത്തിൽ സംഭവിക്കും എന്ന് ഒടുവിലേ വരക്കാൻ കഴിയൂ. ▲

Babu Ezhumavil - A Foreign Trade Consultant, a columnist and Chief Editor of EXIM VISION and Editor of Ahmedabad Kerala Samajam News Letter settled in Ahmedabad for almost three decades



# An Education: A Passport to the World

*Ariya Pinnagoda-Nair*

Coming back to Singapore for a holiday during the University winter break in Perth, I took the time to meet up with my good friends, formerly from Katong Convent. I was saddened to find just how stressed they were at the thought of having to sit the GCSE 'A' levels at the end of this year, so close on the heels of the GCSE 'O's. It did not help matters when they were reminded that I had in fact moved ahead of them when I arrived in Perth a few years ago and I had already completed my first semester at the University of Western Australia (UWA), where I am currently pursuing a first degree majoring in Pharmacology. I was still glowing from having been among the top 5 percent at the Year 12 school-leaving exams of Western Australia last year and adding insult to injury, I was rejoicing from just having received my semester one results –distinctions in all four modules – and was leaving with my family on a trip to Europe as a reward, shopping with Mum (in Milan and Paris), driving up mountain roads with Dad (in the Swiss Alps), meeting my aunt's family from UK and more family in Switzerland. My friends were happy for me, although I could hear the subtle envy in their joy for me! We spent a good few hours catching up and comparing the difference in education between Australia and Singapore.

Later that evening at dinner, I shared my day with my own family. Appupa and Ammuma were fascinated. Ammuma, a supporter of the Ladies Wing of the Singapore Malayalee Association, suggested that I write about my perceptions and contribute to the annual magazine celebrating Onam, as what I had been saying would perhaps make for an inspiring read.

Years ago a political leader in Singapore propagated the idea that genes carry intelligence through generations. I have consistently done well in my studies throughout my school years because I am disciplined in my thoughts and goals, diligent with study and assignments, and work hard. My parents are educated and intelligent but what they did was to ensure that I was provided with an atmosphere that favoured curiosity, investigation and reading. Moreover, I was supported with praise for anything I tried or questioned, and encouraged to have a positive attitude towards consistent work and a good education. It would be far too simplistic to attribute any success that I have achieved thus far to a bunch of inherited genes left to metamorphose into intelligence, without the ethics instilled by the people around me and the environment provided.

In school, Physics, Chemistry, Mathematics and Biology are taught as subjects but these disciplines of science play a vital role in our daily lives. The one thing that my parents did was to always make that clear to me, just as their parents had made it apparent to them. Experiencing the subjects was almost enjoyable rather than being a rote-learning, memorisation ordeal.

To give an example, in Perth we are allowed to learn to drive a car the day we turn sixteen. Dad (a Scientist by profession) is a serious enthusiast and collector of vintage and classic cars. He was delirious for the opportunity to induct his daughter into the world of engines and gears and immediately volunteered to teach me the 'basics'. Thankfully, he agreed that I also take formal lessons from a qualified instructor to learn what is needed to pass the test. My parents were mindful of possible 'bad' driving habits or 'shortcuts' assimilated over the years, which would not go down well with a tester!

I was horrified when Dad suggested that my first lesson would be in his 1971 Jaguar E-Type Series 3. He went on to say that I should not be intimidated by the fact that it has a 5.3 litre V 12 cylinder engine. He said, "there will be so much torque from the engine that the car will not 'stall' even if you are not in the correct gear". How true! My driving instructor's 1.3 litre straight 4 cylinder car was only too happy to 'stall', even in the middle of the road, and do the 'bunny- hop' if ever I was not in the correct gear for speed. During the lessons, Dad demonstrated to me what forces were acting as he went a bit too fast or a bit too slow around sharp corners. Driving lessons became a practical appreciation of the Physics taught at school, while it simultaneously served to bond our father-daughter relationship.

Mum (a medical doctor) has similarly shown that Chemistry can be found in the kitchen from the way food is marinated, cooked and combined, just as Human Biology is the essence of living. Mathematics was demonstrated in budgeting, housekeeping and saving, among others. Even Religious Education (I was in a Catholic school in Perth too) has a huge place in life. It is not about visiting many temples many times or performing age-old rituals, but training the mind that decency, humility and generosity toward others reap just rewards in life. The list of topics and their applications in daily life is long and endless but important and invaluable. Mum taught me that the ultimate expression of science is the union of mind, body and soul as in yoga and we attend classes regularly bonding our mother-daughter relationship.

The main difference between Australia and Singapore that I perceive is the actual approach to education. There, it is provocative and presented as 'inquire and solve' with minimal assistance and maximal self help. Is it any wonder the most number of inventions and patents come out of Australia? It is not about 'mugging' for the sake of passing an exam. My parents migrated so that my little brother and I could receive an ever widening and broad education in life!

I am glad to hear that the relevant authorities are reviewing the system of education in Singapore. I only hope they look around and learn from what is already proven, just around the corner instead of inventing another new system just to claim it as the best or a first in the world. KISS – 'Keep It Simple Stupid' – has always been the 'buzz phrase' at home!

Formal education has always been important in both maternal and paternal households. Appupa is an inspiration in having pursued his professional degree in his late 40s, after he had established his family and career. He instilled the love for learning and reading in mum, who also entered university at the same time, followed later by her brother and sister.

Dad insists that 'A' Levels and the equivalent University entrance exams are the hardest in life, as teachers who teach, set exam papers, and mark them are from different places and schools. In University, all three are usually done by the same group. He also maintains that a Master's is 'easier' than a Bachelor's and a Doctorate is the 'easiest', since you and only you are the obstacle to how well you finish. He should know; he has one of each and has thrown me the gauntlet. He achieved them by the age of thirty and he had outdone his father by a whole two years. I had already set a similar challenge for myself – positive attitude and determination have not failed me yet!

My parents are from the 'typewriter generation' and 'referencing' meant physically going to a library and withdrawing a book from a shelf. They are awe-struck by modern technology and make available to me both new technology and new devices. Although most teenagers largely socially network using technology, my parents have trusted the way they have lead me and only caution moderation and due diligence for my own safety. They have always been good at their special blend of 'gentle persuasion and methodical dissuasion'. In the end, these modern, portable devices with touch screens provide instant information from vast resources at my finger tips!

I was always exposed to the arts, music and drama particularly by mum, as Ammuma had done for her and her siblings. In fact mum had a role in a Malayalam play in 1985 produced by the SMA in which she played a daughter named Arya. She was so captivated with the simple beauty of the name that she made a mental note that if ever she had a daughter - that would be her name!

I am consistently reminded that a well-rounded education is a passport to the world, just as obtaining a driver's licence is a rite of passage from adolescence to adulthood (from dependence to independence). I sincerely believe this not just because they are my parents and family elders, but because they lead by example. Surrounded by an environment where everything has a sound explanation behind it, studying is a pleasure and a rewarding experience. I have written this not to brag about myself as no one is better than any other. There is a place in life for all of us. I write this with the hope that at least one young person reading this may relate to what I have written.

'Pass-It-On' has been the other 'buzz phrase' at home.

As any eighteen year old teenager, I have my own dreams and personal aspirations. Being a child in the blended Sinhalese and Malayalee cultures, and having family in many countries around the world is very special, and with a strong foundation in education, I will have a unique passport to the world. I will travel - not just the journeys of continents but of adulthood and life - trying to make a difference for the better, as I pass along.

▲



Ariya Pinnagoda-Nair

# സ്നേഹത്തിന്റെ പുണ്യാളത്തി

## ഹരി കൃഷ്ണൻ

നാലോ അഞ്ചോ വർഷം മുൻപാണ്. ഹരിപ്പാടിനടുത്ത് ചിങ്ങോലിയിലെ കുടുംബവീട്ടിൽ പോയി അമ്മയെ കണ്ട് എറണാകുളത്തേക്കു മടങ്ങുകയായിരുന്നു ഞാൻ. വൈറ്റിലയ്ക്ക് അടുത്തുള്ള വീട്ടിലേക്കു പോകാൻ ചേർത്തലയിൽ ഇറങ്ങി. ബൈപാസ് വഴിയുള്ള ബസിൽ കയറി ഇരിക്കവെയാണ് അമ്മച്ചി എന്നു ഞാൻ ഇനി വിളിക്കുന്ന കഥാപാത്രത്തെ പരിചയപ്പെടുന്നത്.

തിടുക്കത്തോടെ ഓടിവന്നു ബസിൽ കയറി എന്റെ അടുത്ത സീറ്റിൽ ഇരിക്കുകയായിരുന്നു അവർ. ഇപ്പോൾ അത്ര സാധാരണമല്ലാത്ത ചട്ടയും മുണ്ടും വേഷം. വെൺചാമരം പോലെ നരച്ച മുടി. ഐശ്വര്യമുള്ള മുഖം. കാഴ്ചയ്ക്ക് എന്റെ അമ്മയോളമോ അതിൽ കൂടുതലോ പ്രായം. അമ്മ ഒരു ബസിൽ ഓടിക്കയറിയിട്ട് 20 കൊല്ലമെങ്കിലും ആയിക്കാണണമല്ലോ എന്ന് ചിന്തിച്ച് അന്തംവിട്ടിരിക്കെ എന്റെ കയ്യിലിരുന്ന വെള്ളക്കുപ്പിയിലേക്ക് ചൂണ്ടി അവർ പറഞ്ഞു " കൊറച്ച് വെള്ളം താ മോനേ ".

രണ്ടോ മൂന്നോ കവിൾ കുടിച്ച് ആശ്വാസം നേടി അമ്മച്ചി പറഞ്ഞു "എന്റെ കർത്താവേ തിരിച്ചു കിട്ടിയല്ലോ, അർത്തുങ്കൽ പുണ്യാളൻ തരീച്ചതാ". ഞാൻ നോക്കുമ്പോൾ അവർ ചിരിച്ചു. കൈവിട്ടുപോയ സ്വർഗം തിരിച്ചുകിട്ടിയ സന്തോഷം ആ മുഖത്തു കാണാമായിരുന്നു. എന്താണു തിരിച്ചുകിട്ടിയതെന്നു ചോദിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. ആരോടെങ്കിലും ഒന്നു പറയണമല്ലോ എന്നു കരുതി അവർ വീർപ്പു മുട്ടി ഇരിക്കുകയായിരുന്നു എന്നു വ്യക്തം. വിശദമായിരുന്നു മറുപടി.

എറണാകുളം ജില്ലയുടെ വടക്കുകിഴക്കുള്ള ഗ്രാമത്തിൽ നിന്ന് അർത്തുമങ്കൽ പള്ളിയിൽ തീർഥാടനത്തിനു പോയതാണ് അമ്മച്ചി. ഒറ്റയ്ക്കായിരുന്നു യാത്ര. പേടിയൊന്നുമില്ല. പണ്ട് കെട്ടിയോനോടൊപ്പമായിരുന്നു പോയിരുന്നത്. അതിയാനെ കർത്താവ് വിളിച്ചിട്ട് 20 കൊല്ലമായി. എന്നിട്ടും പോക്കു മുടക്കിയിട്ടില്ല. ഒരു കുഴപ്പവും ഉണ്ടായിട്ടുമില്ല. പക്ഷേ ഇത്തവണ തിരക്കിൽ പഴ്സ് നഷ്ടപ്പെട്ടു. 500 രൂപയിൽ കുറയാത്ത തുകയോടൊപ്പം മരിച്ചുപോയ ഭർത്താവിന്റെ ഒരു ഫോട്ടോയും മറ്റു ചില കടലാസുമൊക്കെ ഉണ്ടായിരുന്നു. വലിയ സങ്കടമായി. ഏറെനേരം തിരഞ്ഞു നടന്നു. പള്ളിക്കമ്മറ്റി ഓഫീസിൽ അന്വേഷിക്കാൻ ആരോ പറഞ്ഞതനുസരിച്ച് ചെന്നപ്പോൾ പഴ്സ് അവിടുണ്ട്. ആരോ ഏല്പിച്ചു പോയതാണ്. പണം പോയി. കെട്ട്യോന്റെ ഫോട്ടോയും ഉണ്ണീശോയെ എടുത്തുനിൽക്കുന്ന മാതാവിന്റെം പടവും വോട്ടിന്റെ കാർഡും ഉണ്ടായിരുന്നു. നല്ലവരായ കമ്മറ്റിക്കാർ മേൽവിലാസം മാത്രമേ ചോദിച്ചുള്ളൂ. സാധനം കയ്യോടെ തിരിച്ചുകിട്ടി.

വോട്ടു കാർഡ് തിരച്ചുകിട്ടിയിട്ടാണോ അമ്മച്ചിക്കിത്ര സന്തോഷം എന്നു ചോദിച്ചുതീരും മുൻപ് എന്റെട വലതു കൈമുട്ടിൽ കടന്നൽ കുത്തിയപോലൊരു വേദന. മണ്ടത്തരം ചോദിച്ചതിന് അമ്മച്ചിയുടെ വക കിഴുക്ക്! "പിന്നേ! അതൊക്കെ ഇനി ആർക്കു വേണം കൊച്ചെ? അതിയാന്റെ ഫോട്ടോ ഇങ്ങു കിട്ടിയതാ വല്യകാര്യം. ദേ.. ഇതൊന്നേ ഒള്ളു"

അമ്മച്ചി പഴ്സ് തുറന്നു കാണിച്ചു. അപ്പച്ചന്റെ പടം കണ്ടു ഞാൻ ഞെട്ടി. ആ ഫോട്ടോ ഒരു ചെറുപ്പക്കാരന്റേതായിരുന്നു. പഴമയുടെ നിറംമങ്ങലുണ്ട് എങ്കിലും ആൾ സുന്ദരനായിരുന്നു.

ബ്ലാക്ക് ആൻഡെ വൈറ്റ് സിനിമകളിലെ നസീറിന്റെ ഛായ.

"ഇതു പഴയ പടമാണല്ലോ" എന്നു പറഞ്ഞുതീരും മുൻപാ എനിക്കു വീണ്ടും നുള്ളുകിട്ടി. "ഇതല്ലേ കൊച്ചേ പടം. അല്ലാതെ വയസായി പല്ലും പറണ്ടേം പോയ കാലത്തെ പടമാണോ. ഇതിനല്ലേ പവറ്. ഞങ്ങടെ കെട്ടുകഴിഞ്ഞ് എർണാകൊളത്തു വന്നെടുപ്പിച്ച പടമാ. അന്നീ കറപ്പും വെളുപ്പുമല്ലേ ഉള്ളൂ. ഇപ്പഴല്ലേ കളറൊക്കെ. എന്നാലും ഭംഗി പഴേതിനാ" ആ വാക്കുകളോടു യോജിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല.

"അപ്പച്ചൻ നല്ല സുന്ദരനാണല്ലോ? അമ്മച്ചയിയും അതുപോലായിരുന്നോ?" ഞാൻ ചോദിച്ചു.

"ഓ എന്നെ കാണാനൊന്നും കൊള്ളത്തില്ലാരുന്നെന്നേ. നെറോം ഇല്ല; ചടച്ചിട്ട് പല്ലും ശകലം പൊങ്ങി. അങ്ങേർക്ക് ആദ്യം ഇഷ്ടമേ അല്ലാരുന്നു. അപ്പൻ പറഞ്ഞിട്ടാ നെന്നെ കെട്ടിയതെന്ന് പിന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. പക്ഷേ പിന്നെന്നെ ജീവനായിരുന്നു. ആദ്യത്തെ പേറൊക്കെ കഴിഞ്ഞപ്പഴാ എന്റെ ദേഹത്തൊക്കെ

ശകലം എറച്ചിയൊക്കെപിടിച്ചത്. പിന്നെ ഞാനങ്ങു വീങ്ങി" കുലുങ്ങിച്ചിരിയിൽ അവസാനിച്ച ആത്മകഥാ അവതരണത്തോടെ ഞാൻ അമ്മച്ചിയുടെ ആരാധകനായി. ബസ് ഓടിത്തുടങ്ങിയതൊന്നും അറിഞ്ഞതേയില്ല.

കണ്ടക്ടർ രണ്ടു നിര സീറ്റിനു പിന്നിൽ വന്നപ്പോഴാണ് അമ്മച്ചിയുടെ കയ്യിൽ പണം ഉണ്ടാകില്ലല്ലോ എന്നു ഞാൻ ആലോചിച്ചത്. ടിക്കറ്റ് എടുത്തുകൊള്ളാം എന്ന വാഗ്ദാനം അവർ ശക്തമായി നിരാകരിച്ചപ്പോൾ അമ്പരപ്പു തോന്നി. "പേഴ്സിലെ പൈസയല്ലേ പോയിട്ടുള്ളു മോനേ. കൊറച്ചുകാശ് എപ്പോഴും എന്റെ മടിക്കുത്തിലുണ്ടാകും. വല്ല ഏടാകൂടോം വന്നാലും നമക്കു വീടെത്തണ്ടായോ?" ആ പ്രായോഗിക വൈഭവത്തെ നമിച്ചു പോയി.

ടിക്കറ്റെടുപ്പൊക്കെ കഴിഞ്ഞാണ് അമ്മച്ചി എന്റെ, വിവരങ്ങളൊക്കെ ചോദിച്ചത്. പേര്, ജോലി, ജോലിയുടെ സ്വഭാവം ഇവയൊക്കെ വിശദീകരിക്കേണ്ടി വന്നു.

അമ്മയെ കാണാൻ പോയതാണെന്നു പറഞ്ഞപ്പോൾ സന്തോഷമായി. നാട്ടിൻപുറത്തു നിന്ന് അമ്മയെ പട്ടണത്തിൽ കൊണ്ടുവന്ന് കഷ്ടപ്പെടുത്തരുതെന്ന ഉപദേശവും തന്നു.

അമ്മച്ചി ക്വിസ് തുടർന്നു .

"കെട്ടീതാണോ?" അതെ.

"എവെടെയാ ഭാര്യവീട്?" പെരുമ്പാവൂര്

"അപ്പം ഞങ്ങടെ വഴിക്കാണല്ലോ. പിള്ളേരെത്രയുണ്ട്?"

മക്കളില്ല എന്ന മറുപടി അമ്മച്ചിയെ അസ്വസ്ഥയാക്കി. "അങ്ങനെ പറയല്ലേ മോനേ. മക്കളായിട്ടില്ല എന്നേ പറയാവൂ. എനിക്ക് നാലു കൊല്ലം കഴിഞ്ഞാ ഗർഭമുണ്ടായത്. കെട്ടു കഴിഞ്ഞ് ആറുമാസം തൊട്ട് അമ്മായിഅമ്മ വഴക്കായിരുന്നു. എന്നെ കളയാൻ ആ തള്ള അവരടെ മോനോട് നൂറുവട്ടം പറഞ്ഞതാ. അതിയാൻ കേട്ടില്ല. ഒരു കൂട്ടുകാരൻ പറഞ്ഞാ ഞങ്ങള് കടമറ്റം പള്ളീലും അർത്തുങ്കപ്പള്ളീലും പോയി പ്രാർത്ഥിച്ചത്. അങ്ങനാ മൂത്തവൻ ഒണ്ടായത്. പിന്നെ മൂന്നെണ്ണം കൂടി ജനിച്ചു. മൊത്തം മൂന്നാണും ഒരു പെണ്ണും. അന്നുതൊട്ട് ഈ രണ്ടു പള്ളീലും പോകുമായിരുന്നു. ഒരാണ്ടിൽ കടമറ്റം പള്ളീൽ പോയപ്പം സഭക്കാരു തമ്മിൽ മുട്ടൻ വഴക്കും അടീം ബഹളോം. പിന്നെ അങ്ങോട്ടു പോയിട്ടില്ല. അർത്തുങ്കേ പോണത് മൊടക്കിയിട്ടില്ല. എനിക്ക് 80 നടപ്പാ മോനേ. കർത്താവു വിളിക്കുംവരേം ഞാൻ ഇവിടെ വരും."

അമ്മച്ചിയെ ഇങ്ങനെ നിരന്തരം ഗോളടിക്കാൻ വിടുന്നതു ശരിയല്ലല്ലോ എന്നു കരുതി ഞാൻ പറഞ്ഞു "അബ്രഹാമിനെപ്പോലെ തൊണ്ണൂറാം വയസിൽ മക്കളുണ്ടായാൽ ഞാനും ഭാര്യേം കുഴഞ്ഞുപോകുമല്ലോ എന്റമ്മച്ചീ"

ഇത്തവണ കടന്നൽക്കുത്തേറ്റത് എന്റെ കവിളിൽ. ഇടിവെട്ടു ചിരിക്കൊപ്പം അമ്മച്ചി പറഞ്ഞു. " കൊച്ചു ക്രിസ്ത്യാനി അല്ലേലും ഞങ്ങടെ വേദപുസ്തകമൊക്കെ പഠിച്ചു വച്ചേക്കുവാ ഇല്യോ? പത്രത്തിൽ പണിയെടുക്കണേൽ ഇതൊക്കെ അറിയണാരിക്കും." ആ വാക്കുകൾ എന്നെ മാത്രമല്ല മുന്നിലും പിന്നിലും സീറ്റിൽ ഇരുന്നവരെക്കൂടി ചിരിപ്പിച്ചുകളഞ്ഞു

"മോനും ഭാര്യേം നല്ലോണം പ്രാർത്ഥിക്കണം. ദൈവം മക്കളെ തരും. ഞങ്ങടെ വേദപുസ്തകത്തിൽ അബ്രാത്തിനും സാറാക്കും സന്തതിയുണ്ടായത് ഏതുപ്രായത്തിലാ? ദൈവം തരും മോനേ. ദൈവം തരും"

ഏറെ ഉപദേശം തന്ന അമ്മച്ചിയെ ഞാനും ഒന്ന് ഉപദേശിച്ചു. "ഏതായാലും ഇനി തനിച്ച് ഇത്ര ദൂരം വരരുത്. സൂക്ഷിക്കണം. മക്കളോ മരുമക്കളോ കൊച്ചുമക്കളോ ഒക്കെയായിട്ടു വരുന്നത് നല്ല രസമല്ലേ?"

ആ മുഖത്തെ പ്രസന്നതയൊക്കെ ക്ഷണത്തിൽ അപ്രത്യക്ഷമായി. "ഹും കൊച്ചിന് എന്തോന്നറിയാം. മോളെയൊരുത്തിയെ കെട്ടിച്ചയച്ചില്ലിയോ? അവക്ക് കെട്ടിയോന്റെ പരുവം നോക്കണം. പിന്നെ മക്കടെ പെമ്പിളമാർക്ക് എന്ന്നെ കണ്ടുകൂടാ. എന്റു മക്കള് അവളുമാരുടെ വാലേലാ. കുശുകുശുപ്പു കാരണം അവന്മാർക്കും ഇപ്പം എന്നെ കണ്ടുകൂടാ. വിളിക്കാഞ്ഞിട്ടല്ല. ഒരെണ്ണം വരില്ല. കാറേലും ജീപ്പേലുമൊക്കെ പോകാനാ അവർക്കു ഇഷ്ടം. പുണ്യാളന്മാരുടെ അടുത്തു കഷ്ടപ്പെട്ടു വേണം പോവാൻ."

അമ്മച്ചി ഈ പ്രായത്തിൽ ഇങ്ങനെ കഷ്ടപ്പെടണോ എന്നു ഞാൻ. വേണം എന്ന് അവർ.

ഇതുവല്ലോം ഒരു കഷ്ടപ്പാടാണോ? മോനിതൊന്നു കേട്ടേ എന്ന ആമുഖത്തോടെ അമ്മച്ചി ഒരു നീണ്ട കഥ ചുരുക്കിപ്പറഞ്ഞു. 65 കൊല്ലം മുൻപ്പ് പാലാ പ്രദേശത്തെ പ്രതാപമില്ലാത്ത വീട്ടിൽ 21 വയസുള്ള പയ്യന് വധുവായി എത്തിയ പതിനഞ്ചുകാരിയുടെ പകപ്പ്.. മൂന്നു വർഷം കഴിഞ്ഞ് സ്വന്തമായ ജീവിതത്തിന് ദൂരെനാട്ടിൽ (അതോ കാടോ?) കെട്ടിയോൻ ഭൂമിവാങ്ങി പോയത്.. ചെറിയൊരു പെട്ടിയുമായി കരിബസിൽ കയറിവന്നത്.. വൈദ്യ സഹായം ഒന്നും കിട്ടാത്ത ഒരു രാത്രി ആദ്യ കുഞ്ഞു പിറന്നത്..

തെല്ലും പരിചയമില്ലാത്തിടത്ത് കുടിൽ കെട്ടി നന്നായി അധ്വാനിച്ച് ചെറിയമക്കളുമായി കഴിഞ്ഞ കാലത്തുനിന്ന് ഇന്നു പ്രതാപങ്ങളുടെ ചുറ്റുപാടിൽ വേണ്ടപ്പെട്ടവർക്കു താനൊരു ഭാരമോ അസ്വസ്ഥതയോ ആയി മാറിക്കഴിഞ്ഞ സ്ഥിതിവരെ അവർ പറഞ്ഞു. അത്യധ്വാനിയായ ഭർത്താവും വിശ്വസ്തയായ ഭാര്യയും ഇഴകളായ ചരടിൽ അനുഭവങ്ങളാകുന്ന മുത്തുകൾ കോർത്ത മാലപോലെയായിരുന്നു അവർ പറഞ്ഞ ജീവിത കഥ. അതിന്റെ അവസാന അധ്യായങ്ങൾ പക്ഷേ അസ്വാരസ്യങ്ങളും സംഘർഷപവുമൊക്കെ നിറഞ്ഞതായിരുന്നു.

അമ്മച്ചിയുടെ കഥയ്ക്ക രണ്ടു ഭാഗമുണ്ടെന്ന മനസിലായി; അപ്പച്ചന മുൻപും പിൻപും.

ദേശീയ പാതയിൽ പലയിടത്തും അറ്റകുറ്റപ്പണി നടക്കുന്നതിനാൽ യാത്ര വളരെ സാവധാനമായിരുന്നു. മെല്ലെപ്പോക്കിൽ മറ്റുയാത്രക്കാർ വല്ലാത്ത മുഷിയുമ്പോഴും അമ്മച്ചിയുടെ കഥാസാഗര തീരത്ത് ഞാൻ സുഖമായി ഇരുന്നു.

"എനിക്കിപ്പം സ്വന്തം എന്ന പറയാൻ ഈ ഫോട്ടോ മാത്രമേ ഉള്ളൂ. ഇതിന്റെ പഴക്കോം കണ്ണിന്റെ കൊഴപ്പോം കാരണം ചൊവ്വേ നേരേ ഒന്ന കാണാനും പറ്റുന്നില്ല. മനസിലാ ഞാനിപ്പം ഈ പടം കാണുന്നെ. ഇതൊന്ന ശരിക്ക കാണിച്ചുതരണേന്ന മാത്രമാ മോനേ ഞാൻ പ്രാർഥി ച്ചെ"- അവർ പറഞ്ഞു നിർത്തി.

പഴയ പടങ്ങൾ തനിമ നഷ്ടപ്പെടാതെ സ്കാൻ ചെയ്തു വലിയ പ്രിന്റ് അച്ചടിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ അമ്മച്ചിയുടെ കണ്ണുകൾ തിളങ്ങി. കുണ്ടന്നൂർ ജങ്ക്ഷനിലും പാലത്തിലെ ബ്ലോക്കിലുമായി ബസ് കുറേനേരം കാത്തു കിടന്നപ്പോൾ കൊച്ചിയിലെ മികച്ച ഡിജിറ്റൽ സ്കാൻ സെന്ററിന്റെ പേരും ഫോൺ നമ്പരും ഞാനൊരു കടലാസിൽ കുറിച്ച് അവർക്കു കൊടുത്തു. അമ്മച്ചി ആവശ്യപ്പെട്ടതനുസരിച്ച് എന്റെ ഫോൺ നമ്പരും എഴുതി. അവരതു വാങ്ങി ശ്രദ്ധയോടെ പഴ്സിൽ വയ്ക്കുന്നത് കണ്ടപ്പോൾ വളരെ സന്തോഷം തോന്നി.

ബസ് വൈറ്റിലയോട് അടുക്കവെ അവർ എന്റെ വലതു കൈവിരലുകളിൽ ഉമ്മവച്ചു. "മോൻ പറഞ്ഞ വിദ്യയിലൂടെ എനിക്ക് അപ്പച്ചന്റെ വലിയ പടം കിട്ടുമെന്ന് മനസു പറയുന്നു. എന്റെ മോളുടെ മോൻ ജോസിനെക്കൊണ്ട് അതു ശരിയാക്കിക്കണം". പിന്നീടെന്തോ ഓർത്തപോലെ അവർ കുരിശു വരച്ചു. എന്നിട്ടു പറഞ്ഞു "വൈകിയാലും ദൈവം തരും മോനേ. ഞാൻ പ്രാർത്ഥിക്കാം." ആ പറഞ്ഞത് ഇനിയും ജനിക്കാത്ത മക്കളെക്കുറിച്ച് ആണെന്ന് മനസിലായതിനാൽ ഞാനൊന്നും മിണ്ടിയില്ല. "ഞാൻ ഇറങ്ങട്ടെ അമ്മച്ചി" എന്ന മാത്രമായിരുന്നു എന്റെ പ്രതികരണം.

ബസ് നീങ്ങി. എന്നെ നോക്കി ചിരിച്ച് കൈവീശി ആ അമ്മ യാത്രയായപ്പോൾ എനിക്കെന്തോ ചിരി വന്നില്ല. ചെറിയൊരു സങ്കടമാണ് തോന്നിയത്. അതുകൊണ്ടു തന്നെ എന്റെ ചിരിയും കൈവീശലുമെല്ലാം യാന്ത്രികമായിരുന്നു. കഷ്ടം! അവരുടെ പേരുപോലും ചോദിക്കാൻ ഞാൻ മറന്നിരുന്നു. എല്ലാം വിസ്തരിച്ചു പറഞ്ഞ അമ്മച്ചി അതു പറഞ്ഞതുമില്ല.

വീട്ടിലെത്തി ഭര്യയോട് കഥകളൊക്കെ പറഞ്ഞപ്പോൾ അയാൾക്കു ചിരി. ഈ അമ്മച്ചിയാണോ സത്യൻ അന്തിക്കാടിന്റെയ 'മനസിനക്കരെ' എന്നസിനിമയിൽ ഷീല ചെയ്ത കഥാപാത്രം എന്നായിരുന്നു സംശയം. പക്ഷേ എനിക്കു സംശയമൊന്നും ഇല്ലായിരുന്നു. ഷീലയുടെ കൊച്ചുത്രേസ്യാക്കൊച്ചിനെക്കാൾ മിടുമിടുക്കിയായിരുന്നു എന്റെ അമ്മച്ചി.

പിന്നെ ഞാൻ അമ്മച്ചിയെ മറന്നു. ഞങ്ങളുടെ യാത്രയേയും കഥകളേയും കടന്നൽക്കുത്തുകളേയും മറന്നു. രണ്ടു വർഷം മുൻപ് ഒരുനാൾ അപരിചിതമായ ഒരു ഫോൺ കോൾ. ജോസ് എന്ന പരിചയപ്പെടുത്തിയ ആൾക്ക് ഒന്നു കാണണം. വൈകിട്ട് ഓഫിസിൽ വരാമെന്ന പറഞ്ഞ് അയാൾ സംഭാഷണം അവസാനിപ്പിച്ചു.

അന്നു വൈകിട്ട് ജോലിക്കു ചെന്നപ്പോൾ എന്നെ കാത്ത് അവർ ഇരിപ്പുണ്ടായിരുന്നു. മധ്യവയസ്കയായ ഒരമ്മയും മകനും. ആനിമിഷം ഞാൻ അമ്മച്ചിയെ ഓർത്തു. കാരണം ആ സ്ത്രീക്ക് അമ്മച്ചിയുടെ നല്ല ഛായ ഉണ്ടായിരുന്നു.

"അമ്മച്ചിയുടെ..." എന്നു ചോദിച്ചു തുടങ്ങിയപ്പോഴെ അവർ പറഞ്ഞു "മോളാ; ഇതെന്റെ മോൻ ജോസ്"

"ഞാനാണു സർ രാവിലെ വിളിച്ചത്. വെറുതെ ഒന്നു കാണാൻ. വല്ല്യമ്മച്ചി മരിച്ചു; മൂന്നു മാസമായി" ജോസ് പറഞ്ഞു.

ബാക്കി പറഞ്ഞത് അയാളുടെ അമ്മയായിരുന്നു. "ഇന്നലെ അമ്മേടെ വേദപുസ്തകം ആങ്ങളേടെ വീട്ടീന്ന് എടുത്തുകൊണ്ടു വന്നു. സാർ എഴുതിക്കൊടുത്ത കടലാസ് അതിലുണ്ടായിരുന്നു. അങ്ങനാ നമ്പർ കിട്ടിയത്. അമ്മയ്ക്ക് സാറിനെ ജീവനായിരുന്നു. അർത്തുങ്കൽ പുണ്യാളനാ നിങ്ങളെ അടുത്തിരുത്തിയതെന്ന് എപ്പോഴും പറയും. അപ്പന്റെ പഴയപടം ഇവനെക്കൊണ്ട് സാറു പറഞ്ഞ സ്ഥലത്തു കൊടുത്ത് വലുതാക്കി എടുത്ത് അമ്മയുടെ മുറിയിൽ വച്ചു. കിടക്കുമ്പോഴും എണീക്കുമ്പോഴുമൊക്കെ അമ്മ ആ പടം കണ്ടു സന്തോഷിച്ചു. അപ്പനുമമ്മേം അതുപോലെ സ്നേഹിച്ചവരാ. പടം കണ്ടവരോടെല്ലാം മനോരമക്കാരൻ കൊച്ചിന്റെ കാര്യവും അമ്മ പറയും.

അമ്മയുടെ മരണവും പെട്ടെന്നായിരുന്നു. രാവിലെ എണീറ്റ് ചായകുടിച്ചിട്ട് ഒന്നൂടെകിടക്കണം എന്നു പറഞ്ഞ് പോയതാ. കുറേക്കഴിഞ്ഞ് നാത്തൂൻ പോയി നോക്കിയപ്പോ മരിച്ചു കിടക്കുവായിരുന്നു." അതു കേട്ടപ്പോൾ എനിക്ക് വളരെ ആശ്വാസം തോന്നി. ഭാഗ്യവതിയായ അമ്മച്ചി. ഇഷ്ടമില്ലാത്തവരുടെ പരിചരണങ്ങളിൽ നിന്നുകൂടി പുണ്യാളൻ അവരെ രക്ഷിച്ചിരിക്കുന്നു.

ജോസും അമ്മയും അമ്മച്ചിയെക്കുറിച്ചു കുറേ കഥകൾ കൂടി പറഞ്ഞു. കുടുംബ യൂണിറ്റ് യോഗത്തിൽ കാരുണ്യത്തെക്കുറിച്ചു വാതോരാതെ പ്രസംഗിച്ച ഭാരവാഹിയോട് "നീ അമ്മായിയമ്മയ്ക്ക് രണ്ടുനേരം കട്ടഞ്ചായ തെളപ്പിച്ചു കൊടുത്തേച്ചു കൂണാരം അടിക്കെടീ" എന്ന് ഉപദേശിച്ചതും മണവാട്ടിയായ കൊച്ചുമകളുടെ മന്ത്രകോടിയിൽ 'കല്ലും കുപ്പിച്ചില്ലും തകരച്ചീളുമൊക്കെ' തുന്നിവയ്ക്കുന്നതിൽ രോഷം

കൊണ്ടതും വോട്ടു പിടിക്കാനെത്തി അനുഗ്രഹം ചോദിച്ച സ്ഥാനാർത്ഥിയോട് ”അനുഗ്രഹമൊക്കെ മൊത്തമായിട്ട് കൊച്ചിനുതന്നെ തന്നേക്കാം. പക്ഷേ വോട്ട് ആ ജോയിക്കുട്ടിക്കു കൊടുക്കും; പാവം അവനും എന്തേലും കൊടുക്കണ്ടായോ“ എന്ന് അനുഗ്രഹിച്ചതുമെല്ലാം എനിക്കു നന്നേ രസിച്ചു.

യാത്രപറഞ്ഞ് ഇറങ്ങുമ്പോൾ ആ ചേച്ചി പറഞ്ഞ വാക്കുകൾ എന്നെ അമ്പരപ്പിച്ചു. “അമ്മ നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുമായിരുന്നു.” എന്റെ കണ്ണു നിറഞ്ഞുപോയി. വെറും ഒരു മണിക്കൂർ യാത്രയിലൂടെ എനിക്ക് കിട്ടിയത് എത്രയോ വലിയ കാരുണ്യം.

ഞാനപ്പോൾ ഓർമകളിലൂടെ ഒരു ദീർഘ യാത്ര തുടങ്ങുകയായിരുന്നു. നിറഞ്ഞ ചിരിയും രസികൻ കഥകളും ഇടയ്ക്കിടെ കടന്നൽ കുത്തുമൊക്കെയായി സ്നേഹത്തിന്റെയ ഒരു പുണ്യാളത്തി എനിക്കു സഹയാത്രികയായി. ▲





Hari Krishnan


*With Best Compliments*

Lady Fair

Beauty Centre




**Services:**

- Dark Eye Rings & Wrinkles
- Pigmentation / Oxygen treatment
- Saggy Skin
- Acne, Scars
- Hair Treatment

*We are successful in clearing post acne scars in just few months. Book an appointment with our specialist now.*

**Normal Facial**
**Now**
**50% Discount**

(SMA members)

**Call to book for your appointments today**
**Tel: 6336 8454 / 6336 8179**

No.2, Serangoon Road, #04-18/19, The Verge, Singapore 218227

117, Serangoon Road, Singapore 218022
Tel: 62924348

# ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ!

## സുജിത്

നാമജപവും ബാല വിവാഹവും ഒക്കെ നിറഞ്ഞു നിന്ന എന്റെ കുട്ടിക്കാലം മുതൽക്കേ, അമ്പലത്തിൽ പോകാനെനിക്ക് വല്യ ഇഷ്ടമായിരുന്നു. "സൂര്യ ദേവ, ദിനേശ ഭാസ്കര, ദ്വാദശാത്മ നമോസ്തുതേ.." എന്നുള്ള അമ്മൂമ്മയുടെ ഉറക്കെയുള്ള നാമം ചൊല്ലൽ കേട്ടുണർന്ന പ്രഭാതങ്ങൾ. കുട്ടതലും അമ്മൂമ്മയുടെ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു, അന്ന് അമ്പലത്തിൽ പോകാറുണ്ടായിരുന്നത്. വെളുത്ത വാവിനു മാത്രം നട ഉറക്കുന്ന ഞങ്ങടെ പരദേവതാ ക്ഷേത്രത്തിൽ എന്നും വിളക്ക് വെക്കാൻ. പിന്നെ, മുപ്പെട്ട തിങ്കളാഴ്ച്ചകളിൽ എറണാകുളത്തപ്പന്റെ അമ്പലത്തിലേക്കും; മുപ്പെട്ട വെള്ളിയാഴ്ച്ചകളിൽ പരമാര അമ്പലത്തിലേക്കും പറഞ്ഞയക്കാറുണ്ട്. ഏതു പ്രശ്നവും വഴിപാടു കഴിച്ച് മാറ്റാം എന്നും അമ്മൂമ്മ വിശ്വസിച്ചിരുന്നു. ദിവസം മുഴുവൻ സന്തോഷത്തോടെ പ്രാർത്ഥിക്കുമായിരുന്നു. പൊടി വലിക്കാനും ഇടക്ക് മംഗളം വായിക്കനുമുള്ള സമയമൊഴിച്ചാൽ. ഒന്നില്ലെങ്കിൽ എണ്ണം പിടിക്കുകയോ (പഞ്ചാക്ഷരം) അല്ലെങ്കിൽ ഏതെങ്കിലും നാമ പുസ്തകം വായിക്കുകയോ ആയിരിക്കും, അമ്മൂമ്മ. സന്ധ്യ നേരത്തെ അമ്മൂമ്മയുടെ കേശാദിപാദം ചൊല്ലൽ കേട്ടാൽ ഗുരുവായൂരപ്പൻ പടത്തിലിരുന്നു പുഞ്ചിരിക്കാറുണ്ട്. അങ്ങിനെ പതുക്കെ ശനിയാഴ്ച്ചകളിലും ഒഴിവു ദിവസങ്ങളിലും അൻപലത്തിൽ പോകാൻ തുടങ്ങി. പിന്നീട് പരീക്ഷകൾക്ക് മുമ്പും, പിൻപും അങ്ങനെ പതുക്കെ എന്നും. എന്തുണ്ടെങ്കിലും എറണാകുളത്തപ്പനോട് പറഞ്ഞില്ലെങ്കിൽ ഇരിക്കപ്പൊറുതിയുണ്ടാവില്ല എന്നുള്ള സ്ഥിതിയായി. അങ്ങനെ chemistry ക്ക് 91 മാർക്ക് കിട്ടിയപ്പോഴും പിണങ്ങിപ്പോയ സുഹൃത്ത് തിരിച്ചു വന്നപ്പോഴുമെല്ലാം ഓടിച്ചെല്ലുമായിരുന്നു. അതുപോലെ തന്നെ, തീരാ ദു:ഖങ്ങൾ സംഭവിച്ചപ്പോഴും ആദ്യം പിണങ്ങുമെങ്കിലും, പിന്നീട് ആശ്വാസം നൽകിയത് ആ ദർശനം മാത്രം. ജോലി കിട്ടി നാട്ടു വിട്ടു പോയപ്പോൾ, "എന്നെന്നും നിൻ മുൻപിൽ വന്നൊന്നു തൊഴുതീടാൻ എന്നെ നീ അനുഗ്രഹിക്കില്ലേ, ശംഭോ..." എന്ന ദാസേട്ടന്റെ പാട്ടായിരുന്നു, സ്ഥിരം മനസ്സിൽ. പിന്നീട്, "ബാന്ധവ ശിവ ഭക്താ ച സ്വ ദേശോ ഭുവന ത്രയം..." എന്ന്. ഇന്നും മനസ്സാൽ എന്നും രാവിലെ പോയിക്കൊണ്ടേയിരുന്നു.

ആദ്യമൊക്കെ, സിംഗപ്പൂർ അമ്പലങ്ങളിൽ പോകാൻ അങ്ങനെ തോന്നാറില്ല. പിന്നീടാണ് ഒരമ്പലത്തിനടുത്ത് താമസിക്കാനിടയായതും, അവിടെ നിത്യം പോയിത്തുടങ്ങിയതും. അങ്ങനെയാണ് അമ്പലം എവിടെയായാലും പൂജാമുറകൾ ആരുടെയായാലും ശക്തി ഒന്നു തന്നേയെന്ന ബോധോദയം ഉണ്ടായത്. അങ്ങനെ, എന്തിനും, എല്ലാറ്റിനും, അങ്ങോട്ടു തിരിയുന്ന സ്വഭാവം തുടർന്നു. ഇതാണോ ഭക്തി, ഇങ്ങനത്തെയൊരു ഭക്തി പൊറുക്കാനും, മനസ്സിലാക്കാനും കഴിയുമോയെന്ന് കല്യാണക്കാലത്ത് ഞാൻ ഭാര്യയെക്കുറിച്ചാലോ ചിച്ചിരുന്നു. പിന്നീട് വിദ്യ (ഭാര്യ) നടയിൽ നിന്ന് ചിരിക്കുന്നതും, ചിലപ്പോൾ കണ്ണു നിറയുന്നതും കണ്ടപ്പോൾ ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണാ എന്നമട്ടിലൊരാൾ എന്നെ നോക്കുമായിരുന്നു.

ആ വിസ്മയം വെറെയും പല കാര്യങ്ങളിൽ അനുഭവപ്പെടാറുണ്ട്. ഇരുപതു കൊല്ലം കഴിഞ്ഞ് വീണ്ടും പഠിക്കാൻ തീരുമാനിച്ചപ്പോൾ കഴിയുമോ എന്നുള്ള സംശയമായിരുന്നു. കഠിനമായ ജോലിത്തിരക്കിനിടയിൽ, CPA പോലെയുള്ളൊരു പ്രൊഫഷെണൽ കോഴ്സിനോട് നീതി പുലർത്താൻ കഴിയുമോ? പഠിച്ചു തുടങ്ങിയപ്പോഴാണ് പണ്ടത്തെ ആ ആത്മ ബന്ധം വീണ്ടും മടങ്ങി വന്നത്. ഒട്ടും സമയമുണ്ടായിരുന്നില്ല, പഠിക്കാൻ, കാര്യമായിട്ട്. പഠിക്കുന്നതെല്ലാം വരണേ വരാൻ പോകുന്നതെല്ലാം പഠിക്കാൻ തോന്നണേ എന്നായിരുന്നു. 10 കൊല്ലത്തെ സിംഗപ്പൂർ ജീവിതത്തിനിടയിൽ കഴിച്ചു മൂടപ്പെട്ട എന്തൊക്കെയോ ആ സമയത്ത് പുറത്തേക്ക് വന്നു. ഒരുയർത്തെഴുന്നേൽക്കൽ തന്നേയായിരുന്നു. കഴിയാവുന്നതിൽ എറ്റവും വേഗം തന്നെ പരീക്ഷകളെഴുതി, അതിൽ രണ്ടു ഡിസ്റ്റിങ്ങ്ഷനോടെ പാസ്സാകാനും സാധിച്ചു. ഓരോ പരീക്ഷയും, ഓരോ പോലെയായിരുന്നു. ചിലതിൽ, പഠിച്ചതു മാത്രം വന്നു. മറ്റു ചിലതിൽ അറിയാതെ എഴുതിയത് ശരിയ്യായി ഭവിച്ചു - എന്നിങ്ങനെ. ലയൻ സിദ്ധി വിനായകരുടെ വിളയാട്ടമാണോ ഇത് - ചോദിച്ചാൽ പറയും, ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണാ.

പരീക്ഷണങ്ങൾ ജോലിയിലും ഇല്ലാതിരുന്നില്ല. അടുത്ത സുഹൃത്തും കമ്പനിയുടെ മേലുദ്യോഗസ്ഥയുമായിരുന്നവർ കമ്പനിക്കെതിരെ തിരിഞ്ഞപ്പോൾ, കമ്പനിയുടെ നല്ലതിന് പ്രാർത്ഥിക്കാറുള്ളതുകൊണ്ടാവാം എന്നെയൊരു പ്രൊഫഷെണൽ ഡിറ്റക്റ്റീവായി മാറ്റിയത് ഏത്തേണ്ടടത്ത് കാരണമില്ലാതെ പ്രത്യക്ഷപ്പെടാനൊരിക്കൾ സഹായിച്ചു. ഒരു ഞായറാഴ്ച്ച രാവിലെ പെട്ടെന്ന് ഓഫീസ്സിൽ പോകാൻ തോന്നിയത്, അന്നു ചില രഹസ്യങ്ങൾ ചോർത്താൻ വന്നിരുന്ന ഇവരെ കാണിക്കാനായിരുന്നു. അവരോട്ടു ഗൂഢാലോചന ചെയ്തിരുന്ന ഒരു സപ്പ്ളയറുടെ ഈ മെയിൽ അബദ്ധ വശാൽ എന്റെ പേരുൾപ്പെടുത്തി എനിക്ക് വന്നതും. അവരുടെ ഈ മെയിലിന്റെ deleted items ഫോൾഡറിൽ പോയി നോക്കാൻ എന്നെ പ്രേരിപ്പിച്ചതും. എല്ലാം കമ്പനിക്ക് അത്യധികം വേണ്ടപ്പെട്ട ഇൻഫർമേഷൻ കണ്ടു കിട്ടാൻ ഇടയാക്കി. ധർമവും, കർമ്മവും, ബന്ധങ്ങളും സ്പഷ്ടമായി വേർ തിരിച്ച് കാണിച്ചതും ഈ മുഹൂർത്തങ്ങളിൽ ആ ശക്തി തന്നെ. വടഭദ്രകാളിയമ്മയുടെ ശക്തിയാണോ? ചോദിച്ചാൽ പറയും ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണാ!! ▲

# Promotion of Malayalam Language in Singapore

*Jayadev Unnithan PBM, CPA*

Most Malayalee parents are desirous of their children learning Malayalam. At present an Indian Child who enrols for Primary 1 at a Singapore school may opt for any one of the following Mother Tongue in Lieu or MTIL languages- Bengali, Gujarati, Hindi, Punjabi or Urdu, or one of the Mother Tongue Languages, offered by the Ministry of Education .(MOE), like Tamil, Malay or Mandarin. For some of the Indian students the MTIL languages may happen to be their mother tongue language. Since, Malayalam is not on offer, Malayalees are forced to opt for one of the available languages as their second language. Emphasis on oral components in the languages places Malayalee students at a serious disadvantage in the highly competitive education system where every mark counts. The going gets tougher as the child progresses to the higher levels. In the process the learning of Malayalam, in an ad hoc manner, at home or elsewhere will take a back seat and in due course the child would have forgotten what little Malayalam it has learnt. The adage "Lose it if you do not use it' applies in these circumstances. The only solution to address the above issues is for the child to be able to opt for Malayalam as a MTIL in Primary one.

Some of the advantages for those studying their mother tongue, from primary 1, for at least 10 years are as follows:

- ❖ Children will attain a considerable level of proficiency in their writing and oral communication skills.
- ❖ In the course of their study of their mother tongue, the child will learn stories and fables in their language, get involved in plays, craft poems, appreciate literary works and imbibe their community's culture and in the process internalize value systems.
- ❖ The connection with parents, elders and members of one's community is enhanced when one speaks in one's mother tongue.
- ❖ A good understanding of one's identity and value systems will allow the child to integrate well into society.
- ❖ The assurance that one's mother tongue will continue to survive into the future.

The above factors led to the formation of the Malayalam Language Education Society, Singapore (MLES). This is a ground up initiative started by a group of Malayalee parents who wanted their children to be reasonably proficient in Malayalam and have Malayalam as an officially approved MTIL in the Singapore Education system. Malayalam Language Education Society, Singapore (MLES) was registered as a Society in March 2010. The Mission of MLES is to promote the learning and teaching of Malayalam in Singapore. It had become necessary to promote the Malayalam language especially amongst younger Malayalees, in Singapore, as more Malayalee families use English as their medium of communication at home. The challenge is to preserve the language for future generations of Malayalee Singaporeans and with it the transmission of culture, heritage and values. MLES has set several goals in its drive to promote the language in Singapore.

MLES has prioritized the goal of obtaining Mother Tongue in lieu Language (MTIL) status for Malayalam similar to that of Bengali, Gujarati, Hindi, Punjabi and Urdu (South Asian Languages or SAL). We have put up our case to the Ministry of Education. MLES is confident that once Cambridge agrees to the conduct and grading of examinations for Malayalam at the GCE O and A levels, MTIL status for Malayalam is a possibility. Other goals of MLES include the conduct of Conversational Malayalam classes for teenagers and adults as well as conduct of Malayalam classes for civil servants and court interpreters.

MLES, on its part, has been conducting Malayalam classes by adopting the National Curriculum adopted by the SAL. We have around 70 children studying Malayalam at pre-primary to primary 4 levels. In May 2012, our students sat for the mid-year Oral and Written Malayalam examinations conducted jointly with SAL. Our children performed very well in the Oral and Written components. Conversing in their mother tongue at home was one of the reasons for the

children's sterling performance. The children have persevered despite their having to study three languages, that is, mother tongue, a second language and English. Credit goes to the children, parents and teachers.

MLES urges all Malayalees in Singapore to assist in the promotion of the Malayalam Language. Malayalees may do so by enrolling their children at the centres where MLES conducts Malayalam Classes. We also welcome more Malayalees to become stakeholders in this project by taking up membership in the organization. It is our duty to preserve our Mother Tongue for the future generations of Malayalee Singaporeans. Please support this cause.

നമ്മുടെ മാതൃഭാഷയുടെ നിലനില്പിനും, നമ്മുടെ സംസ്കാരം കുട്ടികളിലേക്ക് പകർന്നു കൊടുക്കുന്നതിനും ഭാഷ വഹിക്കുന്ന പ്രാധാന്യം ഞങ്ങൾ ഇവിടെ എടുത്ത് പറയേണ്ടതില്ലല്ലോ. സിംഗപ്പൂരിൽ മലയാള ഭാഷ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവൃത്തിച്ചു വരുന്ന മലയാളം ലാംഗ്വേജ് എഡ്യുക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഇന്ന് ഒരു വഴിത്തിരിവിലാണ്. നിങ്ങളുടെയെല്ലാം സഹായസ്സഹകരണങ്ങൾ ഇതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. കുട്ടികളെ മലയാളം ക്ളാസ്സുകൾക്ക് അയച്ചും, ഈ സൊസൈറ്റിയിൽ അംഗങ്ങളായും, ഇതിനെ പറ്റി മറ്റുള്ളവരോട് പറഞ്ഞും നമുക്കൊത്തൊരുമിച്ച് ശ്രമിക്കാം. എല്ലാവരുടേയും നിർല്ലോഭമായ സഹകരണം ആഗ്രഹിച്ചുകൊണ്ട്.

ഗതകാല സ്മരണകളുമായി ഇതാ ഒരു പൊന്നോണം കൂടി വരവായി. നമ്മുടെ പഴയ ഓണക്കാല മധുര സ്മരണകൾ ഓർമ്മിക്കുന്നതിനും, കുട്ടികൾക്ക് നമ്മുടെ സംസ്കാരം പകർന്നുകൊടുക്കുന്നതിനുമായി നമുക്ക് ഈ ഓണക്കാലം അവസരം ഒരുക്കട്ടെ. ഏവർക്കും സന്തോഷവും, സമൃദ്ധിയും നിറഞ്ഞ തിരുവോണാശംസകൾ! ▲

(Please visit MLES website, www.malayalam.org.sg, for further details)



Jayadev Unnithaan is the Chairman of MLES

# എത്ര സുന്ദരം എന്റെ മലയാളം

## ഹേമ രഞ്ജിത്

(മലയാളം ലാംഗ്വേജ് എജ്യൂക്കേഷൻ സൊസൈറ്റി)

തികഞ്ഞ സംതൃപ്തിയോടും സന്തോഷത്തോടും കൂടിയാണ് ഞാൻ ഈ കുറിപ്പെഴുതുന്നത്. സിംഗപ്പൂരിലെ വിദ്യാഭ്യാസ തലത്തിൽ മലയാളം ഉപഭാഷയായികൊണ്ടുവരാനുള്ള ഉദ്യമങ്ങൾക്കിടയിലാണ് മലയാളം ലാംഗ്വേജ് എജ്യൂക്കേഷൻ സൊസൈറ്റിയുടെ (MLES) ജനനം. സിംഗപ്പൂരിന്റെ വിവിധ ഭാഗത്തെ കേരളീയ പൈതൃകമുള്ള വിദ്യാർത്ഥികൾ ഈ സൊസൈറ്റിയിൽ മലയാളം പഠിച്ചുവരുന്നു. ഞങ്ങളുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടത്തിയ കഥാ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച കഥകൾ ഈ കുറിപ്പിനുശേഷം അനുബന്ധമായി ചേർത്തിരിക്കുന്നു.

നിരഞ്ജൻ ശേഖറിന്റെ 'നല്ല സുഹൃത്ത്' എന്ന കഥയിൽ അച്ഛൻ മകനോടു പറഞ്ഞ കഥ മകൻ പുനഃരാഖ്യാനം ചെയ്യുന്നതാണ് കഥാതന്തു. കഥയ്ക്ക് പരുക്കൊന്നുമേല്ക്കാതെ കഥ പറയാനുള്ള മികവും വിഷാദമധുരമായൊരനുഭൂതി വായനക്കാരിലേക്ക് പകരാനും കഥാകാരന് കഴിഞ്ഞിരിക്കുന്നു. സാന്ദ്രയുടെ 'ഓർമ്മയിലെ ഓണത്തിൽ 'കഥാകാരി തൻറെ നാട്ടിലെ ആദ്യത്തെ ഓണത്തിന്റെ അനുഭവങ്ങൾ രസകരമായ കഥ യാക്കി മാറ്റിയിരിക്കുന്നു. ഇതിലെ കഥാഖ്യാനരീതിയും ഭാവനാവിലാസവും എടുത്തു പറയേണ്ട പ്രത്യേകത കളാണ്.

നനുനനുത്ത പദാവലികളും നാടകീയ മുഹൂർത്തങ്ങളും കഥയിൽ കൊണ്ടുവരാൻ പ്രതിഭകൾക്ക് അനായസേന കഴിഞ്ഞിരിക്കുന്നു. കുന്നിക്കുരുവോളം പോന്ന കുഞ്ഞി വാക്കുകളിലടങ്ങിയ മാതൃഭാഷ അവരുടെ ഹൃദയത്തിന്റെ ഒരംശം തന്നെയാണെന്ന് കുരുന്നു പ്രതിഭകൾ അവരുടെ രചനകളിലൂടെ തെളിയിച്ചിരിക്കുന്നു. ഇതെഴുതാനെടുത്ത രണ്ടു മണിക്കൂർ സമയവും കാണിച്ച സ്ഥിരോത്സാഹവും ഈ കഥകൾ പ്രസിദ്ധപ്പെടുത്തുക മാത്രമല്ല, അവ കൂടുതൽ കൂടുതൽ അനുവാചകരിലെത്തുകയും ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവരുടെ കഥകൾ വായിച്ച് സഹൃദയരായ മലയാളികൾ സന്തോഷം കൊള്ളുമെന്നത് തീർച്ചയാണ്. ഇവരുടെ രചനകൾ വായിക്കുമ്പോൾ എനിക്കും പ്രത്യേക ചാരിതാർത്ഥ്യത്തിന് അവകാശമുണ്ട്.ഇവർ മലയാള ഭാഷയ്ക്ക് അഭിമാനമാണ്. ▲

Editor's note: The stories by Niranjan and Sandra are given on page 81






# Honouring Mr Gopinath Pillai










# SMA Nakshatras





# Malayalee Accomplishments 2011-12



Shri Gopinath Pillai, Adviser, SMA being felicitated by HE Mr S R Nathan, previous President of the Republic of Singapore on the occassion him being awarded the prestigious Padma Shri Award by the Goverment of India for exceptional and distinguished service in the field of Trade and Industry.






Pia Scott-Nair's card design that won her the opportunity to meet Her Majesty Elizabeth II, Queen of England and the Commonwealth. Her account is given in page 84.

Associate Professor Dr Roy Joseph won the prestigious NUHS (NUS Hospital) Leadership Award, Emeritus Consultant 2011.

Associate Professor Roy had his schooling at the St Andrew's School Singapore and then read Medicine at the Christian Medical College, Vellore, India from 1967-1972, aided by a Cultural Scholarship from the Government of India. From 1985 to the present, he has been serving in the Department of Neonatology at The National university Hospital, initially as a Consultant and then as its Chief from 1997-2005. Dr Roy is now very much a role model and mentor to many neonatologists in Singapore. In 2011 he was appointed as an Emeritus Consultant in recognition of his tremendous contribution to the development of neonatology in both NUHS and Singapore.





**Thinagar s/o Nanoo Sivadas**: 1st Prize in Tabla Intermediate Category, Singapore National Arts Council's National Indian Classical Music competetion 2011. Also winner of 2nd Prize, Tabla Intermediate Category in the year 2008. Thinagar started learning the Tabla at the age of 12 at Rhythms Aesthetic Society and since then he has presented more than 50 performances, as an accompanist and solo artist.



**Vignesh Sankar Iyer:** First Prize winner of the Tabla Junior Category in the recent National Indian Music Competition 2011. Student of Sri Jagjit Singh of Rhythms Aesthetic Society. He was invited to perform during the SPH-NAC Golden Point Award 2011. He has won prizes in various classical music / devotional singing competitions and was the finalist in Vocal Junior Category in the recently held National Indian Music Competition 2011.



**Meenakshi Jyothish**: 1st Prize Winner, Singapore National Arts Council's National Indian Classical Music competetion 2011 (Junior Category).

She was one of the final selection contestants for Airtel Super Singer Junior 3 conducted by Vijay TV. She is selected for the Singapore Indian Orchestra and Choir group conducted by Peoples Assosiation. She also got First Prize for the Song about Singapore in Tamizh Mozhi Vizha 2012. Meenakshi was fortunate to sing at Guruvayoor Chemabi Sangeetholtsavam 2011 and to conduct one hour Karnatic concert at Shri Poornathrayeesa Temple, Kerala. Also, Runner Up , Malayalee Talent hunt 2010, 2011 (NBKL), Winner : NBKL Talent hunt classical dance 2010, Winner: NBKL Talent Hunt Painting competetion 2010.




**Inganeyum Oru Katha:** A short Malayalam film created by Shilpa Krishnan Shukla.

Details of the film creation is given on page 41.



# Onam Nite 2011







# Onam Village 2011




SINGAPORE MALAYALEE ASSOCIATION
Celebrating 10 Years of Excellence


SINGAPORE MALAYALEE ASSOCIATION
കളിക്കളം 2011
Badminton kalikkalam
REPUBLIC POLYTECHNIC, WOODLANDS, SINGAPORE
SATURDAY 30TH JULY (8AM - 11AM), SUNDAY 31ST JULY (9AM - 5PM)
MEGA FINALS : SATURDAY 6 AUGUST 12 PM
Exciting Prizes From
prince
Our Sponsers
prince
malayalee
CRICKET LEAGUE
MCL 2012
Season 1

# SMA FOOTBALL TOURNAMENT 2011











# SMA VOLLEYBALL TOURNEY 2012









# SAKUNTHALA'S
RESTAURANT & GOURMET CATERERS

*Hotline :* **6293 6649**

All our restaurants open daily from 11am - 11pm. Table reservations are to be made well in advance to avoid disappointments. All catering or reservation enquiries can be made at our hotline no. 6293 3649. Alternatively, you can email us at enquiries@sakunthala.com.sg



**Dine like a Royal...**

**Feel like a Royal...**

*wide variety of Indian & Chinese dishes*



Main Branch
Sakunthala's Food Palace
66, Race Course Road
Singapore 218570
Fax no: 6293 4357

Branches
151, Dunlop Street
Singapore 209466

88, Syed Alwi Road
Singapore 207667











# An Eve about Celluloid
## Youth Wing Activity





# Know Your Camera
## Youth Wing Activity









# Rasaleela



*Mural painting by Anil Kumar*







# Karunyam

## Welfare / Cultural Team Acitivity


















Hurry!

We have put up the most amazing holiday and Air Ticket deals just for you.

# TOURMASTERS

PTE LTD

THE TRAVEL MANAGEMENT COMPANY WITH A DIFFERENCE

## AN AMAZING EXPERIENCE AWAITS YOU







**Here are few of our Dream Packages created just for you.**

Tread the off beaten track. Enjoy **Vietnam** and **Cambodia** beyond **Hanoi** and **Angkor**.

We have created incredible packages just for you to enjoy incredibly fascinating **India.**

Pampered and get spoilt in the **Balinese Style**.

Soak in the splendour of **Amazing Thailand**.

Explore **Malaysia** like never before with our versatile **Langkawi, Kuala Lumpur** and **Genting** packages.

You may also contact us for hotel reservation, travel insurance and cruise booking.

For more information, Please call:

**+65-6295 7770**

**Tourmasters Pte Ltd**
**Tourmasters Gsa Pte Ltd**

Email: tourmasters@tourmasters.com.sg

• 112 Robinson Rd #13-02 S 068902

**www.tourmasters.com.sg**




# SMA Opening
## After Renovation




















# SWAADHISHT

*Authentic Indian Cuisine*

Happy Onam

Opening Hours from 11am to 11pm

Celebrate Onam with Swaadhisht special ONASADYA (feast of 26 items)

*Experience Traditional Kerala Cuisine Veg & Non-Veg in a fine dining atmosphere at a reasonable price!*

.....the taste of Malabar
...... taste of Kerala....
Now
....the taste of Singapore...

60 Lau Pa Sat, 18 Raffles Quey, Shenton Way
47 Chander Road, Singapore 219546, (Behind Race Course Road)
Tel: 6392 0513, Fax: 6392 0514

**We don't have any branches in Little India**

www.swaadhisht-singapore.com, e-mail: swaadhisht@gmail.com

*Please Note: All our foods do not contain additives such as MSG or colouring.*

---

SINGAPORE MALAYALEE ASSOCIATION

# SINGAPORE MALAYALEE ASSOCIATION

## ONAM VILLAGE 2012



*SINGAPORE'S OWN ONAM SADHYA, ANNUAL SPORTS & GAMES, CULTURAL & GAME SHOW AND A LOT MORE...*



*26 AUGUST 2012*

Global Indian International School
(GIIS), Queenstown Campus,
Singapore149253

For tickets call: Padma Nayar (96429690) Manesh (93850937)

# ഒരു സുഹൃത്ത്

## നിരഞ്ജൻ



ഹരി എന്റെ അച്ഛന്റെ ഒരു പഴയ സുഹൃായിരുന്നു. നല്ല ഓർമ്മകൾ സമ്മാനിച്ച് അകാലത്തിൽ മരിച്ചപോയ ഹരിയുടെ കഥ അച്ഛൻ എനിക്ക് പറഞ്ഞു തന്നു. അത് ഇങ്ങിനെയാണ്.

ഹരി പിറന്നപ്പോൾ എല്ലാരും അവൻ ഒരു ആരോഗ്യമുള്ള കുട്ടിയാണെന്നാണ് കരുതിയത്. പക്ഷേ, മറ്റ് കുഞ്ഞുങ്ങളെ അപേക്ഷിച്ച് അവൻ വളരെ വൈകിയാണ് ഇരിക്കാനും മുട്ടിൽ ഇഴയാനും തുടങ്ങിയത്. ഹരിക്ക് മസ്കുലർ ഡിസ്സ്ട്രോഫിനയാണെന്നാണ് ഡോക്ടർ കണ്ടെത്തിയത്. പക്ഷേ, ഇന്നും ആരും ഈ രോഗത്തിന് ഫലപ്രദമായ ചികിൽസ കണ്ടെത്തിയിട്ടില്ല. അധികം ദുഃഖിച്ച എങ്കിലും, ദരിദ്രരായ അവർ കഷ്ട്ടപ്പെട്ട് കിട്ടാവുന്ന ചികിൽസയെല്ലാം ഹരിക്ക് കൊടുത്തു. അഞ്ചാം വയസ്സിൽ ഹരി സ്കൂളിൽ ചേർന്നു. എന്റെ അച്ഛനും അവനും ഒരേ ക്ലാസ്സിലായിരുന്നു. ഹരിയുടെ നട്ടെല്ല് വളഞ്ഞിരിക്കുന്നതുകൊണ്ട് അവൻ നടക്കാൻ ബുദ്ധിമുട്ടിയിരുന്നു. എങ്കിലും , അവൻ പഠിക്കാൻ മിടുക്കനായിരുന്നു. ഹരിയുടെ നല്ലപെരുമാറ്റം എല്ലാവരെയും ആകർഷിച്ചു. അദ്ധ്യാപകർക്കും സഹപാഠികൾക്കും അവനോട് വളരെ സ്നേഹവും വാൽസല്യവുമായിരുന്നു.
വർഷങ്ങൾ കഴിഞ്ഞപ്പോൾ ഹരിക്ക് നടക്കാൻ ബുദ്ധിമുട്ടുണ്ടായി. അവൻ കുട്ടികൾ ഓടിക്കളിക്കുന്നത് കാണുമ്പോൾ കരയുമായിരുന്നു. ഇതു കാണുമ്പോൾ എന്റെ അച്ഛന് സങ്കടം വരും . അച്ഛൻ ഹരിയോടൊപ്പം പടം വരച്ചും ഹരിക്ക് കഥകൾ പറഞ്ഞു കൊടുത്തും സമയം ചിലവാക്കി.

അഞ്ചാം ക്ലാസ്സിലായപ്പോൾ ഹരിക്ക് തീരെ നടക്കാൻ പറ്റാതായി. ഇതുകൊണ്ട് അവൻ വീട്ടിലിരുന്ന് പഠിക്കാൻ തുടങ്ങി. പഠിക്കാൻ അവന് വലിയ ഉത്സാഹമായിരുന്നു.

ഹരിക്ക് ശ്വാസതടസ്സവും പനിയും അടിക്കടി വരുമായിരുന്നു. അവസാനം, അവന് ഏകദേശം ഒരു മാസം ആശുപത്രിയിൽ കിടക്കേണ്ടി വന്നു. ഹരിയുടെ നില ഗുരുതരമാണെന്ന് അറിഞ്ഞ് എന്റെ അച്ഛൻ അവനെ കാണാൻ ആശുപത്രിയിൽ ചെന്നു. മരിക്കുന്നതിനു മുൻപ് ഹരി അച്ഛനെ ഒരു ചെറിയ പുസ്തകം ഏല്പ്പിച്ചു. പക്ഷെ, ഹരിയുടെ മരണശേഷമാണ് അച്ഛൻ അത് വായിച്ചത്. അതിൽ ഹരി തന്റെ ആഗ്രഹങ്ങൾ കുറിച്ചു വച്ചിട്ടുണ്ടായിരുന്നു: ശേഖർ, എനിക്ക് ഒരു കുട്ടികളെ ചികിൽസിക്കുന്ന ഡോക്ടർ ആകണം. പക്ഷെ, ഞാൻ ഇനി കുറച്ചു ദിവസങ്ങൾ കൂടി മാത്രമേ ജീവിക്കൂ എന്ന് എനിക്കറിയാം. പക്ഷെ, എനിക്ക് വിഷമമില്ല. നീ എന്നെ ഒരു സഹോദരനെപ്പോലെ സ്നേഹിച്ചു. ഞാൻ നിന്നെ ഒരിക്കലും മറക്കില്ല. നീയും എന്നെ എന്നും ഓർക്കണം.

ആ പുസ്തകം ഇന്നും എന്റെ അച്ഛൻ തന്റെ വിലകൂടിയ സ്വത്തായിട്ട് സൂക്ഷിച്ചു വച്ചിട്ടുണ്ട്. ▲

# ഓർമ്മയിലെ ഓണം

## സാന്ദ്ര



കുട്ടികൾക്ക് ആഘോഷങ്ങൾ വളരെ ഇഷ്ടമാണ്. ഓണം തന്നെയാണ്. കേരളീയരുടെ പ്രധാനപ്പെട്ട ഉത്സവം.

കഴിഞ്ഞ വർഷത്തെ ഓണം എനിക്ക് വളരെ സന്തോഷമുള്ളതായിരുന്നു. മധുരമുള്ള ധാരാളം ഓർമ്മകൾ സമ്മാനിച്ചാണ് ഓണം കടന്നു പോയത്. എന്റെ ഓർമ്മയിൽ ഞാൻ ആദ്യമായാണ് നാട്ടിൽ ഒരു ഓണം ആഘോഷിക്കുന്നത്.

ഓണക്കാലത്ത് നാട്ടിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിരുന്നു! തുണിക്കടകൾ, കളിപ്പാട്ടക്കടകൾ, പൂക്കടകൾ, അങ്ങനെ, അങ്ങനെ...

അച്ഛന്റെയും അമ്മയുടെയും വീടുകളിൽ ധാരാളം ബന്ധുക്കൾ വിരുന്നുവന്നു. തിരുവോണദിവസം രാവിലെ, ഞങ്ങൾ കുട്ടികൾ പൂക്കളം ഉണ്ടാക്കി ഞങ്ങൾക്ക് ഒന്നിലധികം ഓണക്കോടികൾ സമ്മാനമായി കിട്ടി. ഞങ്ങൾ സന്തോഷത്തോടെ ഊഞ്ഞാലാട്ടുകയും കളിക്കുകയും ചേയ്തു. ഉച്ചയ്ക്ക് വിഭവസംമ്പ്ദ്ധമായ ഒരു സദ്യ ഉണ്ടായിരുന്നു. ക്ഷീണിച്ചപ്പോൾ എല്ലാവരും അവിടവിടെ ഇരിക്കുകയും കിടക്കുകയും ചെയ്തു. അച്ഛാമ്മ എനിക്ക് ഓണത്തിന്റെ കഥ പറഞ്ഞുതന്നു.

വൈകുന്നേരം അച്ഛാമ്മയെ ഗേറ്റ് അടയ്ക്കാൻ സഹായിച്ചപ്പോൾ അതിൽ പറ്റിപ്പിടിച്ചിരുന്ന ഒരു പ്രാണി എന്റെ കയ്യിൽ കുത്തി. ഞാൻ വേദന കൊണ്ട് പുളഞ്ഞു. ഉറക്കെ കരഞ്ഞു. വീട്ടിൽ ഉണ്ടായിരുന്ന എല്ലാവരും പുറത്തുവന്നു. സന്തോഷമുള്ള ആ ദിവസങ്ങളിൽ എല്ലാവരേയും വിഷമിപ്പിച്ച ഒരു സംഭവമായിരുന്നു അത്. അമ്മ എന്റെ മുറിവിൽ മരുന്നു പുരട്ടിത്തന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ വേദന മാറി.

പിറ്റേ ദിവസം തന്നെ ഞങ്ങൾക്ക് തിരിച്ച് സിംഗപ്പൂരിലേക്ക് പോകണമായിരുന്നു. ഞങ്ങളെ യാത്ര അയയ്ക്കാൻ വന്ന എല്ലാവരുടെയും കണ്ണ് നിറഞ്ഞു. അടുത്ത കൂടിക്കാഴ്ചക്കായി ഞങ്ങൾ കാത്തിരിക്കുന്നു. ഞാനും എന്റെ ഓർമ്മകളും.... ▲

# The Real World

*Neha Nair*

As I approached the building to take my scholarship test, I looked around. I spotted the room where the test was going to be held. It was painted in contemporary white and had beautiful shades of golden brown on the furniture. It looked like a medieval and modern themed space. On each desk laid the stationery and answering sheet. My mind raced back to the time where I had participated in a competition and topped the state. Happy memories...But right now, I seemed to have butterflies in my stomach. What had led me here and what were my obstacles in the process? I pondered as I paced on.

My life from the day I had started attending this school a year ago began from scratch... new classmates, new friends and teachers, not to forget the new school system. How was I going to manage this change? I felt totally helpless and like a speck of dust blown away from the rest of the world. How was I going to settle in? But there was always that array of hope - my self confidence and belief in myself. Self-confidence...yes, I need that and I know for a fact that I am refuelled when I say my prayers.

I had a tumultuous first term when I started off at this school. I was missing my friends, teachers and above all, recognition. With God's grace and the self confidence He has endowed upon me, I trudged through the muddy path to over come all obstacles.... and here I stood, waiting for my scholarship test feeling a wave of anxiety and weakness. "God, help me! Why do I feel this way when I'm supposed to take the test in half an hour's time?" As I closed my eyes, I felt a tender tap on my shoulder. It was my best friends, Annie Wilson and Sophia Fleischer. "Best of luck", whispered Annie. Sophia gave me a compassionate smile and then vanished. That was the last thing I had wanted. Why was I feeling this way? Was it fear or insecurity? I did not know.

I took a deep breath and closed my eyes hoping for no more interruptions. Recalled a quote from the Bhagavad Gita, "Better indeed is knowledge than mechanical practice. Better than knowledge is meditation. But better still is surrender of attachment to results, because there follows immediate peace." A shrill thought just came. Would I have to go through the same process of friends, schooling and systems which is harder? Would I be able to reach my ultimate goal? Yes... there lay the answer. My goal...to specialise in medical science and be able to conduct research to find solutions to ailments and help the society and mankind.

I was beginning to realise what was cooped up in my body. The changes I had gone through were new chapters in my book of life and the journey continues... my self confidence was sprouting out like a blooming flower.

There was no facade over me and I was not fantasising... this is real...I was feeling recharged and a whole new surge of energy filled my body... self confidence. God has shown me a whole new path which would make me a successful person who had achieved her goals and had led herself trust her inner soul and that led me here today where another chapter was about to begin...

I recall a quote from the Bhagavad-Gita "On this path effort never goes to waste and there is no failure. Even a little effort toward spiritual awareness will protect you from the greatest fear." Feeling spiritually and mentally uplifted, I opened my eyes. There were nine other students. Everyone looked tense. I smiled and let out a sigh of relief. The test had not even started but I felt a tinge of success. With a clear mind full of confidence, I took my strides into the room... the real world. ▲

Neha Nair Ramesh (10) is a Singaporean who is now staying in Australia with her parents. She is a student of John Paul College, Grade 5. Her passions include Piano, Violin, Vocal music, Hip Hop, Computer technology, Reading and Writing. She has contributed to Onopaharam earlier too.



# My Friend

*Meghna Jayashankar*

"All of you can't stay in this House!" I've had enough of this!" declared Unni (the house Owner)

All of us were very hurt when we overheard his statement .We were very sure that very soon we would all be out of this house that we grew up in and that we will all be separated to different homes. We were heart broken by the thought that we would not even see our sisters and brothers, leave aside our mother.

However, one thing that cheered me up was that, I will be away from our jealous & greedy neighbor called Jucy.

My mother realized that the four of us, three sisters and me would be too much for any family to maintain, and it was she with all the love and affection convinced us one by one that we would have to separate.

After two months both my sisters went away to two diff families and for the first time I was left alone .I became restless and lonely with absolutely no one to talk and share my feeling with, the fear of being left out started to worry me deeply . A few creepy and mysterious thoughts flashing my mind like: is it because of my looks? my color ? or the dark spots surrounding my nose?.

Days passed by and finally when I was four months old ,the day came when Unni asked me to pack my stuff and get ready to leave and to the surprise of all , I was served chicken biryani with lots of meaty bones which was a rare treat .

Is this my last supper? Am I being taken to the butchers? I stared wondering in the back seat of Unni's Maruti Zen as the gusty winds from the rear window swayed thru my long silky tresses.

After a few hours' drive through the busy Highway, the car stopped, I jumped out of it to find myself in front of a well carpeted lawn with nicely arranged flower pots lining the walkway of a two storey house surrounded by majestic coconut trees.

I was told to sit in a corner , a dozen eyes started to probe me from all directions , I could see the excitement in their eyes , Unni presented me as a rare breed , a pedigree to be precise .

I got up and slowly started to take a few steps to explore the new terrain and its owners, obvious of the fact that I belonged to a noble family, my thoughts and my movements were well calculated and precise like those of a golden swan gliding through the surface of a calm lake, after all it must match the royalty that runs thru my blood.

